

# സത്യദൂതൻ

2016 നവംബർ | ലക്കം 11

വില ₹ 30

## മുത്ത്വലാഖും ഏകീകൃത സിവിൽകോഡും

## ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ


# കാനഡ അഹ്മദിയ്യ സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ

















The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2016 നവംബർ
ഹി.ശ.1396 – നുബുവ്വത്ത്
1437 മുഹറം – സഫർ
പുസ്തകം 88 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

5 എഡിറ്റോറിയൽ

6 യുഗശബ്ദം



7

ഖുത്ബ സംഗ്രഹം

**നമ്മുടെ സമ്മേളനങ്ങൾ ആത്മീയ സംഗമങ്ങളാണ്**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഒക്ടോബർ 7ന് കാനഡയിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

11

**മുസ്‌ലിം ലോകം: അനാവശ്യ വിവാദങ്ങളുടെ അന്ധകാരത്തിൽ**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

14

**ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ**

ഇബ്നു വഫ, കോഴിക്കോട്



21

**വിവാഹ മോചനവും ഇസ്‌ലാമും**

എ. എം. മുഹമ്മദ് സലീം

വിവാഹ മോചനം വേദനാജനകമാണ്. നിരവധി ഉപാധികളുള്ള സമയ ബന്ധിത പ്രക്രിയയാണ് ഇസ്‌ലാമിലെ വിവാഹ മോചനനിയമങ്ങൾ. ആ നിയമങ്ങൾ തന്നെ വിവാഹ മോചനത്തെ സ്വയം ദുർബലപ്പെടുത്തി അനുരഞ്ജനത്തിന്റെ മാർഗത്തിലേക്ക് വരാൻ നിർബന്ധിക്കുന്നവയാണ്. മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യബന്ധത്തിന് ഏറ്റവും കുറഞ്ഞ ആഘാത മേൽപ്പിക്കുന്ന രീതിയിലാണ് ഇസ്‌ലാം വിവാഹ മോചനനിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

28

**തീവ്രവാദം: ഇസ്‌ലാമിക പാഠങ്ങൾ**

അഷ്റഫ് പത്തപ്പിരിയം

33

**വാഗ്ദത്ത മസീഹും സ്വലാത്തും**

സിദ്ധീഖ് അശ്റഫ് അലി മൊഗ്രാൽ

37

കുറിപ്പുകൾ

**മുത്ത്വലാഖും ഏകീകൃത സിവിൽകോഡും**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവർ (ഭാര്യമാർ) നിങ്ങൾക്ക് ഒരു വസ്ത്രമാണ്. നിങ്ങൾ അവർക്കും ഒരു വസ്ത്രമാണ്. നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരത്തോട് അനീതി പുലർത്തുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ നേരെ കനിവ് കാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു. (2:188)



## നബിവചനം

വിവാഹം നമ്മുടെ സമ്പ്രദായമാണ്. ആർ അതിൽ നിന്ന് വിട്ടുനിൽക്കുന്നുവോ അവൻ നമ്മിൽ പ്പെട്ടവനല്ല.' (മുസ്‌ലിം) 'ഏതൊരു മനുഷ്യനും വിവാഹിതനാകുമ്പോൾ അയാൾ മതത്തിന്റെ പകുതി പൂർത്തിയാക്കി. ' (തിർമിതി)

## വാഗ്ദത്ത മസീഹിന്റെ വചനം



ഇഹ്സ്വാൻ (ചാരിത്ര്യം) എന്ന പദം ഹുസ്ൻ എന്ന പദത്തിൽ നിന്ന് നിഷ്പന്നമായതാണ്. 'കോട്ട' ക്കാണ് ഹുസ്ൻ എന്നു പറയുക. വിവാഹം ചെയ്യുന്നതിലൂടെ മനുഷ്യൻ പവിത്രതയുടെ കോട്ടയിൽ പ്രവേശിക്കുകയും ദുർപ്രവർത്തിയിൽ നിന്നും ദുർനോട്ടത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുന്നതിനാലാണ് ഇതിന് ഇഹ്സ്വാൻ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. സന്താനങ്ങൾ ഉണ്ടാകുമ്പോൾ കുടുംബം രൂപപ്പെടുന്നു. ശരീരവും അസന്തുലിതാവസ്ഥയിൽ നിന്ന് രക്ഷപ്പെടുന്നു. ചുരുക്കത്തിൽ വിവാഹം എല്ലാ പ്രകാരത്തിലും കോട്ട എന്ന നിലയിൽ പ്രയോജനപ്പെടുന്നു. (റൂഹാനി ഖസായിൻ)

# വിവാഹം മനുഷ്യനെ പൂർണ്ണനാക്കുന്നു

മറ്റു മതങ്ങളിൽ നിന്നും ഭിന്നമായി വിവാഹ ജീവിതം മനുഷ്യന്റെ മതകീയ ജീവിതത്തെ പൂർണമാക്കുന്നു എന്നാണ് ഇസ്‌ലാം കരുതുന്നത്. അതിനുള്ള സമ്പൂർണമായ മാതൃകകളും നിയമങ്ങളും ഇസ്‌ലാം മുന്നോട്ടു വെക്കുന്നു. മനുഷ്യനെ ദൈവം ഇണയായിട്ടാണ് സൃഷ്ടിച്ചതെന്ന് ഖുർആൻ പറയുന്നു:

***' ഒരേയൊരു ജീവനിൽ നിന്ന് (നഫ്സിൻ വാഹിദ:) നിന്ന് നിങ്ങളെ സൃഷ്ടിച്ചവനത്രെ അവൻ. അതിൽ നിന്നും അവൻ അതിന്റെ ഇണയെ ഉണ്ടാക്കി. അവൻ അവളോടൊപ്പം ആശ്വാസം കൊള്ളുന്നതിന് വേണ്ടി. '*** *(7: 190)*

മതകീയ ജീവിതത്തിന്റെ പൂർണതക്ക് വിവാഹ ജീവിതം അനിവാര്യമാണ്. സന്യാസ ജീവിതവും ബ്രഹ്മചര്യവും അവിവാഹിത ജീവിതവും ആത്മീയ പുരോഗതിക്ക് ഉപാധിയായി ഇസ്‌ലാം കാണുന്നില്ലെന്ന് മാത്രമല്ല അതിന് വിഘാതമാണെന്ന് കൂടി പറയുന്നു. ലോക മതങ്ങളിലെ ആത്മീയാചാര്യന്മാരെല്ലാം വിവാഹിതരും കുടുംബ ജീവിതം പുലർത്തിയവരുമാണ്. അബ്രഹാം, മോസസ്, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീ ബുദ്ധൻ, യേശു, സോരോസ്റ്റർ, സോക്രട്ടീസ് മുതലായവരെല്ലാം വിവാഹിതരായിരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു മുഹമ്മദ് നബി (സ) യോട് ഇപ്രകാരം പറയുന്നു:

***'നിനക്ക് മുമ്പ് നാം ദൂതന്മാരെ അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരെയും സന്തതികളേയും നാം നൽകുകയും ചെയ്തു.'*** *(13:39)*

കുടുംബ ജീവിതം നിരാകരിച്ച് ജീവകാരുണ്യ പ്രവർത്തനത്തോടൊപ്പം സന്യാസ ജീവിത സമ്പ്രദായത്തെ(മൊണാസ്റ്റിസം) ഒരു വലിയ പ്രസ്ഥാനമാക്കി വളർത്തിയെടുത്തത് ക്രിസ്തു മതമാണ്. അവരെ അഭിസംബോധന ചെയ്ത് വിശുദ്ധ ഖുർആൻ പറയുന്നു: ***'മറിയമിന്റെ പുത്രൻ ഈസായേയും തുടർന്ന് നാം അയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസ സമ്പ്രദായത്തെ അവർ നുതനമായി കെട്ടിച്ചമച്ചുണ്ടാക്കി. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത് (സന്യാസം) അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ടവിധം പാലിച്ചുമില്ല.'*** *(57: 28)*

ബ്രഹ്മചര്യം എന്നത് മനുഷ്യന്റെ ജൈവ പ്രകൃതിക്ക് വിരുദ്ധവും പാലിക്കാൻ കഴിയാത്ത ഒരു കൃത്രിമ തീവ്രവാദ നിലപാടുമാണ്. ദൈവം മനുഷ്യന് ലൈംഗിക ശേഷി നൽകിയിരിക്കെ അത് ഉപയോഗിക്കാൻ പാടില്ല എന്ന് ദൈവം തന്നെ കൽപ്പിക്കുന്നു. നാവ് നൽകിയ ദൈവം മനുഷ്യനോട് സംസാരിക്കാൻ പാടില്ല എന്ന് പറയുന്നത് പോലെ യുക്തിക്ക് വിരുദ്ധമാണത്. മറിച്ച് മനുഷ്യന്റെ മറ്റെല്ലാ കഴിവുകളും പ്രവർത്തിപ്പിക്കാൻ ദൈവം കൽപ്പിച്ചത് പോലെ വിവേചന ബോധത്തോടെ ധർമ്മ സംഹിതകൾക്കനുസൃതമായി മനുഷ്യന്റെ ലൈംഗിക കഴിവുകൾ ഉപയോഗിക്കാനാണ് ദൈവകൽപന. മാത്രമല്ല വിവാഹം ആത്മീയ ജീവിതത്തിന് വിഘാതമാണെങ്കിൽ മനുഷ്യ വർഗത്തിന്റെ വംശവർദ്ധനവിന് ദൈവം മുന്നോട്ട് വെക്കുന്ന മതകീയ മാർഗമെന്ത് ?

വിവാഹ ബന്ധങ്ങളിലൂടെ പൊട്ടിവിരിയുന്ന നാനാ വിധത്തിലുള്ള കുടുംബ ബന്ധങ്ങളും ആ മനുഷ്യ ബന്ധങ്ങളിലൂടെ ലഭിക്കുന്ന ധാർമികവും ആത്മീയവുമായ അനുഭവജ്ഞാനങ്ങളും മനുഷ്യന്റെ ആത്മീയ ജീവിതത്തെ പുഷ്ക്കലവും പൂർണവുമാക്കുന്നു. അതുകൊണ്ടാണ് റസൂൽ തിരുമേനി(സ) പറഞ്ഞത്:

***' വിവാഹം നമ്മുടെ സമ്പ്രദായമാണ് ആർ അതിൽ നിന്ന് വിട്ടുനിൽക്കുന്നുവോ അവൻ നമ്മിൽപ്പെട്ടവനല്ല.' (മുസ്‌ലിം) ' ഏതൊരു മനുഷ്യനും വിവാഹിതനാകുമ്പോൾ അയാൾ മതത്തിന്റെ പകുതി പൂർത്തിയാക്കി. ' (തിർമിതി)***



ഹദ്റത്ത് അഹ്മദ് (അ)

# യഥാർഥ ദൈവത്തെ പ്രാപിക്കാൻ

മതം ആശ്ലേഷിക്കുന്നതുകൊണ്ടുള്ള യഥാർഥ ഉദ്ദേശ്യം മോക്ഷത്തിന്റെ ഉറവിടമായ ദൈവത്തെ തന്റെ നേത്രങ്ങൾക്കൊണ്ട് ദർശിക്കുന്ന വിധത്തിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്. കാരണം പാപത്തിന്റെ അശുദ്ധമായ ആത്മാവ് മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപരാധികൾക്ക് ശിക്ഷ നൽകുന്നവനും ഭക്തമാർക്ക് സന്തോഷം നൽകുന്നവനുമായ ഒരു ദൈവമുണ്ടെന്ന് അറിയുകയും ജീവനുള്ളവനും പരിപൂർണനുമായ ആ ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടാവുകയും ചെയ്യുന്നത് വരെ പാപത്തിന്റെ വിനാശകരമായ വിഷത്തിൽ നിന്ന് മനുഷ്യന് ഒരു പ്രകാരത്തിലും രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഹാനികരമായ ഒരു വസ്തുവിനെക്കുറിച്ച് ഒരാൾ വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞാൽ അയാൾ ആ വസ്തുവിന്റെ സമീപത്തേക്ക് പോകുകയില്ല എന്നത് നാം സാധാരണയായി കണ്ടുവരാറുള്ള സംഗതിയാണല്ലോ. ഉദാഹരണമായി ആരും തന്നെ അറിഞ്ഞുകൊണ്ട് വിഷം കഴിക്കുകയോ ക്രുദ്ധനായ വ്യാഘ്രത്തിന് മുമ്പിൽ ചെന്ന് നിൽക്കുകയോ പാമ്പിൻ മാളത്തിൽ കയ്യിടുകയോ ചെയ്യാറില്ല. പിന്നെ എന്തു കൊണ്ട് മനപ്പൂർവം പാപം ചെയ്യുന്നു? ഇതിന്റെ പ്രധാന കാരണം മറ്റു വസ്തുക്കളെ കുറിച്ച് വ്യക്തമായ അറിവുള്ളത് പോലെ ദൃഢമായ വിശ്വാസം അല്ലാഹുവിവിൽ ഇല്ലായെന്നതാണ്. അതിനാൽ അല്ലാഹുവിൽ ദൃഢ വിശ്വാസം കരസ്ഥമാക്കാനും അവനെ ഭയപ്പെടുന്നതിനും, പാപത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയും ദൃഢ വിശ്വാസം കരസ്ഥമാക്കാൻ സാധിക്കുന്ന മതത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യന്റെ പ്രധാനമായ കടമ. എന്നാൽ അപ്രകാരമുള്ള ദൃഢ വിശ്വാസം എങ്ങനെയാണ് കരസ്ഥമാക്കുക? വെറും കഥകളിലൂടെയോ ബുദ്ധിയുടെ യുക്തി ന്യായം കൊണ്ടോ മാത്രം ഇത് ഒരിക്കലും ആർജിച്ചെടുക്കാൻ സാധ്യമല്ല. ഈ ദൃഢവിശ്വാസം കരസ്ഥമാക്കുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്ന കാര്യം മനസ്സിലാക്കുക. അത് മനുഷ്യൻ ദൈവ ഭാഷണം മുഖേന അവന്റെ അനന്യസാധാരണമായ അടയാളങ്ങൾ ദർശിക്കുകയോ നിരന്തരമായ അനുഭവ ജ്ഞാനത്തിലൂടെ അവന്റെ മഹത്വത്തിലും ശക്തി പ്രഭാവത്തിലും ദൃഢമായി വിശ്വസിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ ഈ പദവി ആർജിച്ചവരുടെ കൂടെ സഹവസിക്കുകയോ ചെയ്യുക എന്നതാണ് (നസീമെ ദഅ്വത്ത്).

മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ സത്തയിലും അവന്റെ സർവഗുണത്തിലും ദൃഢമായി വിശ്വസിച്ചു കൊണ്ട് ശാരീരിക വികാരങ്ങളിൽ നിന്ന് മനുഷ്യൻ മോചനം നേടുകയും അല്ലാഹുവു മായി വ്യക്തിപരമായ നിലയിൽ ഒരു സ്നേഹം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. യഥാർഥത്തിൽ ഈ സ്വർഗമാണ് മരണാനന്തരം വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നത്. അതുപോലെ യഥാർഥ ദൈവത്തെക്കുറിച്ച് ബോധവാനാകാതെ അവനിൽ നിന്ന് ദൂരപ്പെടുകയും അവനുമായുള്ള സത്യമായിട്ടുള്ള സ്നേഹം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതാണ് യഥാർഥത്തിലുള്ള നരകം. ഈ നരകം മരണാനന്തരം വിവിധ രൂപങ്ങളിൽ പ്രകടമാകുന്നു. ദൈവത്തിന്റെ സത്തയിൽ ദൃഢമായ വിശ്വാസവും സമ്പൂർണ സ്നേഹവും കരസ്ഥമാക്കുക എന്നതാണ് ഈ മാർഗ്ഗത്തിന്റെ യഥാർഥ ഉദ്ദേശ്യം എന്നാൽ ഇനി മനസ്സിലാക്കേണ്ടത്, ഏത് മതവും ഏത് ഗ്രന്ഥവും മുഖേനയാണ് ഉദ്ദേശ്യം സഫലീകൃത മാവുന്നതെന്നാണ്. ഇതിനായി ബൈബിൾ നൽകുന്ന മറുപടി ദൈവിക ഭാഷണത്തിന്റെ കവാടങ്ങൾ അടഞ്ഞിരിക്കുകയും ദൃഢവിശ്വാസത്തിന്റെ മാർഗങ്ങൾ തടയപ്പെട്ടിരിക്കുകയാണെന്നും സംഭവിച്ചതെല്ലാം മുമ്പേ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു, ഇനി ഭാവിയിൽ ഒന്നും തന്നെ സംഭവിക്കാനില്ല എന്നുമാണ്. ഇങ്ങനെയുള്ള ഗ്രന്ഥത്തിൽ നിന്ന് എന്ത് പ്രയോജനമാണ് നമുക്ക് എടുക്കാൻ സാധിക്കുക? ഇങ്ങനെയുള്ള മരിച്ച ദൈവത്തിൽ നിന്ന് എന്ത് അനുഗ്രഹമാണ് നമുക്ക് ലഭിക്കുക?
(ചശ്മെ മസീഹ്.)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഒക്ടോബർ 7ന് കാനഡയിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

# നമ്മുടെ സമ്മേളനങ്ങൾ ആത്മീയ സംഗമങ്ങളാണ്

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് അല്ലാഹുവിന്റെ കൃപയാൽ കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ വർഷിക സമ്മേളനം ആരംഭിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ കല്പനയാൽ ഖാദിയാനിൽ ജൽസാ തുടങ്ങിക്കൊണ്ട് പറഞ്ഞു: വർഷത്തിൽ മൂന്നുദിവസം ഖാദിയാനിൽ സമ്മേളിക്കുക. ഏതെങ്കിലും മേളയിൽ പങ്കെടുക്കുന്നതിനോ വിനോദങ്ങളിൽ ഏർപെടുന്നതിനോ കളിതമാശകളിൽ ഏർപ്പെടുന്നതിനോ ഭൗതികോദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനോ അല്ല. പ്രത്യുത ദീനീപരമായ അറിവുകളിൽ വർധന ഉണ്ടാകുന്നതിനും വിജ്ഞാനം വിശാലമാകുന്നതിനും മഅ്രിഫത്ത് അഭിവൃദ്ധിപ്പെടുന്നതിനുമാണ് സംഘടിക്കുന്നത്. എന്താണ് മഅ്രിഫത്ത്? ഏതെങ്കിലും വസ്തുവിനെക്കുറിച്ച് അറി



വുണ്ടാകുക, അതിന്റെ ആഴത്തെ അറിയുകയാണ് മഅ്രിഫത്ത്. എങ്ങനെയുള്ള മഅ്രിഫത്തിൽ അഭിവൃദ്ധിപ്പെടുത്തണമെന്നാണ് അവിടന്ന് ആഗ്രഹിച്ചിരുന്നത്? കേവലം ഉപരിപ്ലവമായ നിലയിൽ നമ്മൾ മുസ്ലീംകളാണെന്ന് വെളിപ്പെടുന്നവരാകരുതെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു. അല്ലെങ്കിൽ നമ്മൾ കേവലം കലിമ **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്നു പറയുന്നവരാകരുത്. പ്രത്യുത ഇസ്ലാം സ്വീകരിച്ചതിനു ശേഷം നമ്മുടെ ഈമാനിൽ അഭിവൃദ്ധി ഉണ്ടാകണം. അവിടന്ന് ഇങ്ങനേയും പറഞ്ഞു:'**ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്നു ചൊല്ലുമ്പോൾ അല്ലാഹു എന്താണെന്നും നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും അന്വേഷിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:'ജൽസയുടെ ഉദ്ദേശ്യം റൂഹാനിയ്യത്ത് അഥവാ ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടാകുക എന്നതാണ്. മഅ്രിഫത്ത് കരസ്ഥമായിക്കഴിഞ്ഞാൽ കേവലം വൈജ്ഞാനികമായ രുചി ആസ്വദിക്കുന്നതുവരെ മാത്രം ഈ മഅ്രിഫത്ത് ഇരിക്കാൻ പാടില്ല. മറിച്ച്

അത് ആത്മീയതയിലും കർമ ത്തിലും അഭിവൃദ്ധിക്കുള്ള മാർഗമാ കേണ്ടതാണ്. ആത്മീയതയിൽ അഭി വൃദ്ധിയില്ലെങ്കിൽ ജൽസയിൽ പങ്കെ ടുക്കുന്നത് നിഷ്ഫലമാണ്. പിന്നീട് അവിടന്ന് പറഞ്ഞു:'ജൽസയുടെ ഒരു നേട്ടം-അതിനുവേണ്ടി വരുന്ന ഓരോരുത്തരും ശ്രമിക്കേണ്ടതാ ണ്-പരസ്പരമുള്ള പരിചയം വർധി ക്കുക എന്നതാണ്. വെറും പരിചയ പ്പെട്ടു ലൗകികനെപ്പോലെ താൽക്കാ ലികമായ ബന്ധമായിരിക്കരുത്. പ്രത്യുത ഓരോ അഹ്മദിയും മറ്റു അഹ്മദികളോടുള്ള സ്നേഹത്തി ന്റേയും സാഹോദര്യത്തിന്റേയും ബന്ധത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാ ണ്. ഈ ബന്ധം എത്രമാത്രം ഉറ ച്ചതും ശക്തവുമായിരിക്കണമെ ന്നാൽ ഒരു കാര്യത്തിനും ഈ ബന്ധത്തിൽ വിള്ളലുണ്ടാക്കാൻ കഴിയരുത്. അതിനെ തകർക്കാൻ കഴിയരുത്. പിന്നീട് അവിടന്ന് പറഞ്ഞു:'തഖ്‌വ അഥവാ ഭക്തിയിൽ അഭിവൃദ്ധിപ്പെടുക.' ഇത് ജൽസ യുടെ ഉദ്ദേശ്യങ്ങളിൽ വളരെ പ്രധാ നപ്പെട്ടതാണ്. ഇതുകൂടാതെ ഒരു മുഅ്മിന് യഥാർഥ മുഅ്മിനാകാൻ സാധിക്കുകയില്ല. തഖ്‌വ എന്നുപറ യുന്നത് ഏതൊരു അറിവാണോ കര സ്ഥമാക്കിയത്, ഏതൊരു ആത്മീയ തയുടെ നിലവാരമാണോ കൈവരി ച്ചത് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഏതൊരു സ്നേഹ ബന്ധമാണോ സ്ഥാപിച്ചത് പരസ്പ രമുള്ള ബന്ധത്തിൽ ഏതൊരു മനോഹാരിതയാണോ ഉണ്ടാക്കിയത് അതിൽ നിത്യത ഉണ്ടാക്കുക. അത് പതിവായി ചെയ്യുക. പതിവായി ജീവിതത്തിന്റെ ഭാഗമാക്കുക.

ഇക്കാര്യങ്ങൾക്കുവേണ്ടി യാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ജൽസ സംഘടിപ്പിച്ചത്. 'ഓരോ വർഷവും ഈ ഉദ്ദേശ്യത്തിനായി ആളുകൾ ഖാദിയാനിൽ വരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്വയം പങ്കെടുക്കുകയും നേരിട്ട് ജമാഅ ത്തംഗങ്ങൾക്ക് ഉപദേശം നല്കു കയും ജമാഅത്തംഗങ്ങൾക്ക് ശിക്ഷണം നല്കിക്കൊണ്ടിരിക്കു കയും അവരുടെ ആത്മീയ ദാഹം ശമിപ്പിക്കുകയും ചെയ്തിരുന്ന ആ ജൽസകൾ എത്രമാത്രം അനുഗൃഹീ തമായിരിക്കും.

അഹ്മദികളുടെ വലി യൊരു വിഭാഗം ഇപ്പോൾ ഖാദിയാ നിൽ ജൽസയിൽ പങ്കെടുക്കാൻ പോകുക എന്നത് സംഭാവ്യമല്ല. എവിടെയാണോ ഖലീഫയുടെ സാന്നിദ്ധ്യമുളളത് അവിടെ അഹ്മദികൾ വൻതോതിൽ പങ്കെടു ക്കുക എന്നതും സംഭാവ്യമല്ല. ലോകത്ത് ജമാഅത്ത് വ്യാപിച്ചുകൊ ണ്ടിരിക്കുന്നതിനും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നതിനുമനുസരിച്ച് ജമാഅത്തുളള എല്ലാ രാജ്യങ്ങ ളിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ ഉണ്ടായി രുന്നതുപോലെ, ആ രീതിയിൽ ജൽസ സംഘടിപ്പിക്കേണ്ടത് അനി വാര്യമായിരുന്നു. വർഷത്തിൽ കുറ ഞ്ഞത് ഒരു പ്രാവശ്യം നമ്മുടെ അവസ്ഥകളിൽ പരിവർത്തനമുണ്ടാ ക്കുന്നതിനുവേണ്ടി, ശിക്ഷണപര മായ ഉദ്ദേശ്യത്തിന് സംഘടിക്കാൻ അവിടന്ന് പറഞ്ഞിരുന്നു.

അതിനാൽ നിങ്ങളും ഇന്നി വിടെ സംഘടിച്ചിരിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവ രിച്ച ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കു ന്നതിനാണ്. എല്ലാ വർഷവും നിങ്ങൾ ഈ ഉദ്ദേശ്യത്തിനായി സംഘടിക്കുന്നു. ഈ വർഷം പ്രത്യേകമായ നിലയിൽ നിങ്ങൾ കാനഡയിൽ സംഘടിച്ചിട്ടുളളത് ജമാഅത്ത് ഇവിടെ രൂപീകരിച്ചിട്ട് 50 വർഷം പൂർത്തിയായ തുകൊണ്ടാണ്. എന്തായാലും ഈ വർഷത്തിന് നിങ്ങൾ, ഇവിടെ വസി ക്കുന്ന അഹ്മദികൾ പ്രത്യേക പ്രാധാന്യം നല്കുന്നു. പക്ഷേ, കാനഡയിൽ വസിക്കുന്ന എല്ലാ അഹ്മദികളും, തങ്ങൾ അഹ്മദിയാ യതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാ ക്കുന്നതിന് ശ്രമിക്കുമ്പോഴാണ് ഇതിനു പ്രാധാന്യമുണ്ടാകുന്ന തെന്ന കാര്യം ഓർക്കേണ്ടതാണ്. നമ്മളിൽ നിന്ന് എന്തൊന്നാണോ അവിടന്ന് പ്രതീക്ഷിക്കുന്നത് അതി ലേക്ക് പൂർണമായും നമ്മൾ നിമഗ്നരാവണം. ഇല്ലെങ്കിൽ 50 വർഷമായാലും അതിൽ കൂടുതലായാലും എന്തു വ്യത്യാ സമുണ്ടാകാനാണ്. നമ്മൾ അല്ലാ ഹുവിനോടു യഥാർഥ നന്ദിയുള്ള ദാസരായിക്കൊണ്ട് അവന്റെ കല്പ നകളനുസരിക്കുന്നവരാകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത നേരത്ത് നമ്മൾ ചെയ്ത പ്രതിജ്ഞയിൽ ഒന്നുളളത് ഞാൻ വിശുദ്ധ ഖുർആനിന്റെ നിയമങ്ങൾ പൂർണമായും എന്റേ മേൽ നടപ്പിൽ വരുത്തുമെന്നു ളളതാണ്. ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ഏതൊരു രീതിയിലാണോ മാർഗദർശനം നല്കിയത് അതു സ്വീകരിച്ചുകൊണ്ട് മതപരമായ കല്പനകളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലും കൂടുതൽ ചിന്തിച്ച് നമ്മുടെ ബുദ്ധിയെ തെളിമ യാർന്നതാക്കാനും നമ്മുടെ വിശ്വാ സങ്ങളെ പ്രബലപ്പെടുത്താനും നമുക്ക് സാധിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരിടത്തു പറയുന്നു:'നിങ്ങൾ ഈ ബയ്അത്തിനെ മാത്രം ആശ്ര യിച്ചു നിലക്കരുതെന്ന് ഞാൻ പല പ്രാവശ്യവും എന്റെ ജമാഅത്തി നോടു പറഞ്ഞിട്ടുളളതാണ്. അതിന്റെ യാഥാർഥ്യത്തിലേക്ക് എത്താത്തിടത്തോളം മോക്ഷമില്ല.' പറയുന്നു:'തൊലികൊണ്ട് സംതൃപ്തിയടയുന്നവൻ കാമ്പിൽനിന്ന് പിന്തളളപ്പെടുന്നു.' പിന്നീട് അവിടന്ന് പറഞ്ഞു:'ശിഷ്യൻ സ്വയം കർമം ചെയ്യുന്നവനല്ലെങ്കിൽ ആത്മീയ ഗുരുവിന്റെ മാഹാത്മ്യം അവന് ഒരു പ്രയോജനവും ചെയ്യു കയില്ല.'അവിടന്ന് പറഞ്ഞു: 'വൈദ്യൻ ആർക്കെങ്കിലും മരുന്ന് കൊടുക്കുകയും അയാൾ അതു കൊണ്ടുപോയി മാറ്റി വെക്കുകയും ചെയ്താൽ അയാൾക്കൊരിക്കലും അത് പ്രയോജനപ്പടുകയില്ല. കാരണം പ്രയോജനം അതിൽ എഴു തിയിരിക്കുന്ന കർമത്തിന്റെ ഫലമാ ണ്. പറഞ്ഞു, 'കശ്തിയെ നൂഹ്' ആവർത്തിച്ചാവർത്തിച്ച് വായിക്കു ക. അതനുസരിച്ച് തങ്ങളെ തന്നെ

രൂപപ്പെടുത്തുക.' പിന്നീട് അവിടന്ന് പറയുന്നു:'**ഖദ് അഫ്ലഹ മൻ സക്കാഹാ** തഖ്‌വായെ അഭിവൃദ്ധിപ്പെടുത്തിയവൻ തീർച്ചയായും വിജയിച്ചു. 'ആയിരക്കണക്കിന് കള്ളന്മാരും വ്യഭിചാരികളും ദുർന്നടപ്പുകാരും മദ്യപാനികളും ദുഷ്ടന്മാരും നബി(സ)തിരുമേനിയുടെ ഉമ്മത്തിയാണെന്ന് വാദിക്കുന്നു. എന്നാൽ, അവർ യഥാർഥത്തിൽ അത്തരക്കാരാണോ? ഒരിക്കലുമല്ല. ഉമ്മത്തീ എന്നു പറയുന്നത് നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളനുസരിച്ച് പൂർണമായും നിലകൊള്ളുന്നവരാണ്.'

ഒരു അവസരത്തിൽ ബയ്അത്തിന്റെ നിലവാരത്തെ കുറിച്ച് കൂടുതൽ വിശദമായി പറഞ്ഞു:'ഇപ്രകാരം തന്നെ ആരാണോ ബയ്അത്തിന്റേയും ഈമാനിന്റേയും വാദമുന്നയിക്കുന്നത് അയാൾ താൻ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനല്ലാതെ പുറന്തോടിന് ഒരു വിലയുമില്ലെന്നത് സത്യമായ കാര്യമാണെന്ന് ഓർക്കുക. നല്ല വണ്ണം ഓർത്തുകൊള്ളുക!മരണമെപ്പോഴാണ് വരുന്നതെന്ന് അറിയുകയില്ല. പക്ഷേ, മരണമുണ്ടെന്നത് തീർച്ചയായ കാര്യമാണ്. അതുകൊണ്ട് കേവലം വാദത്തിൽ തൃപ്തിപ്പെടാതിരിക്കുക. സന്തോഷിക്കാതിരിക്കുക. അത് ഒരിക്കലുമൊരിക്കലും ഫലംനല്കുന്ന വസ്തുവല്ല. മനുഷ്യൻ തന്നിൽ ഒരുപാടു മരണങ്ങൾ വരിക്കുകയും, ഒരുപാട് മാറ്റങ്ങൾ വരുത്തുകയും വിപ്ലവങ്ങളിലൂടെ കടന്ന് പുറത്തുവരുകയും ചെയ്യാത്തിടത്തോളം അവൻ മാനുഷികഗുണങ്ങളുടെ യഥാർഥ ഉദ്ദേശ്യം പ്രാപിക്കുകയില്ല. ഈ മരണങ്ങളെന്താണ്? ഇത് ദീനിനെ ദുൻയാവിന്റേമേൽ മുന്തിക്കുക എന്നതാണ്.

'ഇപ്പോൾ ലോകത്തിന്റെ അവസ്ഥ നോക്കുക. നമ്മുടെ നബി (സ)തിരുമേനി തന്റെ കർമംകൊണ്ട് തന്റെ മരണവും ജീവിതവുമെല്ലാം അല്ലാഹുവിനുള്ളതാണെന്ന് കാണിച്ചു. അതുകൊണ്ട് യാഥാർഥ്യത്തെ അന്വേഷിക്കുക. വെറും പേരുകളിൽ തൃപ്തിപ്പെടരുത്. മനുഷ്യൻ മഹാനായ പ്രവാചകന്റെ ഉമ്മത്തി എന്നു പറഞ്ഞിട്ട് അവിശ്വാസികളുടെ ജീവിതം നയിക്കുന്നത് എത്ര മാത്രം ലജ്ജാകരമായ കാര്യമാണ്. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മുഹമ്മദു റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹി വ സല്ലമിന്റെ മാതൃകകാണിക്കുകയും അതേ അവസ്ഥ ഉണ്ടാക്കുകയും ചെയ്യുക.'

ഒരിക്കൽ കുറച്ചാളുകൾ ആ മഹാത്മാവിന്റെ സന്നിധിയിൽ ഹാജരായി. പിന്നീട് ബയ്അത്തും ചെയ്തു. ബയ്അത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരെ കുറച്ച് ഉപദേശിച്ചു. അവിടന്ന് പറഞ്ഞു:'മനുഷ്യൻ ബയ്അത്ത് ചെയ്തിട്ട് ഈ ജമാഅത്ത് സത്യമാണെന്നും ഇത്രമാത്രം വിശ്വാസംകൊണ്ട് തനിക്ക് ബർക്കത്തുണ്ടാകുമെന്നും വിശ്വസിച്ചാൽപോര.' പറഞ്ഞു:'നല്ലവരാകുക. മുത്തഖികളാകുക. ഈ സമയം ദുആകളിൽ കഴിച്ചുകൂട്ടുക.' പിന്നീട് അവിടന്ന് കൂടുതൽ ഉപദേശിച്ചു: 'വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തിനോടൊപ്പം സൽക്കർമവും വെച്ചിട്ടുണ്ട്. ഏതൊന്നിൽ ലവലേശം കുഴപ്പമില്ലയോ അതിനാണ് സൽക്കർമം എന്നു പറയുന്നത്. അക്രമം, അഹങ്കാരം, പ്രദർശനപരത, അഹന്ത, അവകാശ ധ്വംസനത്തിന്റെ ചിന്ത തുടങ്ങിയവയുടെ വിചാരംപോലും ഉണ്ടാകാതിരിക്കുന്നതാണ് അമലെ സ്വാലിഹ അഥവാ സൽക്കർമം. പറഞ്ഞു:'പരലോകത്ത് മനുഷ്യൻ സൽക്കർമം മുഖേന രക്ഷപെടുന്നതുപോലെ ഇഹലോകത്തും രക്ഷപ്പെടുന്നു. മൊത്തം വീട്ടിൽ ഒരാളെങ്കിലും സൽക്കർമം അനുഷ്ഠിക്കുന്നവനായിട്ടുണ്ടെങ്കിൽ വീട്ടിലുള്ളവരെല്ലാം രക്ഷിക്കപ്പെട്ടിരിക്കുന്നു. പറഞ്ഞു:'പാപത്തെ കുറിച്ച് അറിയുന്ന ചിലരുണ്ട്. ചിലർക്ക് പാപത്തിന്റെ വിവരംപോലും അറിയില്ല. അത്രമാത്രം അവർ ആ ശീലത്തിന് വിധേയരായിത്തീരുന്നു. അതുകൊണ്ടാണ് അല്ലാഹു എന്നെന്നേക്കുമായി ഇസ്തിഗ്ഫാർ ചെയ്യുന്നത് അനിവാര്യമാക്കിയിരിക്കുന്നത്. അമീറുൽമുഅ്മിനീൻ പറഞ്ഞു:

ഒരു അവസരത്തിൽ ഒരു മജ്‌ലിസിൽ ഹദ്റത്ത് അബ്ദുൽകരീം സാഹിബ്(റ) പറഞ്ഞു: "ഹുസൂർ! പരസ്പരമുള്ള ഇണക്കത്തെ കുറിച്ചും ഐക്യത്തെ കുറിച്ചും കുറച്ചു പറഞ്ഞുതന്നാലും."അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)കുറച്ച് ഉപദേശങ്ങൾ നല്കി. അവയിലെ കുറച്ചുഭാഗം ഞാനിവിടെ വിവരിക്കുകയാണ്. പറഞ്ഞു:'ഞാൻ രണ്ടുകാര്യങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. ഒന്നാമത്തേത് അല്ലാഹുവിന്റെ തൗഹീദ് സ്വീകരിക്കുക. രണ്ടാമത്തേത് പരസ്പരം സ്നേഹവും സഹതാപവും പ്രകടിപ്പിക്കുക. മറ്റുള്ളവർക്ക് കറാമത്ത്(അമാനുഷികം)എന്ന് തോന്നും വിധം മാതൃക കാണിക്കുക. ഈ തെളിവാണ് സ്വഹാബാക്കളിൽ ഉണ്ടായിരുന്നത്. **കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും** ഓർമിക്കുക! ഇണക്കം എന്നത് അത്ഭുതപ്രവൃത്തിയാണ്. ഓർക്കുക! നിങ്ങളിലോരോരുത്തരും സ്വന്തം ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാത്തിടത്തോളം എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.' പറഞ്ഞു:'ആന്തരികവിരോധം അകലുക എന്നത് മഹ്ദിയുടെ അടയാളമാണ്. ആ അടയാളം പൂർത്തിയാകുകയില്ലേ. തീർച്ചയായും പൂർത്തിയാകും. എന്നിൽനിന്ന് ഇൻശാഅല്ലാഹ് ഒരു സാത്വികമായ ജമാഅത്ത് ഉണ്ടാകുന്നതാണ്. പരസ്പരമുള്ള ശത്രുതയ്ക്ക് കാരണമെന്താണ്? പിശുക്കാണ്. അഹങ്കാരമാണ്. സ്വാർഥതയാണ്.' പറയുന്നു:'സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവനും പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കഴിയാത്തവനും അല്പ ദിവസത്തെ അതിഥിയാണെന്ന് ഓർത്തുകൊള്ളട്ടെ. നല്ല മാതൃക കാണിക്കാത്തിടത്തോളം ആരുടെയെങ്കിലും കാരണത്താൽ

എനിക്കെതിരെ ആക്ഷേപം വാങ്ങാൻ ഞാനാഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിൽ ആയിക്കൊണ്ട് എന്റെ ഇംഗിതമനുസരിച്ച് നടക്കാത്തവൻ ഉണങ്ങിയ ശാഖയാണ്. അത് മുറിച്ച് നീക്കുകയല്ലാതെ തോട്ടക്കാരൻ എന്തു ചെയ്യാനാണ്. ഉണങ്ങിയ ശാഖ മറ്റു പച്ചളിപ്പുള്ള ശാഖയോടൊപ്പം വെള്ളം വലിച്ചെടുക്കും. എന്നാൽ, അവയ്ക്ക് അതിനെ പച്ചളിപ്പുള്ളതാക്കാൻ കഴിയുകയില്ല. എന്നല്ല ആ ഉണക്ക ശാഖ മറ്റുള്ളതിനേയും കൊണ്ടുപോകും. തന്റെ ചികിത്സ നടത്താത്തവൻ എന്നോടൊപ്പം ഇരിക്കുകയില്ല.'

അതിനാൽ പരസ്പരം വൈരാഗ്യങ്ങളെ വർധിപ്പിക്കുന്നവൻ ഭയപ്പെടേണ്ട സ്ഥാനമാണിത്. ഇക്കാലത്ത് നമ്മെ നന്നാക്കുന്നതിനുവേണ്ടി വന്ന വ്യക്തിയെ നമ്മൾ വിശ്വസിച്ചിരിക്കുന്ന സ്ഥിതിക്ക് അതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ട ആവശ്യവുമുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കേണ്ട ആവശ്യമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. അവിടന്ന് പറഞ്ഞു: 'ഇൻസാൻ എന്ന പദം യഥാർത്ഥ ത്തിൽ ഉൻസാനിൽ നിന്ന് നിഷ്പന്നമായതാണ്. അതായത് ഏതൊന്നിലാണോ യഥാർഥമായ രണ്ട് സ്നേഹമുള്ളത്, ബന്ധമുള്ളത്. ഒന്ന് അല്ലാഹുവിനോട്. രണ്ടാമത്തേത് മനുഷ്യകുലത്തോടുള്ള സഹതാപം. ഈ രണ്ടു സ്നേഹവും അവനിലുണ്ടാകുമ്പോൾ അപ്പോഴാണ് ഇൻസാൻ എന്നു പറയപ്പെടുന്നത്.

അല്ലാഹു ഭൗതിക ജോലികളും കച്ചവടങ്ങളും ചെയ്യുന്നത് വിരോധിക്കുന്നില്ല. പ്രത്യുത അലസരായിരിക്കരുതെന്നും പണിയെടുക്കണമെന്നും കല്പിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഉദ്ദേശ്യം ദുൻയാവായിരിക്കരുത്. മറിച്ച് അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം. ഇതെപ്പോഴും മുന്നിലുണ്ടായിരിക്കേണ്ടതാണ്. ദുൻയാവിലെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ പരിശ്രമിക്കുന്നിടത്ത് പരലോകത്തെ നന്മകളും കരസ്ഥമാക്കാൻ പൂർണമായ ശ്രമത്തിന്റെ ആവശ്യമുണ്ട്. ഈ വിഷയം വിശദീകരിച്ചുകൊണ്ട് ഒരിടത്ത് അവിടന്ന് പറയുന്നു:'**റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ** ഇതിലും ദുൻയാവിനെ മുന്തിച്ചു. പക്ഷേ, ആഖിറത്തിൽ നന്മകൾക്ക് കാരണമാകുന്നതായിരിക്കണം. ഈ ദുആ ചെയ്യാൻ പഠിപ്പിച്ചതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് ദുൻയാവ് കരസ്ഥമാക്കുന്നതിൽ ആഖിറത്തിലെ നന്മകൾ ശ്രദ്ധിക്കേണ്ടതാണെന്നാണ്.

അവിടന്ന് പറയുന്നു: "നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നത് നമ്മുടെ അധ്യാപനങ്ങളെ പ്രവർത്തന രൂപരേഖയായി അംഗീകരിക്കുന്നവരായിരിക്കും. സ്വന്തം കഴിവും ശ്രമവുമനുസരിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് നല്കപ്പെടുന്ന പാഠങ്ങളനുസരിച്ച് കഴിയുന്നിടത്തോളം കർമങ്ങൾ ചെയ്യുക. കർമങ്ങൾ ചിറകുകൾപോലെയാണ്. കർമങ്ങൾ കൂടാതെ മനുഷ്യന് ആത്മീയ പദവികൾക്കുവേണ്ടി പറക്കാൻ സാധിക്കുകയില്ല.'

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: 'നമ്മെ ഏതൊരു കാര്യത്തിനാണോ നിയോഗിച്ചിട്ടുള്ളത്, അതിതാണ്: തഖ്‌വയുടെ മൈതാനം ശൂന്യമായി കിടക്കുന്നു. തഖ്‌വ ഉണ്ടാകേണ്ടതാണ്. അല്ലാതെ വാളെടുക്കുകയല്ല. ഇത് ഹറാമാണ്. നിങ്ങൾ തഖ്‌വ കൈക്കൊള്ളുന്നവരാണെങ്കിൽ ലോകം മുഴുവൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. അതുകൊണ്ട് തഖ്‌വ കൈക്കൊള്ളുക. ആരാണോ മദ്യപിക്കുന്നത് അല്ലെങ്കിൽ ആരുടെ മതത്തിന്റെ ചിഹ്നങ്ങളിലാണോ മദ്യം മുഖ്യഘടകമായിട്ടുള്ളത് അവർക്ക് തഖ്‌വയുമായി ഒരു ബന്ധവും ഉണ്ടാകുകയില്ല. അവർ നന്മയോടു പടവെട്ടുന്നവരാണ്. അതുകൊണ്ട് അല്ലാഹു നമ്മുടെ ജമാഅത്തിന് ഭാഗ്യം നല്കുകയും അവർ തിന്മയോടു പടവെട്ടുന്നവരും തഖ്‌വയുടേയും പരിശുദ്ധിയുടേയും മൈതാനത്ത് അഭിവൃദ്ധിപ്പെടുന്നവരാകുകയുമാണെങ്കിൽ ഇതുതന്നെയാണ് വലിയ വിജയം. ഇതിനെക്കാളുപരി ഒരു വസ്തുവും സ്വാധീനം ചെലുത്തുന്നതാകുകയില്ല. ഇക്കാലത്ത് ലോകത്തുള്ള സകലമാന മതങ്ങളേയും നോക്കുക. യഥാർഥ ഉദ്ദേശ്യമായ തഖ്‌വ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ദുൻയാവിലെ സൗന്ദര്യങ്ങളെ ദൈവമാക്കിയിരിക്കുന്നു. യഥാർഥ ദൈവം മറഞ്ഞുപോയിരിക്കുന്നു.സത്യവാനായ ദൈവത്തെ അപമാനിക്കുന്നു. എന്നാൽ, ഇപ്പോൾ താൻ അംഗീകരിക്കപ്പെടണമെന്ന് അവൻ സ്വയം ആഗ്രഹിച്ചു. ലോകം അവനെ തിരിച്ചറിയണം. ആരാണോ ലോകത്തെ ദൈവമെന്നു മനസിലാക്കുന്നത് അവന് മുത്തവക്കിൽ (വിശ്വാസപൂർവം ഭരമേൽപിച്ചവനാകാൻ)ആകാൻ സാധിക്കുകയില്ല.' പറഞ്ഞു:'കഠിനമായ ശിക്ഷ വരാൻ പോകുകയാണ്.' അവിടന്ന് വലിയ മുന്നറിയിപ്പാണ് നല്കിയത്.'ശുദ്ധവും അശുദ്ധവും തമ്മിൽ ഒരു വേർതിരിവുണ്ടാക്കാൻ പോകുകയാണ്.

ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും അതിന്റെ പര്യവസാനം എന്തായിരിക്കുമെന്ന് ചിന്തിപ്പിക്കുന്നതാണ്. അതിവേഗം ലോകം നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണെന്നും എന്തായിരിക്കും നമ്മുടെ അവസ്ഥയെന്നും കഴിഞ്ഞ ദിവസം ഒരു സാഹിബ് പറയുകയുണ്ടായി. ഇതിനുള്ള മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു പദ്യത്തിലും നല്കിയിട്ടുണ്ട്. ഇതിലും വിശദീകരണം നല്കി:

ആഗ് ഹെ പർ ആഗ് സെ വൊ
സബ് ബച്ചായെ ജായേംങ്കെ
ജോ കെ രഖ്തെ ഹൈൻ
ഖുദായെ ദുൽഅജായിബ് സെ
പ്യാർ

തീയാണ്!പക്ഷേ, അത്ഭുതങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കുന്നവരെല്ലാം ആ തീയിൽനിന്ന് രക്ഷിക്കപ്പെടുന്നതാണ്.

ശേഷം പേജ് 13 ൽ

# മുസ്‌ലിം ലോകം: അനാവശ്യ വിവാദങ്ങളുടെ അന്ധകാരത്തിൽ

ഇസ്‌ലാമിലെ വിജ്ഞാന സൂര്യൻ ഉദിച്ചു നിന്ന സ്പെയിനിലെ സുവർണയുഗത്തിന് ശേഷം മുസ്‌ലിം ലോകം ശുഷ്ക്കവും നിർഥകവുമായ കർമശാസ്ത്ര വിവാദങ്ങളുടെ പിടിയിലമർന്നു. ധൈഷണിക ഗരിമ നശിച്ച മുസ്‌ലിം പൊതു സമുഹത്തിന്റെ ആ മരവിപ്പ് ഇപ്പോഴും തുടരുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മുസ്‌ലിം സ്പെയിനിന്റെ അനന്തര കാലഘട്ടത്തിലേക്ക് നമ്മുടെ ദൃഷ്ടി തിരിച്ചാൽ ഇസ്‌ലാമിക ലോകം മുഴുക്കെ ദുരിതം നിറഞ്ഞു നിൽക്കുന്ന നിരാശാജനകമായ കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുക. സ്പെയിനിനെ കൂടാതെ മുസ്‌ലിം രാജ്യങ്ങളിലെല്ലാം തന്നെ അക്കാലം മുതൽ ഭൗതിക ശാസ്ത്രത്തോടും ഗവേഷണ പഠനത്തോടുമുള്ള താൽപര്യം വിനഷ്ടമായി. ഒരു കാലത്ത് അവർ തുടക്കം കുറിക്കുകയും ഉന്നതമായ രീതിയിൽ മികവുറ്റതാക്കിതീർക്കുകയും ചെയ്തതായിരുന്നു ഇതെല്ലാം.

നിർഭാഗ്യകരമെന്ന് പറയട്ടെ ഈ പ്രവണത ശാസ്ത്ര രംഗത്ത് മാത്രമല്ല മതരംഗത്തും പ്രതിലോമകരമായ ഫലങ്ങളാണ് ഉളവാക്കിയതെന്ന് തെളിയിക്കപ്പെടുകയുണ്ടായി. മുസ്‌ലിം ഉമ്മത്ത് (മുസ്‌ലിം ജനത) കൂടുതൽ കൂടുതൽ പിളരുകയും കക്ഷികളായി തീരുകയും ചെയ്തു. സംഹാരാത്മകമായ ഈ ആത്മഹത്യാ പ്രവണതയിൽ പാവനമായ ദൈവത്തിന്റെ ഏകത്വ തത്ത്വമാണ് ബലിയാടായത്. ദൈവ സങ്കൽപത്തിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അത് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കപ്പെടുകയും ഏകദൈവത്തിനു പകരം പല ദൈവങ്ങളെ കുറിച്ചെന്നപോലെ അവർ സംസാരിച്ചു തുടങ്ങുകയും ചെയ്തു. എന്തായാലും അവരുടെ വിജ്ഞാന ദാഹം ശമിച്ചില്ല. അവരുടെ മുൻഗണനാ ക്രമം മാത്രം മാറുകയാണുണ്ടായത്.

പണ്ടത്തെപോലെ അനുവദനീയമായതിന്റെയും നിഷിദ്ധമായതിന്റെയും ചർച്ച തീക്ഷ്ണമായി തുടർന്നു. എന്നാൽ, ചർച്ചയുടെ വിഷയം മാറിയിട്ടുണ്ട് എന്നേയുള്ളൂ. നൂറ്റാണ്ടുകളായി അവരിൽ ആശയക്കുഴപ്പമുണ്ടാക്കിയ അതേ പ്രശ്നത്തിൽ തന്നെ അവർ മുഴുകിയിരിക്കയായിരുന്നു. മൗലികമായി മതാചാരങ്ങളുടെ ഗൗരവതരമായ വിഷയങ്ങൾക്ക് പകരം അവരുടെ കർമശാസ്ത്രം, കാക്കയിറച്ചി തിന്നാമോ എന്നത് പോലെയുള്ള നിസ്സാര വിഷയങ്ങളിൽ ഒതുങ്ങി. കാക്കയിറച്ചി തിന്നാൻ പാടുണ്ടോ പാടില്ലേ എന്ന വിഷയത്തിൽ വിരുദ്ധ വീക്ഷണങ്ങളുള്ള രണ്ടു വിഭാഗങ്ങൾ തമ്മിൽ വമ്പിച്ച കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഈ തർക്കങ്ങൾ കൂടുതൽ സങ്കീർണവും വിവാദാത്മകവുമായി വളർന്നു. അവരുടെ സമാന്യ ബോധമില്ലായ്മയുടെ സ്മരണാഞ്ജലി കൂടിയായിരുന്നു അത്. അവർ ചെയ്തു കൂട്ടിയതിനെ വിവേക രഹിതമായ പാണ്ഡിത്യ പ്രകടനം എന്ന് വിളിക്കാം.

സുപ്രധാന പ്രശ്നങ്ങൾ എന്ന് വിളിക്കപ്പെട്ടിരുന്ന മറ്റു ചില സമസ്യകളും അവരുടെ മനസ്സിനെ മദിച്ചു കൊണ്ടിരുന്നു. ഭ്രാന്തിനോളം വരുന്ന അവസ്ഥയിൽ അത് അവരുടെ രക്തത്തെ തിളച്ചു മറിച്ചു കൊണ്ടിരുന്നു. അതിലൊന്ന് ഒരു നായ കിണറ്റിൽ വീണാലുണ്ടാകുന്നത് സംബന്ധിച്ച അറുബോറൻ പ്രശ്നമാണ്. കിണറ്റിൽ നായ വീണാൽ എത്ര ബക്കറ്റ് വെള്ളം കോരി ഒഴിവാക്കിയാലാണ് കിണറ്റിൽ അവശേഷിക്കുന്ന വെള്ളത്തിന് നമസ്കാരത്തിന് അംഗശുദ്ധി വരുത്തുവാനുള്ള (വുളു) ശുദ്ധി ലഭിക്കുക എന്നതായിരുന്നു ആ പ്രശ്നം. അക്കാലത്തെ മഹാൻമാരായ പണ്ഡിതൻമാർ ഇടപെട്ട് ചർച്ച ചെയ്ത അതിപ്രധാനമായ വിഷയമായിരുന്നു ഇത്.ഒരു നായയുടെ പ്രശ്നം വിടാം. മതനിന്ദ ആരോപിക്കപ്പെട്ട ഒരു മുല്ല(മതപണ്ഡിതൻ) മറുവിഭാഗത്തിന്റെ കിണറ്റിൽ വീണു എന്നിരിക്കട്ടെ. പ്രശ്നം അതീവ ഗുരുതരമായ തലങ്ങളിലേക്കെത്തിച്ചേരുന്നു. എത്ര ബക്കറ്റ് വെള്ളം കിണറിൽ നിന്നും മുക്കി ഒഴിവാക്കണമെന്ന പ്രശ്നം അതീവ സങ്കീർണമായ ഒരു ഗണിതശാസ്ത്ര പ്രശ്നമായി മാറുന്നു! വളരെയധികം പണ്ഡിതൻമാർ അഭിപ്രായപ്പെട്ടത് തങ്ങളുടെ കിണറ്റിൽ വീണ എതിർപക്ഷത്തുള്ള മുല്ലയെ അടക്കം കിണറ് മണ്ണിട്ട് നികത്തണമെന്നാണ്. ആ മുല്ലയുടെ മരണക്കുഴിയും അത് തന്നെയായി തീരണമായിരുന്നു. അങ്ങനെയുള്ളതായിരുന്നു അക്കാലം! അവരുടെ ഭ്രാന്തമായ അസഹിഷ്ണുതയുടെ യാഥാർഥ്യത്തിന് മീതെ, കെട്ടിപ്പടുത്ത ഭാവനാ വിലാസങ്ങളായിരുന്നു അവയെല്ലാം.

ചിലപ്പോൾ അതിവിചിത്രമായ രീതിയിലാണ് അവർ പ്രത്യക്ഷപ്പെടുന്നത്. ചിലപ്പോൾ അക്കാലത്തെ നിയമശാസ്ത്രം മുഴുത്ത ഭ്രാന്തിലേക്ക് മാറിയിരിക്കണം. അത്തരത്തിലുള്ള അർഥശൂന്യമായ വാദപ്രതിവാദങ്ങൾ മുസ്ലിംകളുടെ പരിശുദ്ധ ആരാധനാ ക്രമമായ സ്വലാത്തിനെ (നമസ്കാരം) പരിഹാസ്യമാക്കിത്തീർത്തു. മുസ്ലിംകൾ അവരുടെ അടിസ്ഥാന വിശ്വാസപ്രമാണം (ശഹാദത്ത് കലിമ) നമസ്കാരത്തിന്റെ രണ്ടാമത്തെ റക്അത്തിൽ ഇരുന്നുകൊണ്ടാണ് ഉച്ചരിക്കാറ്. ഈ ഉച്ചാരണ വേളയിൽ ചിലർ തങ്ങളുടെ ചൂണ്ടാണി വിരൽ നീട്ടുന്നു. ചിലർ നീട്ടാറില്ല. എന്നാൽ, ഈയൊരു പ്രശ്നത്തിൽ അക്കാലത്തെ നിയമശാസ്ത്രജ്ഞൻമാർ രണ്ട് ചേരിയിലായി പിരിഞ്ഞു. തങ്ങളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ ആരെങ്കിലും പ്രവർത്തിച്ചാൽ അവരുടെ വിരലിനെ ശിക്ഷിക്കുമെന്ന് അവർ ഇരുകൂട്ടരും തീരുമാനിച്ചു. ചൂണ്ടാണി വിരൽ നീട്ടുകയോ അതല്ല നീട്ടാതിരിക്കുകയോ ചെയ് താൽ ആ നിർഭാഗ്യവാന്റെ വിരൽ ഛേദിക്കപ്പെടും. ഇത് അവരുടെ ഇരുകൂട്ടരുടെയും ഏകകണ്ഠമായ തീരുമാനമായിരുന്നു. അവർ മറ്റെല്ലാറ്റിലും വിയോജിച്ചിരുന്നു. പക്ഷേ, ഈയൊരു കാര്യത്തിൽ വിയോജിച്ചില്ല. ചൂണ്ടാണി വിരൽ നീട്ടുന്നതോ നീട്ടാത്തതോ ആയ പള്ളികളിൽ തെറ്റിക്കയറുക എന്നത് തീർച്ചയായും അപകടകരമായിരുന്നു. പള്ളിയിൽ കയറുന്നതിന് യാതൊരു പ്രശ്നവുമില്ലായിരുന്നു. തിരിച്ചു വരുമ്പോഴാണ് യഥാർഥ അപകടം അഭിമുഖീകരിക്കേണ്ടി വരിക. അല്ലാഹു നൽകിയ അഞ്ചു വിരലുകളിൽ ഒന്നിന്റെ കുറവോടെ നാല് വിരലുമായിട്ടായിരിക്കാം അയാൾ പള്ളിയിൽ നിന്നും തിരിച്ചു പോകുക.

മൂന്നാമത്തെ ചെറിയ പ്രശ്നം ഇമാം സൂറഃഫാതിഹാ ഓതിക്കഴിഞ്ഞശേഷം പറയുന്ന ആമീനുമായി ബന്ധപ്പെട്ടതായിരുന്നു. ചർച്ചയിലെ പ്രധാന വിഷയം ആമീൻ ഉറക്കെ ചൊല്ലണമോ പതുക്കെ ചൊല്ലണമോ എന്നതായിരുന്നു. പതുക്കെ ആമീൻ ചൊല്ലുന്നവരുടെ പള്ളിയിൽ വെച്ച് അറിയാതെ ഉച്ചത്തിൽ ആമീൻ ചൊല്ലിപോയാൽ അടിശിക്ഷ സർവസാധാരണമായിരുന്നു. ഉറക്കെ ആമീൻ ചൊല്ലുന്നവരുടെ പള്ളിയിൽ പതുക്കെ ചൊല്ലുന്നവർപെട്ടുപോയാലും അതൊരു ചെറിയ കുറ്റമായിരുന്നില്ല.

അത്തരം സൈദ്ധാന്തിക വ്യത്യാസങ്ങൾ ഏറ്റവും അപകടകരമായ മാനങ്ങൾ ആർജിച്ചത് വിശുദ്ധ ഖുർആൻ സൃഷ്ടിയാണോ സൃഷ്ടിയല്ലയോ എന്നത് സംബന്ധിച്ച വിവാദത്തിലാണ്. ഈ വിരുദ്ധ വീക്ഷണങ്ങൾ പുലർത്തിയിരുന്നവർക്ക് തങ്ങളുമായി ഈ സുപ്രധാന വിഷയത്തിൽ വിയോജിക്കുന്ന മറുകക്ഷിക്ക് വധശിക്ഷയാണ് നൽകേണ്ടതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലായിരുന്നു. പക്ഷേ അതെല്ലാം നീതിനിർവഹിക്കുന്നയാളിൽ അവസരയുക്തം പോലെയായിരുന്നു. രാജാവ് അനന്തവാദികളുടെ (ഖുർആൻ സൃഷ്ടിക്കപ്പെട്ടതല്ല അത് അനന്തമാണ് എന്ന വാദം) പക്ഷത്തായിരുന്നുവെങ്കിൽ എതിർവാദം (ഖുർആൻ സൃഷ്ടിക്കപ്പെട്ടത്) കൈകൊണ്ട ആളുകൾ വധിക്കപ്പെട്ടിരുന്നുവെന്ന് മാത്രമല്ല, അവരുടെ വീട്ടിൽ വെച്ച് തന്നെ ചുട്ടെരിക്കപ്പെടുകയും ചെയ്തിരുന്നു. രാജാവ് മറുപക്ഷത്തുള്ളയാളാണെങ്കിൽ പീഡിപ്പിക്കപ്പെടുന്നവൻ പീഡകനുമാകുമായിരുന്നു. പലപ്പോഴും വളരെ മുമ്പ് മരിച്ച് മണ്ണടിഞ്ഞ ആളുകളെപോലും അവരുടെ കബറിടങ്ങളിൽ നിന്ന് വീണ്ടും കുഴിച്ചെടുത്ത് ജീവിച്ചിരിക്കുന്നവർക്ക് പാഠമാവാൻ വേണ്ടി പൊതു സ്ഥലത്ത് തൂക്കിക്കെട്ടിയിരുന്നു. പക്ഷേ എന്ത് പാഠമായിരുന്നു ഒരാൾക്ക് ഇതിൽ നിന്ന് ലഭിച്ചത്? അങ്ങനെ ഇത്തരം നിസ്സാര കാര്യങ്ങളെ അങ്ങേയറ്റം ഗുരുതരമാക്കി അവർ ഭൂമിയിലെ ജീവിതം നരകമാക്കി മാറ്റി. മരണത്തിന് ശേഷം അവർ നരകത്തിൽ പതിക്കുമെന്നാണ് എതിരാളികളുടെ ഭീഷണി. മരണാനന്തരം ഏതായാലും നരകത്തിൽ പതിക്കുമെങ്കിൽ എതിരാളികൾ അയാളുടെ മരണം വരെ കാത്തിരിക്കാനൊന്നും

കൂട്ടാക്കിയുമില്ല.

മദ്ധ്യകാലഘട്ടത്തിലെ നൂറ്റാണ്ടുകളോളം നീണ്ടു നിന്ന അന്ധകാരം അതിന്റെ കരിനിഴൽ ദൂരത്തിലും വിസ്തൃതിയിലും പരത്താൻ ആരംഭിച്ചു. ഇസ്‌ലാമിക ലോകം ഇരുളിൽ നിന്നും പ്രകാശത്തിലേക്ക് വന്നു. അറേബ്യൻ മരുഭൂമിയിൽ നിന്നും ഇസ്‌ലാമിക സൂര്യൻ ഉദിച്ചുയർന്നു. ആ ഇസ്‌ലാമിക സൂര്യന് ഒരിക്കൽ കൂടി അജ്ഞാനത്തിന്റെ ഗ്രഹണം ബാധിച്ചു. മ്ലാനവും കൂരിരുൾ നിറഞ്ഞതുമായ രാത്രികളിൽ വീക്ഷണകോണുകൾ മാറി മാറി നോക്കുമ്പോൾ നിറഭേദങ്ങളോടെയും ചാഞ്ചല്യത്തോടെയും കാണുന്ന വിദൂര നക്ഷത്രങ്ങളെപ്പോലെ ഇസ്‌ലാമിന്റെ കാഴ്ച മങ്ങിമറയാൻ തുടങ്ങി. ഇസ്‌ലാമിന് അതിന്റെ ദ്യുതിവിലാസവും സ്ഥൈര്യവും വിനഷ്ടമാവുകയും ചെയ്തു.

അജ്ഞാനത്തിന്റെ കൂരിരുളിനെ മാറ്റി ജ്ഞാനത്തിലേക്ക് നയിക്കേണ്ടുന്ന ജ്ഞാന പ്രബുദ്ധതയുടെ രണ്ട് മുഖ്യസരണികൾ (വെളിപാടും യുക്തിചിന്തയും) ഏക്കാലത്തേക്കുമായി അടക്കപ്പെട്ടു. ദർശനത്തിന്റെ വ്യക്തതയോ പൂർണതയോ അവശേഷിക്കുകയോ ഉപരി ലോകത്ത് നിന്നുള്ള വെളിപാടുകളുടെ പ്രതീക്ഷ ഉണ്ടാവുകയോ ചെയ്തില്ല. അവരെ സംബന്ധിച്ചിടത്തോളം രണ്ടു കവാടങ്ങളും ബന്ധിക്കപ്പെട്ടു. നിശ്ചയമായും അതൊരു ദുരന്ത പൂർണമായ അന്ത്യമായിരുന്നു.

അങ്ങനെ നൂറ്റാണ്ടുകൾക്ക് ശേഷം ഭൗതിക വിജ്ഞാനത്തിന്റെ സൂര്യൻ ഒരിക്കൽ കൂടി ഉദിച്ചുയർന്നു. പക്ഷേ ആ സൂര്യോദയം പടിഞ്ഞാറു നിന്നായിരുന്നു. നെടുനീളൻ നൂറ്റാണ്ടുകൾക്ക് മുമ്പ് പടിഞ്ഞാറിന് വെളിച്ചം നൽകിയ കിഴക്കൻ ദേശം പശ്ചിമ ഭാഗത്ത് ഉദിച്ചുയർന്ന സൂര്യവെളിച്ചം ഒരു നോക്കു കാണാൻ ആകാംക്ഷാഭരിതരായി നോക്കി പാർത്തു നിന്നു. ●

പേജ് 10 ൽ നിന്ന് തുടർച്ച

അല്ലാഹുവിനോടുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നതാണ് യഥാർഥ കാര്യം. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുക. അല്ലാഹു പറഞ്ഞിട്ടുള്ള നിയമങ്ങൾക്ക് വിധേയമായി വരുന്ന നന്മകൾ കരസ്ഥമാക്കാൻ ശ്രമിക്കുക. തിന്മകളിൽനിന്ന് രക്ഷപ്പെടാനും പരിശ്രമിക്കുക. അല്ലാഹുവിന്റെ പക്കൽ ദോഷമായിട്ടുള്ളതും അല്ലാഹു വിശുദ്ധ ഖുർആനിൽ തുറന്ന് വിവരിച്ചിട്ടുള്ളതുമായ തിന്മകളിൽനിന്ന് രക്ഷപെടാൻ ശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം വിശ്വാസപരമായും കർമപരമായും കരുത്തരിൽ കരുത്തരാകാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യങ്ങളാണ് നമ്മുടെ മോക്ഷത്തിന് നിമിത്തമാകുന്നത്. ഇക്കാര്യങ്ങളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടതും. ഈ വിപ്ലവം കൂടാതെ ജമാഅത്തിന് വന്നുകൊണ്ടിരിക്കുന്ന 50 വർഷത്തിനോ 75 വർഷത്തിനോ 100 വർഷത്തിനോ ഒരുപ്രസക്തിയുമില്ല. ലൗകികർ ഇക്കാര്യങ്ങളിൽ സന്തോഷിക്കുന്നു. പക്ഷേ, മതപരമായ ജമാഅത്തുകൾ സന്തോഷിക്കുകയില്ല. നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കുന്നതിൽ അഭിവൃദ്ധിപ്പെടുകയും ഭാവിയിൽ കൂടുതൽ അതിന് ശ്രമിക്കുകയും ചെയ്യും എന്നതിലാണ് സന്തോഷം പ്രകടിപ്പിക്കുന്നതെങ്കിൽ ഈ പ്രകടനവും അല്ലാഹുവിന് ശുക്ർ ചെയ്യലും അനുവദനീയമാണ്. പക്ഷേ, നമ്മുടെ ചുവടുകൾ എല്ലാതരം നന്മയിലേക്ക് ഉയരുന്നതിനു പകരം നിലച്ചുപോകുകയോ പിന്നാക്കം പോകാൻ തുടങ്ങുകയോ ആണെങ്കിൽ അത് ചിന്താർഹമായ കാര്യമാണ്. അതിനാൽ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും പ്രവർത്തനം പരിശോധിക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. എപ്പോഴും ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ജമാഅത്തിന്റെ 75 വർഷം തികയുമ്പോൾ ഇൻശാഅല്ലാഹ് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും എന്ന് നമ്മൾ ചെയ്ത പ്രതിജ്ഞയിൽ നമ്മൾ നിലകൊള്ളുന്നുവെന്ന് മാത്രമല്ല അതിൽ അഭിവൃദ്ധിപ്പെടുന്നവരുമാണ് എന്ന് നമുക്ക് പറയാനും കഴിയണം. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

ജൽസയുടെ ദിനങ്ങൾ പ്രത്യേകിച്ചും ഈ മൂന്നു ദിനങ്ങൾ പറഞ്ഞതുപോലെ ദുആകളിൽ കഴിച്ചുകൂട്ടുക. ഇവിടത്തെ പരിപാടികൾ കേൾക്കുക എന്ന ഉദ്ദേശ്യം പൂർണമായും ഹാജരായിക്കൊണ്ട് നിറവേറ്റുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ●

**(വിവ: മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ)**

# കാർക്കശ്യം ഒഴിവാക്കുക

അനസ് (റ) നിവേദനം: തിരുമേനി (സ) അരുളി, നിങ്ങൾ (മത നടപടികളിൽ മനുഷ്യർക്ക്) എളുപ്പമാക്കി കൊടുക്കുക. അവരെ ഞെരുക്കരുത്. അവരെ സന്തുഷ്ടരാക്കുക. അവരുടെ മനസ്സ് വെറുപ്പിക്കരുത്. (ബുഖാരി)

# ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ

**'ഞങ്ങളുടെ യജമാനനായ ബിലാൽ'(റ) എന്ന ആദരണീയമായ അഭിധാനത്താൽ മുസ്‌ലിം ജനകോടികൾ പതിനാലു നൂറ്റാണ്ടുകളായി വാഴ്ത്തിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ അനർഘമായ ശ്യാമ മൗക്തികം ഹദ്റത്ത് ബിലാൽ (റ) നെ പറ്റിയുള്ള ലേഖന പരമ്പര.**

**ഇബ്നു വഫ, കോഴിക്കോട്**

ഞാൻ ബിലാൽ. എന്റെ പേര് ബിലാൽ എന്നാകുന്നു. ഞാനൊരു അടിമയാണ്. 'ഹബ്ശ' (ഇപ്പോഴത്തെ എത്യോപ്യ)യായിരുന്നു എന്റെ സ്വദേശം. എന്റെ പിതാവിന്റെ പേര് 'റിബാഹ്' എന്നാണ്. അദ്ദേഹവും ഒരു അടിമയായിരുന്നു. എന്റെ ഉമ്മ 'ഹമാമ'. അവരും ഒരു അടിമസ്ത്രീ തന്നെ. അതായത് ഞങ്ങൾ കുടുംബപരമായി അടിമകളാണ്. എനിക്കൊരു സഹോദരനുണ്ട്. ഖാലിദ് എന്നാണ് അവന്റെ പേര്. ഒരു സഹോദരിയുമുണ്ട് എനിക്ക്. അവൾ 'അഫ്റ'. മക്കയിലെ ചന്തയിൽ നിന്ന് എന്റെ യജമാനനായ ഉമയ്യത്തിബ്നു ഖലഫ് ആണ് എന്നെ വില കൊടുത്ത് വാങ്ങിയത്. ആ കാലത്ത് സമൂഹത്തിൽ അടിമകൾക്കുള്ള വിലയും നിലയും എന്താണെന്ന് നിങ്ങൾക്കറിയാമോ? ആട്, പശു, ഒട്ടകം തുടങ്ങിയ വളർത്തു മൃഗങ്ങൾക്ക് ഞങ്ങളേക്കാൾ എത്രയോ വില കൽപിക്കപ്പെട്ടിരുന്നു. എന്നാൽ ഞങ്ങൾ അടിമകൾ എത്രയോ തരംതാണവർ. ഒരടിമ ചന്തയിൽ വിൽക്കപ്പെടുമ്പോൾ മരണം മാത്രമാണ് അവന് മോചനം നൽകുന്നത്. അവന്റെ ജീവിതം എന്നത് യജമാനന്റെ കൽപന സ്വീകരിച്ച് പ്രവർത്തിക്കുക എന്നത് മാത്രമാണ്. യജമാനന്റെ കൽപന ലംഘിക്കുക എന്നത് ഒരടിമക്ക് ചിന്തിക്കാൻ കൂടി പറ്റാത്ത കാര്യമാണ്. കാലങ്ങളോളമുള്ള അദ്ധ്വാനഭാരം നിമിത്തം രോഗിയായി ഒരടിമ മരണപ്പെട്ടാൽ യജമാനന്റെ ഭാഗ്യക്കേട് എന്നല്ലാതെ മറ്റൊന്നും കരുതുകയില്ല. താൻ ചിലവാക്കിയ പണം നഷ്ടപ്പെട്ടു വല്ലോ എന്നതായിരിക്കും അയാൾക്കുള്ള മനോവേദന. അല്ലാതെ ഒരടിമയുടെ ജീവിതം അവസാനിച്ചതിൽ അയാൾക്ക് ഒരണുപോലും വ്യസനമോ ദു:ഖമോ ഉണ്ടാവുകയില്ല.

ഞാൻ രണ്ട് പ്രാവശ്യം അടിമയായിട്ടുണ്ട്. ആദ്യതവണ പണക്കാരനും മക്കയിലെ പ്രമാണിമാരിൽ ഒരാളുമായ ഉമയ്യത്തിബ്നു ഖലഫ് എന്നെ വിലകൊടുത്ത് വാങ്ങി. രണ്ടാം തവണ ഹദ്റത്ത് അബൂബക്കർ(റ) ഉമയ്യയിൽ നിന്ന് എന്നെ വാങ്ങിക്കൊണ്ട് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)ന്റെ അടിമയാക്കി. ആദ്യ യജമാനന്റെ അടിമത്തത്തിൽ ഞാൻ അനുഭവിച്ച നരകയാതന, ഞാൻ സഹിച്ച ദുരിതവും കഷ്ടപ്പാടും, എനിക്ക് ലഭിച്ച അപമാനവും മാനഹാനിയും വിവരിക്കാൻ പ്രയാസമാണ്. ഒരിക്കൽ ഞാൻ മൃതപ്രായനാകുവോളം യജമാനൻ എന്നെ നിഷ്ഠൂരം ചാട്ടവാർ കൊണ്ട് മർദിച്ചു. ഞാൻ ശവമായി എന്ന് കരുതിയിട്ട് അയാൾ എന്നെ വഴിയിൽ ഉപേക്ഷിച്ചു.

രണ്ടാം തവണയിലെ അടിമത്തത്തിൽ എനിക്ക് ലഭിച്ച സ്ഥാനമാനങ്ങൾ ഹോ, ഓർക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്നു. ഇസ്‌ലാമിക ലോകത്തെ രാജാക്കന്മാരിൽ ഒരാളായ ഹദ്റത്ത് ഉമറിബ്നു ഖത്ത്വാബ്(റ) എന്നെ ബഹുമാന പുരസ്സരം 'സയ്യിദുനാ ബിലാൽ' എന്നാണ് വിളിക്കാറുണ്ടായിരുന്നത്. ഈ അടിമത്തം എന്നെ സംബന്ധിച്ചിടത്തോളം രാജപദവിയേക്കാളും വലുതായിരുന്നു. അതിലൂടെ എനിക്ക് ഇരുലോക ചക്രവർത്തി യായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യെ സേവിക്കാനുള്ള അതിമഹ ത്തായ ഭാഗ്യം ലഭിച്ചു. എനിക്ക് ലഭിച്ച ഈ അനുഗ്രഹത്തെ ഇസ്‌ലാമിക ലോകത്തെ പേരെടു ത്ത നേതാക്കൾപോലും തങ്ങൾക്ക് ആ ഭാഗ്യം ലഭിച്ചില്ലല്ലോ എന്ന് അസൂയയോടെ നോക്കി കണ്ടിരുന്നു.

ഞാനൊരു കൃശഗാത്രനായി രുന്നു. മെലിഞ്ഞുണങ്ങിയ ശരീര പ്രകൃതിയാണെങ്കിലും എനിക്ക് നല്ല നീളമുണ്ടായിരുന്നു. മറ്റുള്ളവരുടെ ഇടയിൽ നിൽക്കുമ്പോൾ ദൂരെ നിന്ന് തന്നെ എന്നെ തിരിച്ചറിയാൻ സാധിക്കും. ഞാനൊരു ഹബ്ശ സ്വദേശിയായത്കൊണ്ട് ഞങ്ങളുടെ നാട്ടുകാരെപോലെ എനിക്കും കറുത്ത നിറമായിരുന്നു. എന്റെ ശരീര പ്രകൃതി ഇങ്ങനെയൊക്കെ ആണെങ്കിലും എനിക്ക് അല്ലാഹു വളരെ ഘനഗംഭീരമായ ശബ്ദം നൽകിയിട്ടുണ്ട്. ആരേയും വശീകരി ക്കുന്ന ശബ്ദം.

ഇന്ന് ഞാൻ നിങ്ങൾക്ക് എന്റെ ജീവിത കഥ പറഞ്ഞ് തരികയാണ്. ഞാൻ അനുഭവിച്ചത്, അല്ലെങ്കിൽ നേരിൽ കണ്ടത്. അതുമല്ലെങ്കിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ൽ നിന്നും, അദ്ദേഹത്തിന്റെ അടുത്ത അനുചരന്മാരിൽ നിന്നും നേരിൽ കേട്ടത്. ഇസ്ലാമിന്റെ ആരംഭകാലം ഞാൻ കണ്ടിട്ടുണ്ട്. ഞാൻ എന്റെ യജമാനരായ മുഹമ്മദ് മുസ്തഫാ (സ)ന്റെ ദു:ഖം നിറഞ്ഞ ജീവിത വും ദർശിച്ചിട്ടുണ്ട്. എല്ലാ കഷ്ട പ്പാടുകളും അല്ലാഹുവിന്റെ തിരു ദൂതരോടൊപ്പം ഈയുള്ളവനും അനുഭവിച്ചിട്ടുണ്ട്. അല്ലെങ്കിൽ അനുഭവിക്കാനുള്ള ഭാഗ്യമുണ്ടാ യിട്ടുണ്ട്.

അവിശ്വാസികളായ മക്കാനി വാസികളുടെ ക്രൂരമർദനങ്ങൾ സഹിക്കവയ്യാതെ പാലായനം ചെയ്ത അതേ മക്കയിൽ പതിനാ യിരം വിശുദ്ധരായ സഹാബാ ക്കളോടൊപ്പം റസൂൽ തിരുമേനി (സ) വിജയശ്രീലാളിതനായി പ്രവേശിച്ചതും ഞാൻ നേരിൽ കണ്ടിട്ടുണ്ട്. അന്ന് ആ പുണ്യാത് മാവ് നടത്തിയ ഒരു വിളംബര ത്തിനും ഞാൻ സാക്ഷിയായിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ അടിമയുടെ കൊടിക്കീഴിൽ അണിനിരക്കുന്ന വർക്ക് രക്ഷയും സമാധാനവും ഉണ്ടായിരിക്കും എന്നതായിരുന്നു ആ വിളംബരം. നിങ്ങൾക്കറിയുമോ ആ അടിമയുടെ പേരെന്താണെന്ന്? അവന്റെ പേരാ ണ് ‘ബിലാൽ ബിൻ റിബാഹ്’. അതായത് ഈ ഞാൻ. എന്നെ ദ്രോഹിച്ച, എന്നെ മനുഷ്യ നായിട്ട് പോലും കാണാതിരുന്ന പലർക്കും രക്ഷയ്ക്കായി എന്റെ അടുക്കൽ വരേണ്ടി വന്നു. ഒരടിമ ക്ക് ഇത്രയധികം ആദരവും സ്ഥാന മാനങ്ങളും ലഭിച്ചത് ഒരാകാശവും ഒരു ഭൂമിയും ഇതിന് മുമ്പ് ദർശിച്ചിട്ടുണ്ടാവില്ല.

അപ്പോഴാണ് ഞാനൊരു കാര്യം ശ്രദ്ധിച്ചത്. അബ്ദുല്ലായുടെ മകൻ മുഹമ്മദി (സ)നെ കണ്ടതു കൊണ്ടാണ് അവർ അങ്ങനെ സംസാരിച്ചത്. മുഹമ്മദ് (സ) ആ സമയം വളരെ ശാന്തനായിക്കൊണ്ട് തലതാഴ്ത്തി കഅബയുടെ ഭാഗ ത്തേക്ക് നടന്നു വരുന്നുണ്ടായിരു ന്നു. കഅബയുടെ അടുത്തെത്തിയ പ്പോൾ ഇവരെയൊക്കെ കണ്ടതു കൊണ്ടായിരിക്കണം അദ്ദേഹം തിരിഞ്ഞ് അടുത്തുള്ള കുന്നിൻ മുകളിലേക്ക് പോയി. അവിടെ ഒരു മലക്ക് വരാറുണ്ടെന്നും ആ മലക്കി നോട് ഇബ്നു അബ്ദുല്ലാഹ് സംസാരിക്കാറുമുണ്ടെന്നുമൊക്കെ ജനങ്ങൾ പരിഹസിച്ച് സംസാരിക്കാ റുണ്ട്.

അവിടെ അബൂസുഫിയാ നും ഉണ്ടായിരുന്നു. അബൂസുഫി യാൻ ആൾ വലിയ ഗൗരവക്കാരനാ ണ്. സംസാരിക്കുമ്പോൾ ചിരിക്കുക യൊന്നുമില്ല. അയാളുടെ മുഖത്ത് എന്തോ വേവലാതി ഉള്ളതുപോലെ തോന്നുന്നുണ്ടായിരുന്നു. ആകെ അസ്വസ്ഥനാണ്. മുഹമ്മദി(സ)ന്റെ തോന്ന്യ വാസവും (നഊദുബി ല്ലാഹ് മിൻ സാലിക്ക്) ലാത്തയോടും ഉസ്സയോടും മനാത്തിനോടും കാണി ക്കുന്ന അനാദരവ് കാരണവും നമ്മുടെ ദേവിമാർ നമ്മോട് കോപിക്കുകയില്ലേ എന്നായിരുന്നു അയാൾ ആലോചിച്ച് കൊണ്ടിരു ന്നത്.

അവിടെ അബൂലഹബും ഉണ്ടാ യിരുന്നു. അബൂസുഫിയാൻ വളരെ ദേഷ്യത്തോടെ അബൂ ലഹബിനോട് പറഞ്ഞു, നിന്റെ സഹോദര പുത്ര നാണ്. നിങ്ങളുടെ കുടുംബത്തിലെ അംഗം. അവനെ വേണ്ടവിധം പറഞ്ഞ് മനസ്സിലാക്ക ണം.

മദ്യലഹരിയിലായിരുന്ന അബൂ ലഹബ് പറഞ്ഞു, വയസ്സ് നാൽപത് കഴിഞ്ഞു. എന്നിട്ടും ബുദ്ധിയുമില്ല. പക്വതയുമില്ല. എന്റെ സഹോദര പുത്രനൊക്കെ തന്നെയാണ്. കുടുംബത്തിന് പേര് ദോഷമുണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ട വൻ. എന്ത് ചെയ്യും. തലതിരിഞ്ഞ് പോയി. ബുദ്ധിഭ്രംശം സംഭവിച്ച് പോയി. അവൻ തന്റെ അടിമയെ വളർത്തു പുത്രനാക്കി വെച്ചിരി ക്കുകയാണ്. ഇതെല്ലാം ഭ്രാന്തല്ലെ ങ്കിൽ മറ്റെന്താണ്. അവന്റെ വീട്ടിൽ പോയി ആര് സഹായം തേടിയാലും അവർക്ക് സഹായം നൽകും. ആരേയും വെറുംകയ്യോടെ അവൻ വീട്ടിൽ നിന്ന് തിരിച്ചയക്കാറില്ല. അങ്ങിനെ കണ്ണിൽകണ്ടവരെല്ലാം അവനെ പറ്റിച്ച് കൊണ്ടിരിക്കുക യാണ്. സഹോദരപുത്രന് ഭ്രാന്താ യാൽ എളാപ്പക്ക് എന്ത് ചെയ്യാൻ പറ്റും.

ഇത് പറഞ്ഞുകൊണ്ട് അബൂ ലഹബ് ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുവാനായി തന്റെ ചുറ്റും കൂടിയിരിക്കുന്ന സുഹൃത്തുക്കളെ മാറിമാറി നോക്കി. കാരണം അബ്ദുല്ലാ യുടെ മകൻ മുഹമ്മദ് (സ) ഉണ്ടാക്കികൊണ്ടിരി ക്കുന്ന പ്രശ്നം കൂടി വരികയാണ്. എന്നിട്ട് അബൂസുഫിയാന്റെ കൈ പിടിച്ച് കൊണ്ട് അബൂലഹബ് പറഞ്ഞു, അബൂസുഫിയാൻ, നീ ഒന്ന് ആലോചിച്ച് നോക്കൂ, അവൻ യുവാവാണ്. നല്ല ആരോഗ്യവു മുണ്ട്. ഭാര്യയാണെങ്കിൽ പണക്കാ രി. നാട്ടിൽ അവർക്കുള്ള സ്ഥാന മാനങ്ങൾ ചെറുതല്ല. അവന് പിന്നെന്തു വേണം. ഇതാ, ഇപ്പോൾ അവൻ കുന്നിൻ മുകളിലുള്ള ഗുഹ ലക്ഷ്യമാക്കിയാണ് പോയത്. അവിടെ തണുപ്പിൽ വിറച്ചി രിക്കുന്നുണ്ടാകും. ഏതോ മലക്ക് വന്ന് അവനോട് സംസാരിക്കുന്നു

ണ്ടത്രെ. അവന്റെ ചെവിക്ക് സുഖമില്ലാത്തത് കൊണ്ടുള്ള കിരികിരിപ്പിനെ അവൻ മലക്ക് സംസാരിക്കുന്നതായി കരുതുന്നു എന്നാണ് എനിക്ക് തോന്നുന്നത്.

ഇതൊക്കെ കേട്ടപ്പോൾ എല്ലാ വരും ചിന്തയിലാണ്ടു. ഒരാൾ പറഞ്ഞു, ഭ്രാന്തനാണ് ഭ്രാന്തനാണ് എന്ന് പറഞ്ഞതുകൊണ്ട് ഭ്രാന്ത് എപ്പോഴെങ്കിലും സുഖമായിട്ടു ണ്ടോ? അത്കൊണ്ട് വേണ്ടത് സമയത്ത് തന്നെ ചെയ്യണം.

ഏതാനും നിമിഷ നേരത്തെ ഇടവേളക്ക് ശേഷം അബൂലഹബ് തന്റെ പരിഭ്രമവും വേവലാതിയും ഉള്ളിൽ ഒതുക്കിക്കൊണ്ട് പറഞ്ഞു, നോക്കൂ, ഇപ്പോഴും വൈകിയിട്ടില്ല. ഏകദേശം ഒരു വർഷമല്ലേ ആയിട്ടുള്ളൂ. അതിന് മുമ്പ് നിങ്ങൾക്കവനെ നന്നായി അറിയാ മായിരുന്നുവല്ലോ. അവനെ നിങ്ങളെല്ലാം വളരെയധികം ബഹുമാനിക്കുകയും ആദരിക്കുക യും ചെയ്യാറുണ്ടായിരു ന്നുവല്ലോ? മാത്രവുമല്ല നിങ്ങൾ നിങ്ങളുടെ തർക്കപരിഹാരത്തിനായി അവനെ സമീപിക്കാറുണ്ടായിരുന്നുവല്ലോ? നിങ്ങളവനെ സമർഥനും വിശ്വസ്ത നും കഴിവുള്ളവനുമാണെന്ന് മനസ്സിലാക്കിയത് കൊണ്ടായിരുന്നു വല്ലോ നിങ്ങൾ അവന്റെ അടുക്കൽ പോകാറുണ്ടായിരുന്നത്.

അബൂസുഫിയാൻ പറഞ്ഞു, സാരമില്ല, നമ്മുടെ ദേവന്മാരും ദേവിമാരും ഇവനെ ശരി യാക്കികൊള്ളും. പക്ഷേ നമ്മുടെ ഇടയിലുള്ള പാവങ്ങളും അടിമ കളും നമ്മുടെ സമുദായത്തിൽ യാതൊരു വിലയും നിലയുമില്ലാത്ത കുറച്ചാളുകൾ അവന്റെ മതം സ്വീകരിച്ച് കൊണ്ട് അവനെ ഒട്ടി നിൽക്കുന്നത് ചെറുതായി കാണരു ത്.

ഈ സംസാരം നടന്ന് കൊണ്ടിരിക്കെ ഹദ്റത്ത് ഇമാർ(റ) അതു വഴി വന്നു. അദ്ദേഹം യാതൊരു സാമ്പത്തിക ശേഷിയു മില്ലാത്ത ഒരു പാവപ്പെട്ട മുസ്‌ലി മായിരുന്നു. അദ്ദേഹം അടിമയല്ല. ഈ കൂടിയിരിക്കുന്ന പ്രമാണിമാർ ആ സാധുവിനെ പിടിച്ച് നിലത്ത് തള്ളിയിട്ടു. ഈ പാവത്തിനെ എന്ത് ചെയ്താലും ആരും ചോദിക്കാനില്ല എന്ന അഹങ്കാരമായിരുന്നു ഈ ആക്രമികൾക്ക്. എന്നിട്ട് ഹദ്റത്ത് ഇമാർ(റ)നോട് പറഞ്ഞു,

പറയടാ, മുഹമ്മദ് (സ) എന്താണ് നിങ്ങളെ പഠിപ്പിക്കാറുള്ള ത്? നിങ്ങൾക്കെന്താണ് പറഞ്ഞു തരാറുള്ളത്? അപ്പോൾ അദ്ദേഹം യാതൊരു ഭാവഭേദവും കൂടാതെ പറഞ്ഞു, അല്ലാഹു ഏകനാണെ ന്നും അവനെ മാത്രമേ ആരാധി ക്കാൻ പാടുള്ളൂ എന്നും ആരാധന ക്കർഹൻ അവൻ മാ ത്രമാണെന്നും നാമെല്ലാം അവന്റെ ദാസരാണെ ന്നും നമ്മളെല്ലാം ചീപ്പിന്റെ പല്ല് പോലെ തുല്യരും സമന്മാരുമാണെ ന്നാണ് മുഹമ്മദ്(സ) പഠിപ്പിക്കുന്നത്.

ഞാൻ, അൽപം അകലെ നിന്ന് കൊണ്ട് അവരുടെ സംസാരങ്ങൾ കേട്ട് കൊണ്ടിരിക്കു കയാണ്. എനിക്ക് അവസാനം പറഞ്ഞത് തീരെ മനസ്സിലായില്ല. ഞാൻ എന്താണീ കേൾക്കുന്നത്. എല്ലാ വരും തുല്യരോ? അതെങ്ങനെ? ഇമാർ(റ) പറഞ്ഞ കാര്യങ്ങൾ പലതും സമ്മതിച്ച് കൊടുക്കാം. അല്ലാഹു സർവ്വശക്തനും ഏകനും ആണ് പോലും, ആയിക്കോട്ടെ. നാം അവന്റെ ദാസരാണ് പോലും, ആയിക്കോട്ടെ. എന്നാൽ എല്ലാവരും സമന്മാരാണ് എന്ന് പറഞ്ഞത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഞാനത് കേട്ട് തരിച്ചിരുന്നുപോയി. ഞാനും മക്കയിലെ പ്രമാണിമാരിൽ ഒരാളായ ഉമയ്യത്തിബ്നു ഖലഫും തുല്യരോ? അബൂസുഫിയാനും അബൂലഹബും മണ്ണിൽ കിട ക്കുന്ന ഈ പാവപ്പെട്ട ഹദ്റത്ത് ഇമാർ (റ)വും സമന്മാരോ? അതെങ്ങനെ? മക്കയിലെ പ്രമാണിമാർ ഇതെങ്ങനെ സഹിക്കും. സമ്മതിക്കും? ഞാൻ സമ്മതിക്കുന്നതും സമ്മതിക്കാത്ത തും ഒരുപോലെ യാണ്. കാരണം ഞാനൊരു അടിമയാണല്ലോ.

ഞാൻ ഈ കൂടിയിരിക്കുന്ന പ്രമാണിമാരെ ശ്രദ്ധിച്ചു. അവർ ദേഷ്യം കൊണ്ട് വിറക്കുകയാണ്. ഉമയ്യത്തിബ്നു ഖലഫിന്റെ കണ്ണു കൾ കോപം കൊണ്ട് ചുവന്നു. കവിളുകൾ തുടു ത്തു. ഞാൻ ആലോചിച്ചു. ഈ ഇമാർ(റ) എന്താണീ പറഞ്ഞത്. ഇത് പറയാൻ എങ്ങനെ ധൈര്യ മുണ്ടായി.

മുഹമ്മദ്(സ), അല്ലാഹു വിനെ ആരാധിക്കുവാനും സത്യം പറയുവാനും അയൽ ക്കാരോട് നന്നായി വർത്തിക്കുവാനും ഉപദേശിക്കാറുണ്ടെന്ന് പറഞ്ഞാൽ മതിയായിരുന്നു. ഒരു പക്ഷേ ഇത് കേട്ടാൽ ഈ അക്രമികൾ ആ പാവത്തിനെ വിട്ടയക്കുമായിരുന്നു. അബൂ സുഫിയാൻ എല്ലായിപ്പോഴും ഒരു ചാട്ടവാർ തന്റെ കയ്യിൽ സൂക്ഷിക്കാറുണ്ടായിരുന്നു. ഹദ്റ ത്ത് ഇമാർ(റ) പറഞ്ഞത് കേട്ട മാത്രയിൽ അബൂസുഫിയാൻ എഴുന്നേറ്റ് ചാട്ടവാർ കൊണ്ട് ഇമാർ(റ)നെ പ്രഹരിച്ചു. എന്നിട്ട് അക്രോശിച്ചു.

''എടാ ഒരു ദൈവമോ? ഞങ്ങൾക്ക് മുന്നൂറ്റി അറുപത് ദേവീ ദേവന്മാരാണുള്ളത്. അവരാണ് ഞങ്ങളുടെ രക്ഷകർ. ഞങ്ങളെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും അവർ തന്നെയാണ്. അവർ തന്നെയാണ് ഞങ്ങളെ ഊട്ടുന്ന തും.''

എനിക്ക് നല്ല ഓർമയുണ്ട്. ഇന്നും ഞാൻ നന്നായി ഓർക്കുന്നു. എന്റെ ജീവിതം ആകെ മാറ്റി മറിച്ച നിമിഷമായിരുന്നു അത്. എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ വിപ്ലവം. ഞാൻ പോലും അറിയാതെ അത് സംഭവിച്ചു. അല്ലെങ്കിൽ സംഭവിക്കാൻ തുടങ്ങി.

അബൂസുഫിയാൻ ദേഷ്യം കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുകയാണ്. എ ന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. അബൂസുഫി യാൻ പറയുകയാണ്, "ഈ മുഹമ്മദ് (സ) എന്താണ് കാര്യങ്ങൾ മനസ്സിലാക്കാത്തത്? ഞങ്ങളുടെ

ധനസമ്പാദനത്തിനുള്ള മാർഗം ഈ ബിംബങ്ങളാണെന്ന് അവന് അറിഞ്ഞു കൂടാത്തതാണോ? ഈ ബിംബങ്ങളെ പൂജിക്കാനും അതിൽ കാണിക്കയർപ്പിക്കാനും വേണ്ടിയാണ് എല്ലാ കൊല്ലവും ഈ അറബ് ഗോത്രക്കാർ ഇവിടെ മക്കയിൽ വരുന്നത്. മാത്രവുമല്ല പൂജക്കായി ഞങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുന്ന ബിംബങ്ങളെ വിലയ്ക്ക് വാങ്ങിക്കൊണ്ട് പോവുകയും ചെയ്യുന്നു. ഈ ദേവന്മാരും ദേവിമാരും തന്നെയാണ് നമ്മുടെ ആരാധ്യർ. ഇവർ തന്നെയാണ് നമുക്ക് ആഹാരം നൽകുന്നത്.

ഞങ്ങൾ പാവപ്പെട്ടവരേയും ദരിദ്രരേയും സഹായിക്കാറുണ്ട്, സംരക്ഷിക്കാറുണ്ട്. എടാ, ഇമാർ, നീ ഒരു കാര്യം നന്നായി കേട്ടുകൊള്ളുക. മുന്നൂറ്റി അറുപത് ദേവീ ദേവന്മാരുടെ സ്ഥാനത്ത് കാണുകയും കേൾക്കുകയും ചെയ്യാത്ത നിന്റെ ഈ ഒരു ദൈവമുണ്ടല്ലോ, അവൻ എല്ലായിടത്തുമുണ്ടെന്നാണ് മുഹമ്മദ് (സ) പറയുന്നത്. ഇവിടെയുണ്ട്, അവിടെയുണ്ട്. ഈ വീട്ടിലുണ്ട്, ആ തോട്ടത്തിലുണ്ട്. മക്കയിലുണ്ട്, യസ്റബിലുണ്ട്. സൂര്യനിലുണ്ട്, ചന്ദ്രനിലുണ്ട്. പിന്നെ മക്കക്കാർ എവിടെ പോകും. എല്ലാവരുടേയും ദൈവം അവരവരുടെ വീടുകളിൽ തന്നെ ഉണ്ടെങ്കിൽ മക്കക്കാരായ ഞങ്ങൾ തുലഞ്ഞ് പോവില്ലേ? ഞങ്ങളുടെ സഹായം പിന്നെ ആർക്ക് വേണം. ഞങ്ങൾ ഉണ്ടാക്കി വെച്ചിരിക്കുന്ന ദേവീ ദേവന്മാരെ ആരാണ് പിന്നെ വാങ്ങുക? ഞങ്ങളുടെ ധനസമ്പാദനത്തിന്റെ കാര്യം എന്താകും?

അതുകൊണ്ട് ഇമാർ, നീ തന്നെ ആലോചിച്ച് നോക്കൂ. മുഹമ്മദിന്റെ ഈ പുതിയ വാദങ്ങൾ ഞങ്ങളെ തുലക്കാനും ഇല്ലാതാക്കാനുമല്ലേ സഹായിക്കുകയുള്ളൂ."

അബൂസുഫിയാന്റെ ഈ ചെറു പ്രസംഗത്തോടെ കാര്യങ്ങൾ അവസാനിക്കുമെന്നും എല്ലാവരും പിരിഞ്ഞ് പോകുമെന്നും ഇമാർ (റ)നെ വിട്ടയക്കുമെന്നുമായിരുന്നു എന്റെ ധാരണ. പെട്ടെന്ന് എന്റെ യജമാനനായ ഉമയ്യത്തിബ്നു ഖലഫ് മുന്നോട്ടു വന്നു. അൽപം മാറിയിരിക്കുകയായിരുന്ന എന്നെ നോക്കി കർക്കശ ശബ്ദത്തിൽ വിളിച്ചു. 'ബിലാൽ വാടാ ഇവിടെ'.

മക്കയിലെ പ്രമാണിമാരിൽ ഒരാളായ ഉമയ്യ അന്ന് പളപളാ തിളങ്ങുന്ന പട്ടുവസ്ത്ര മായിരുന്നു ധരിച്ചിരുന്നത്. അയാൾ നിലത്ത് കിടക്കുന്ന ഇമാർ(റ)ന്റെ അടുക്കൽ ചെന്ന് കൊണ്ട് എന്നെ ചൂണ്ടിക്കൊണ്ട് ചോദിച്ചു,

''എടാ ഇമാർ, ഇവൻ ബിലാൽ എന്റെ അടിമ. ഞാനിവനെ മക്കയിലെ ചന്തയിൽ നിന്നും എത്രയോ നാളുകൾക്ക് മുമ്പ് വാങ്ങിയതാണ്. എന്നേയും എന്റെ വീട്ടുക്കാരേയും സേവിക്കലാണ് ഇവന്റെ ജോലി. ഇവനും ഞാനും തുല്യരാണോ? നല്ലവണ്ണം ആലോചിച്ച് മറുപടി പറയണം." ഉമയ്യയുടെ ചോദ്യത്തിന്റെ ഉത്തരം എന്താണ്? അതെ എന്നോ, തുല്യരാണ് എന്നോ? ഒരിക്ക ലുമല്ല. എനിക്ക് ആ നാട്ടുപ്രമാണിമാരുടെ മുന്നിൽ എന്ത് സ്ഥാനമാണുള്ളത്?. അതുകൊണ്ട് ഉമയ്യ യുടെ ചോദ്യത്തിന് രണ്ട് ഉത്തരമില്ല. മക്കയിലെ നേതാക്കളിലൊരാളായ പ്രമാണിയായ ഉമയ്യത്തിബ്നു ഖലഫ് യജമാനനാണ്. ഞാനോ, തരംതാണ വെറും ഒരടിമ. ഉമയ്യ ആകാശത്തിലെ തിളങ്ങുന്ന നക്ഷത്രമാണ്. ഞാനോ ഭൂമിയിലെ ആർക്കും വേണ്ടാത്ത ഒരു വെറും മൺകട്ട. ഈ രണ്ട് പേരും എങ്ങനെ തുല്യരാകാനാണ്?

ഇമാർ(റ) മറുപടി പറയാനാകാതെ വിഷമിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു, "എല്ലാ മനുഷ്യവംശജരും എല്ലാ സമുദായങ്ങളിൽപ്പെട്ടവരും അല്ലാഹുവിന്റെ മുമ്പിൽ സമന്മാ രാണ് എന്ന് മുഹമ്മദ്(സ) ഞങ്ങളോട് പറയാറുണ്ട്.

അദ്ദേഹത്തിന്റെ മറുപടിക്ക് ശേഷം അൽപസമയം നിശ്ശബ്ദത പരന്നു. പിന്നീട് ഉമയ്യയുടെ ഗർജ്ജിക്കുന്ന ശബ്ദം ഞാൻ കേട്ടു. 'ബിലാൽ.. ആ ശബ്ദം എന്റെ ജീവിതം മാറ്റിമറിക്കുമെന്ന് എനിക്കറിയില്ലായിരുന്നു. അദൃശ്യകാര്യങ്ങളുടെ ജ്ഞാനിയായ അല്ലാഹുവിൽ ഞാൻ വിലയം പ്രാപിക്കുമെന്ന് സ്വപ്നത്തിൽ പോലും ഞാൻ നിനച്ചിരുന്നില്ല.

ഞാൻ ഉമയ്യയുടെ അടുത്ത് ചെന്നു. ഉമയ്യ അബൂസുഫിയാന്റെ ചാട്ടവാർ എന്റെ കയ്യിൽ തന്നുകൊണ്ട് എന്നോട് പറഞ്ഞു, ''ബിലാൽ ഇതാ ചാട്ടവാർ. മക്കയിലെ പ്രമാണിമാരും ബിലാലും തമ്മിലുള്ള വ്യത്യാസം ഇവന് പറഞ്ഞു കൊടുക്കൂ. ഇവന്റെ വായക്ക് തന്നെ അടിവീഴണം. ഉമയ്യയും അവന്റെ അടിമയും സമന്മാരല്ല എന്നവന് ബോധ്യം വരണം.''

ഹദ്റത്ത് ഇമാർ(റ) എന്നെ നോക്കി ഒരു ഭാവഭേദവുമില്ലാതെ ശാന്തനായിക്കൊണ്ട് തിരിഞ്ഞ് മുഖം എന്റെ നേരെയാക്കി. ഞാൻ എന്ത് ചെയ്യണമെന്നറിയാതെ ഇമാർ (റ) നേയും ഉമയ്യയേയും അബൂസുഫിയാനേയും മാറി മാറി നോക്കി.

ഞാൻ ആ സംഭവങ്ങളെല്ലാം തന്നെ ഇന്നലെ കഴിഞ്ഞതു പോലെ നന്നായി ഓർക്കുന്നു. അത് വിവരിക്കാൻ എനിക്ക് വാക്കുകളില്ല. അത് ആവർത്തിക്കാൻ എനിക്ക് ശക്തിയില്ല. അന്നെനിക്ക് എന്ത് സംഭവിച്ചു എന്ന് എനിക്ക് തന്നെ അറിയില്ല.

എനിക്ക് കണ്ണിൽ ഇരുട്ട് കയറാൻ തുടങ്ങി. എന്റെ മുന്നിൽ ഇമാർ ഇല്ല. ഉമയ്യയുമില്ല. അബൂസുഫിയാനു മില്ല. ഞാൻ പലതും ആലോചിക്കാൻ തുടങ്ങി. ഏതാനും നിമിഷ നേരത്തെ അബോധാവസ്ഥക്ക് ശേഷം ഞാൻ സ്വബോധത്തിലേക്ക് തിരിച്ച് വന്നു. ഇമാർ എന്റെ മുന്നിൽ തന്നെ നിൽപുണ്ട്. എന്റെ ജീവിതം മാറ്റിമറിച്ച നിമിഷമാണത്. എന്റെ യജമാനൻ, ഉമയ്യ അല്ലാതായി തീർന്നിരിക്കുന്നു. അയാൾ എന്റെ

ശരീരത്തിന്റെ മാത്രം യജമാനനായി ചുരുങ്ങി. എന്റെ യജമാനൻ മുഹമ്മദ്(സ) ആയി തീർന്നിരിക്കുന്നു. എന്റെ ആത്മാവ് അങ്ങേയ്ക്ക് സമർപ്പിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

ചാട്ടവാർ എന്റെ കയ്യിൽ നിന്നും താഴെ വീണു. അത് മന:പൂർവമായിരുന്നോ? ചുറ്റും കൂടിയിരിക്കുന്ന പ്രമാണിമാർക്ക് കാര്യം മനസ്സിലായി. അടിമയായ ഞാൻ സ്വന്തം യജമാനന്റെ ആജ്ഞ ലംഘിച്ചിരിക്കുന്നു. അവർ ദേഷ്യം കൊണ്ട് കിതക്കാൻ തുടങ്ങി. ഞാനും ചിന്തിച്ചു., ഞാനെന്താണ് ഈ കാണിച്ചത്.

ഇമാർ(റ) എന്റെ അടുക്കൽ വന്ന് കുനിഞ്ഞ് കൊണ്ട് ചാട്ടവാർ എടുത്ത് എന്റെ കയ്യിൽ തന്നു കൊണ്ട് പതുക്കെ പറഞ്ഞു, ‘‘ബിലാൽ.. ഇതാ ചാട്ടവാർ. നീ നിന്റെ യജമാനനെ അനുസരി ക്കൂ. അല്ലെങ്കിൽ അവർ നിന്നെ പിച്ചി ചീന്തും. അവരെ അനുസരിക്കാതെ നിനക്ക് ജീവിക്കാനനുവാദമുണ്ടാവില്ല.’’

ഞാൻ ഏതാനും നിമിഷം പലതും ആലോചിച്ച് നിന്ന ശേഷം ചാട്ടവാർ ദൂരെ വലിച്ചെറിഞ്ഞു. ഞാനെല്ലാം തീരുമാനിച്ചുകഴിഞ്ഞിരുന്നു. എന്റെ ഹൃദയത്തിൽ ഒരണുപോലും ഭയമില്ല. ഞാൻ ഇടക്കണ്ണ് കൊണ്ട് അബൂസുഫിയാനെ ഒന്നു നോക്കി. അയാൾ ആംഗ്യഭാഷയിൽ ഉമയ്യത്തിബ്നു ഖലഫിനോട് എന്തോ പറയുകയായിരുന്നു. പിന്നീട് ഞാൻ അബൂസുഫിയാന്റെ ഭാര്യ ഹിന്ദയെ നോക്കി. ഞാനിതുവരേയും അവരെ ശരിക്കൊന്ന് നോക്കിയിട്ടില്ല. അവർ അർത്ഥ ഗർഭമായി പുഞ്ചിരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഒരു വിഷലിപ്തമായ പുഞ്ചിരി. ഉമയ്യക്ക് ദേഷ്യം കൊണ്ട് സംസാരിക്കാനാവുന്നില്ല. ആകെ നിശ്ശബ്ദത. ഏതാനും നേരത്തെ ഇടവേളക്ക് ശേഷം കൊടുങ്കാറ്റ് നീങ്ങി. ഉമയ്യ സംസാരിക്കാൻ തുടങ്ങി.

അയാൾ പറയുകയാണ്, ‘ബിലാൽ, എന്റെ വീട്ടിൽ എന്റെ ദേവീ ദേവന്മാർക്ക് മാത്രമേ സ്ഥാനമുള്ളൂ. അവിടെ ഒരു ദൈവത്തെ കൊണ്ടുവരാൻ ശ്രമിക്കരുത്. നിന്റെ ഈ ധിക്കാരം അതിന്റെ മുന്നോടിയാണെന്നെനിക്ക് മനസ്സിലായി. ഞാനത് ഒരിക്കലും അനുവദിക്കില്ല. എന്നിട്ടയാൾ അസ്തമയ സൂര്യനെ നോക്കി കൊണ്ട് പറഞ്ഞു, ‘നിന്നെ ഞാൻ പാഠം പഠിപ്പിക്കും. ഇന്നല്ല നാളെ. ഇന്ന് സൂര്യൻ അസ്തമിച്ച് തുടങ്ങിയിരുന്നു. നാളത്തെ ചുട്ടുപൊള്ളുന്ന വെയിലിൽ നീ എല്ലാം പഠിച്ച് കൊള്ളും.’

പിന്നീട് അവരെല്ലാം ചേർന്ന് എന്റെ കൈകാലുകൾ വരിഞ്ഞ് കെട്ടി. കഴുത്തിലും കയർ മുറുകി. ശ്വസിക്കാമെന്ന് മാത്രം. എന്നിട്ടവർ ആജ്ഞാലംഘകരായ അടിമകൾക്കുള്ള ഇരുട്ടറയിൽ തള്ളി. എനിക്ക് ഒരണുപോലും ദു:ഖമോ ഭയമോ ഉണ്ടായിരുന്നില്ല. മറ്റെന്തോ അജ്ഞാത കാരണത്താൽ മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ ഞാൻ സന്തോഷവാനാണ്. മറ്റ് അടിമകൾക്ക് കൂടി പാഠമാകത്തക്ക നിലയിലുള്ള ശിക്ഷയാണ് എനിക്ക് ലഭിക്കാൻ പോകുന്നത്. മേലിൽ മറ്റൊരടിമയും ഇതുപോലെ ആജ്ഞാലംഘനത്തിന് ധൈര്യം കാണിക്കരുത്.

ഞാൻ മരണം പ്രതീക്ഷിച്ച് കൊണ്ട് ആ ഇരുട്ടറയിൽ കിടന്നു. ആ കാത്തിരിപ്പ് എന്റെ മനസ്സിൽ പലതരം ഓർമകളുടെ പൂത്തിരികൾ തെളിയിച്ചു. ഞാനെന്റെ പ്രിയപ്പെട്ട പിതാവിനെ ഓർത്തു. അടിമയായിരുന്ന എന്റെ പിതാവിന് വസ്ത്രങ്ങളിൽ ചായം മുക്കുന്ന ജോലിയായിരുന്നു യജമാനൻ നൽകിയത്. അതികഠിനവും ആരോഗ്യത്തിന് ഒട്ടും യോജിക്കാത്തതുമായ ആ ജോലി കാരണം അദ്ദേഹത്തിന് അകാല വാർധക്യം ബാധിച്ചു. രോഗിയായി വളരെ കഷ്ടതയനുഭവിച്ചാ ണ് അദ്ദേഹം മരിച്ചത്. പിന്നീട് ഞാനെന്റെ ഉമ്മയെ ഓർത്തു. അവർക്ക് അതികഠിനമായ ചുമയു ടെ അസുഖമായിരുന്നു. പാവം എന്റെ ഉമ്മ ചുമച്ചു ചുമച്ചാണ് മരണപ്പെട്ടത്.

ചെങ്കടലിനക്കരെ ഹബ്ശയിൽ നിന്നാണ് എന്റെ മാതാപിതാക്കളെ അടിമകളാക്കി കൊണ്ടുവന്നത്. അവരെങ്ങിനെ അടിമകളായി. ഞാൻ എന്റെ ഉമ്മായോട് പലപ്രാവശ്യം ചോദിച്ച ചോദ്യമാണത്. ഉമ്മ കൃത്യമായ ഉത്തരം നൽകിയില്ലെങ്കിലും ഗർഭസ്ഥ ശിശുവായിരുന്ന സമയത്ത് ഞാ ൻ സ്വതന്ത്രനായിരുന്നുവെന്നും പക്ഷേ ജനിച്ചത് അടിമ ജീവിതത്തിലായിരുന്നുവെന്നും ഉമ്മ എനിക്ക് പറഞ്ഞു തന്നിട്ടുണ്ട്. അത് കാരണത്താൽ, എന്റെ ആരംഭകാലത്തെങ്കിലും ഞാൻ അടിമ അല്ലായിരുന്നുവല്ലോ എന്ന് കരുതി എനിക്ക് ആശ്വാസം തോന്നാറുണ്ട്.

ഞാൻ ഇപ്പോൾ ഇരുട്ടറയിൽ കൈകാലുകളും ശരീരവും ബന്ധിച്ച നിലയിൽ കിടക്കുകയാണ്. ശരീരത്തിന്റെ പല ഭാഗത്തും തൊലിമുറിഞ്ഞുള്ള അസഹ്യമായ വേദനയുണ്ട്. ഞാൻ നാളത്തെ സൂര്യനെയാണ് കാത്തിരിക്കുന്നത്. മക്കയിലെ സൂര്യൻ കുറ്റവാളികളായ അടിമകൾക്ക് മരണ സന്ദേശമാണ് എപ്പോഴും കൊണ്ടുവരാറ്. ഞാൻ പിന്നീട് ഹദ്റത്ത് ഇമാർ(റ)നെ ഓർത്തു. അദ്ദേഹം കാരണമാണോ എനിക്ക് ഈ ഗതി വന്ന്പെട്ടത്. അല്ല. ഒരിക്കലുമല്ല. അദ്ദേഹം ചാട്ടവാർ എടുത്ത് തന്ന്കൊണ്ട് അദ്ദേഹത്തെ പ്രഹരിക്കാൻ പറഞ്ഞതായിരുന്നുവല്ലോ. എങ്കിൽ ഞാൻ ഈ ശിക്ഷയിൽ നിന്നും രക്ഷപ്പെടുമായിരുന്നു. പിന്നെ ഇതെന്റെ തീരുമാനമായിരുന്നുവോ? തീരുമാനമോ? ഒരടിമക്ക് തീരുമാനമെടുക്കാനുള്ള അവകാശം ആര് നൽകാനാണ്. അടിമ മറ്റുള്ളവരുടെ തീരുമാനത്തിലാണ് പ്രവർത്തിക്കാറ്. പിന്നെ ഇതെന്താണ്? ഇതെന്റെ ധീരതയായിരുന്നുവോ? അല്ലെങ്കിൽ മഢയത്തരമായിരുന്നുവോ? അല്ല ഒരിക്കലുമല്ല. ഇതെന്റെ ധീരതയല്ല. ഞാൻ മൂഢനുമല്ല. ഇതിന്റെ ഉത്തരം മറ്റൊന്നാണ്. ഞാൻ അറിയാതെ, എന്റെ

ഹൃദയത്തിൽ കയറിയ ഉത്തരം. അതാണ് മുഹമ്മദ് (സ).

ഞാൻ മുഹമ്മദ് ഇബ്നു അബ്ദുല്ലായെ പല പ്രാവശ്യം കണ്ടിട്ടുണ്ട്. എങ്കിലും ഒരിക്കലും സംസാരിച്ചിട്ടില്ല. ഹജ്ജോ അതു പോലുള്ള മറ്റ് ഉത്സവങ്ങളോ അവസാനിച്ചാൽ മക്ക വീണ്ടും പഴയ സ്ഥിതിയിലേക്ക് മടങ്ങി വരും. ജനങ്ങൾ പലപ്പോഴും എന്റെ അടുത്തു കൂടി കടന്ന് പോകും. ഒരടിമയായ എനിക്ക് എന്ത് വില. എന്ത് സ്ഥാനം. ഒരു പട്ടിയെ നോക്കുന്ന കണ്ണ് കൊണ്ട് പോലും ആരും എന്നെ ശ്രദ്ധിക്കാറില്ല. എന്നാൽ അബ്ദുല്ലായുടെ മകൻ മുഹമ്മദ് (സ)ന്റെ സ്ഥിതി മറ്റൊന്നായിരുന്നു. അദ്ദേഹം എന്റെ അടുത്തു കൂടി കടന്നു പോകുമ്പോൾ അദ്ദേഹത്തിന്റെ സ്നേഹനി ർഭരമായ നോട്ടം ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. ഏതോ അടുത്ത ഒരു ബന്ധുവിനെ തിരയുന്ന തുപോലെ അദ്ദേഹം എന്നെ നോക്കുമായിരുന്നു. അതെന്റെ വേദനിക്കുന്ന മനസ്സിന് ആശ്വാസം പകരാറുണ്ട്. എനിക്കതുമതി.

ഞാൻ ഇവിടെ ഈ ഇരുട്ടറയിൽ അനങ്ങാൻ പോലും പറ്റാത്ത അവസ്ഥയിൽ ഒരു ദൈവത്തെ കുറിച്ച് ആലോചിക്കുക യായിരുന്നു. മുഹമ്മദ് (സ) പറയുന്ന സർവ്വശക്തനായ, എല്ലായിടത്തുമുള്ള കാരുണ്യവാനായ ദൈവം. അന്ന് ഞാൻ എഴുത്തും വായനയും അറിയാത്ത തികച്ചും നിരക്ഷരനായിരുന്നു. എങ്കിലും ഞാനറിയാതെ എന്റെ ഹൃദയത്തിൽ എന്തിനോ വേണ്ടി യുള്ള അടങ്ങാത്ത ദാഹമുണ്ടായിരുന്നു. ഞാൻ ആ ദാഹശമന ത്തിന് പലയിടത്തും കറങ്ങിയിട്ടു ണ്ട്.

മനുഷ്യർ, അല്ലാഹുവിനെ സ്വയം അന്വേഷിച്ച് കണ്ടെത്തുന്ന തായി പലരും പറയുന്നു. എന്നാൽ അത് ശരിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. കരുണാവാരിധിയായ അല്ലാഹുവാണ് അവന് വേണ്ടവരെ തിരഞ്ഞെടുക്കുന്നത്. അവന്റെ അനുവാദമില്ലാതെ അവനെ ആർക്കാണ് അന്വേഷിച്ച് കണ്ടെത്തു വാൻ സാധിക്കുക. ഏകനും സർവശക്തനും വിളിക്കുന്നവന്റെ വിളി കേൾക്കുന്നവനുമായ രക്ഷിതാവേ, നിന്റെ അനുവാദ ത്തോടെ ഈ രാത്രി ഞാൻ നിന്നെ കണ്ടെത്തിയിരിക്കുന്നു. ഞാൻ മനസ്സ് കൊണ്ട് നിനക്ക് മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു. ഞാൻ ബി ലാൽ മനസ്സ് കൊണ്ട് ഇസ്ലാം മതം സ്വീകരിച്ചിരിക്കുന്നു.

ഇപ്പോൾ എന്നെ വരിഞ്ഞു കെട്ടിയിരിക്കുന്ന കയറുകളും അതുകൊണ്ടുള്ള വേദനകളും യാതനകളും ഒന്നുമല്ലാതായിതീർന്നു. അതൊക്കെ തന്നെ സന്തോഷദായകങ്ങളായി മാറി. എന്റെ ആത്മാവ് ഇപ്പോൾ സന്തോഷ ഗീതങ്ങൾ ആലപിച്ച് കൊണ്ട് അല്ലാഹുവിന് മുമ്പിൽ സാഷ്ടാംഗം നമസ്ക്കരിക്കുകയും അവന്റെ കാരുണ്യത്തിനായി കാത്തിരിക്കുകയുമാണ്. അതിലൂടെ എന്റെ എല്ലാ വേദനകളും ഭയവും അലിഞ്ഞില്ലാതായി.

നേരം പുലർന്നു. അല്ലാഹു വിന്റെ കൽപനയാൽ പുതിയ സൂര്യൻ ഉദിച്ചു. എല്ലാം അ ല്ലാഹുവിന്റെ കൽപനയാലാണ് സംഭവിക്കുന്നത്. അവർ വന്നു. ഇരുട്ടറയുടെ വാതിൽ തുറക്കപ്പെ ട്ടു. ഞാനവരോട് കാരുണ്യത്തിന്നായി യാചിക്കുമെന്നാണ് അവർ കരുതിയത്. ഞാനവരുടെ കാല് പിടിച്ച് മാപ്പ് പറയുമെന്നവർ വിചാരിച്ചു. അവർ മുഖേന എനിക്ക് അല്ലാഹുവിനെ ലഭിച്ചിരിക്കുന്നു. അതുകൊണ്ട് ഞാനവരോട് നന്ദി പറഞ്ഞു. ഒറ്റ രാത്രി കൊണ്ട് എനിക്ക് ബുദ്ധി ഭ്രംശം സംഭ വിച്ചതായി അവർ സംശയിച്ചു. അവർക്കെന്തറിയാം. ഇനിയിപ്പോൾ എനിക്ക് പരിപൂർണ്ണ ആശ്ര യവും സഹായിയും എന്റെ രക്ഷിതാവായ അല്ലാഹുവാകുന്നു. ഇനി അവർ എത്ര ക്രൂരത കാണി ച്ചാലും ഞാനത് അല്ലാഹുവിന്റെ വിധിയാണെന്ന് കരുതും. അതിൽ ഞാൻ സംതൃപ്തനാണ്.

വലിയൊരു ജനാവലി എനിക്ക് ശിക്ഷ നടപ്പാക്കുന്നത് കാണാൻ എത്തീയിട്ടുണ്ട്. കഴു ത്തിൽ കെട്ടിയിരിക്കുന്ന കയർ കൊണ്ട് ഏറെ കുറെ നഗ്നനായ എന്നെ ഇടവഴിയിലൂടെ, തെരുവി ലൂടെ വലിച്ചിഴച്ചു. ഞാനന്റെ യജമാനന്റെ കൽപന ലംഘിച്ച തായി ജനങ്ങൾ അറിഞ്ഞിരുന്നു. യജ മാനനോട് അനുസരണയില്ലാത്ത കൂറില്ലാത്ത അടിമക്ക് ജീവിക്കാൻ അവകാശമില്ല. അത് ഒരു യജ മാനനും സഹിക്കുകയില്ല. ഉമയ്യത്തിബ്നു ഖലഫിന് എന്നെ വാങ്ങാൻ ചിലവായ പണം തിരികെ ലഭിക്കണം. ഞാനയാളുടെ പണ മാണ്. പണം നഷ്ടപ്പെടുത്താൻ അയാൾ തയ്യാറല്ല. ആജ്ഞാലംഘനം നടത്തിയ എന്റെ തൊലി ഉരിയണം. മറ്റ് അടിമകൾക്കും ഇതൊരു പാഠമാകണം. ക്രൂരത എന്തായാലും ക്രൂരതയാണ്. ഭൂരിപക്ഷം ആളുകളും അത് മനസ്സ് കൊണ്ട് എതിർക്കുന്നു. പലർ ക്കും തുറന്ന് പറയാൻ സാധിക്കുന്നില്ല. നേതാക്കളെ ഭയമാണ്.

എന്റെ ദീനരോദനം കേൾക്കാതിരിക്കാനാവാം പലരും തങ്ങളുടെ വീടിന്റെ വാതിലു കളും ജനലുകളും കൊട്ടിയടച്ചു. ഈ സംഭവം നടന്നിട്ട് അമ്പത് വർഷം കഴിഞ്ഞിരിക്കുന്നു. എനി ക്ക് ഉമയ്യത്തിബ്നു ഖലഫിനോട് സഹതാപമാണുള്ളത്. കാരണം മറ്റുള്ളവരോട് ക്രൂരത കാണിക്കുന്നവരെ അല്ലാഹു ഈ ലോകത്ത് വെച്ച് തന്നെ പിടികൂടും. ഞാനിത് നിങ്ങളോട് വിവരിക്കുമ്പോൾ അയാൾ ഏതോ നരകത്തിന്റെ അടിത്തട്ടിൽ കിടന്ന് പിടയുന്നു ണ്ടാകാം. അവനെ അല്ലാഹു എന്റെ കയ്യാൽ തന്നെ ഈ ലോകത്ത് നിന്ന് യാത്രയാക്കി. ആ കഥ ഞാൻ

വഴിയെ പറയാം.

ഞാനിപ്പോൾ ഒരു മനുഷ്യ ജീവിയല്ല. രണ്ട് കാലുള്ള ഏതോ മൃഗം. എന്നെ ചുട്ടുപൊള്ളുന്ന മണലിൽ കിടത്തി. ചുറ്റിലും കാഴ്ചക്കാരുണ്ട്. ഉമയ്യ ചാട്ടവാർ കയ്യിലേന്തി. ഇനി എന്ത് പറയാൻ. ക്രൂരതയുടേയും അതിക്രമത്തിന്റേയും വേദനയുടേയും നിസ്സഹായതയുടേയും കഥ. ഉമയ്യ എന്നെ ചാട്ടവാർ കൊണ്ട് ആഞ്ഞ് ആഞ്ഞ് പ്രഹരിക്കുകയാണ്. പക്ഷേ എന്റെ രക്ഷിതാവ്, അസംഖ്യം ശക്തികളുടെ കേദാരമായ എന്റെ നാഥൻ എല്ലാം സഹിക്കുവാനുള്ള ശക്തി എനിക്ക് തന്നിട്ടുണ്ട്. അയാളുടെ പ്രഹരം എന്റെ ശരീരത്തിൽ മാത്രമാണ് ഏൽക്കുന്നത്. എന്റെ ഹൃദയത്തേയോ എന്റെ ആത്മാവിനേയോ പ്രഹരിക്കാൻ അയാൾക്കെങ്ങനെ സാധിക്കും.

അന്ന് ഞാൻ എന്റെ രക്ഷിതാവിനെ വിളിച്ചത് ഇന്നും നന്നായി ഓർക്കുന്നു. ഞാൻ ഇസ്ലാമിൽ പ്രവേശിച്ച ശേഷം അല്ലാഹുവിലേക്ക് നമസ്കാരത്തിന്നായി മുഅ്മിനീങ്ങളെ ബാങ്കിലൂടെ എണ്ണമറ്റ തവണ വിളിച്ചിട്ടുണ്ട്. അന്നെനിക്ക് ഒരു കാര്യം മാത്രമേ ഓർമ്മയുള്ളൂ. ഓരോ ചാട്ടവാർ അടികൊള്ളുമ്പോഴും അഹദ്..അഹദ് അല്ലാഹു ഏകനാണ്, അല്ലാഹു ഏകനാണ് എന്ന് ഞാൻ പറഞ്ഞുകൊണ്ടിരുന്നു. അങ്ങിനെ വിളിക്കുമ്പോഴൊക്കെ അവൻ, എന്റെ അല്ലാഹു, എന്റെ നാഥൻ എന്റെ ഹൃദയത്തിന് മറുപടി നൽകിയിരുന്നു. അല്ലാഹുവിൽ നിന്നുള്ള മറുപടിയും സ്വാന്തനവും ഹൃദയത്തിനാണ് ലഭിക്കുക. ഞാൻ ചാട്ടവാർ അടി കൊള്ളുകയാണ്. മെല്ലെ മെല്ലെ എന്റെ ശബ്ദം നിലച്ചു. എന്നിട്ടും ഞാൻ അവരോട് കാരുണ്യത്തിനായി യാചിച്ചില്ല. എനിക്ക് അല്ലാഹുവിന്റെ കാരുണ്യം മാത്രം മതി.

ചാട്ടവർ അടി കൊള്ളുന്നതിനിടയിൽ ഞാൻ മരിച്ചിരുന്നുവെങ്കിൽ ഉമയ്യക്ക് എന്തെന്നില്ലാത്ത ദു:ഖമുണ്ടാകുമായിരുന്നു. അയാളുടെ ദേഷ്യം തീരുന്നതിന് മുമ്പ് ഈ വൃത്തിക്കെട്ട മൃഗം ചത്തുപോയല്ലോ എന്ന ദു:ഖം. ഉമയ്യ എന്നെ പ്രഹരിച്ച് പ്രഹരിച്ച് തളർന്നുപോയി. ചാട്ടവാർ താഴെ ഇട്ടു. അപ്പോൾ അണിഞ്ഞൊരുങ്ങി സുഗന്ധം പൂശി ഒരു വശത്ത് നിൽക്കുകയായിരുന്ന അബൂ സുഫിയാന്റെ ഭാര്യ ഹിന്ദ കുണുങ്ങി കുണുങ്ങി, ചാട്ടവാർ അടികൊണ്ട് ഏറെ കുറെ തികച്ചും ജീവച്ഛവമായ എന്റെ അടുക്കൽ വന്നിരുന്നു. അപ്പോഴും ഞാൻ അഹദ് അഹദ് എന്ന് പതുക്കെ വിളിക്കുകയായിരുന്നു. അതുകേട്ട ഹിന്ദ അവിടെ കൂടിയിരിക്കുന്നവരോടായി, ഇത്രയൊക്കെയാ യിട്ടും ഈതെമ്മാടി അവന്റെ അല്ലാഹുവിനെയാണല്ലോ വിളിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് അവിടെ നിന്നും പോയി. ഇത് കേൾക്കേണ്ട താമസം ചാട്ടവാർ കൊണ്ടുള്ള പ്രഹരം വീണ്ടും ആരംഭിച്ചു. അന്ന് എന്നെ ആരൊക്കെ പ്രഹരിച്ചു എന്നെനിക്കറിയില്ല.

ഞാൻ ഏകദേശം മരിച്ചു കഴിഞ്ഞിരുന്നു. മരണത്തിന്റെ രുചി ജീവിക്കുന്നവർക്ക് അറിയില്ല. മരണമെന്താണെന്ന് മരിക്കുന്നവന് മാത്രമേ അറിയാവൂ. ചാട്ടവാർ കൊണ്ടുള്ള വേദന ഞാൻ അറിയാതായി. കുറച്ച് കഴിഞ്ഞപ്പോൾ ധാന്യം പൊടിക്കാനുപയോഗിക്കുന്ന വലിയ കരിങ്കൽ പാളികളിലൊന്ന് എന്റെ നെഞ്ചിൽ കയറ്റി വെച്ചു. ചുട്ടു തിളക്കുന്ന മണൽ കൊണ്ട് എന്റെ പുറം പൊള്ളി കരിഞ്ഞു. എന്റെ അവസാന ശ്വാസവും ഇപ്പോൾ നിലക്കുമെന്നായി. ദാഹം കൊണ്ട് ഒരിറ്റ് വെള്ളത്തിന്നായി എന്റെ നാവ് പുറത്തേക്ക് വന്നപ്പോൾ ഉമയ്യ എന്റെ അടുക്കൽ വന്ന് കൊണ്ട്, ലാത്തയും ഉസ്സയും മനാത്തും എന്റെ ദേവീ ദേവന്മാരാണെന്ന് പറയടാ ശവമേ എന്ന് ഗർജിച്ചു. ഞാൻ അപ്പോഴും അഹദ് അഹദ് എന്ന് ചുണ്ടനക്കി. പിന്നീട് എനിക്കൊന്നും ഓർമ്മയില്ല. എന്റെ കണ്ണുകൾ അടഞ്ഞു. ചുണ്ടുകൾ ചലിക്കാതായി.

പിന്നീട് എന്റെ മുമ്പിൽ മറ്റൊരു ദൃശ്യം പ്രത്യക്ഷപ്പെട്ടു. തെളിഞ്ഞ നീലിമയാർന്ന ആകാശം. അവിടെ പച്ച പിടിച്ച പാടങ്ങളും വൃക്ഷലതാദികളും ഞാൻ കണ്ടു. പൂക്കളും പഴങ്ങളും നിറഞ്ഞ തോട്ടങ്ങളും ഞാൻ കണ്ടു. ഞാൻ ഒരു മരത്തിന്റെ ശീതളഛായയിൽ അൽപനേരം ഇരുന്നു. അവിടെ ധാരാളം സ്ത്രീ പുരുഷ ാരും ഉണ്ടായിരുന്നു. എല്ലാ തലമുറയിലും വംശത്തിലുമുള്ളവർ അവിടെ വളരെ അഭിമാനത്തോടെ വളരെ സന്തോഷത്തോടെ ചുറ്റിക്കറങ്ങുകയാണ്. പിന്നീട് എന്നെ ആരോ ഒരു ഉറവയുടെ അരികിലേക്ക് ആനയിച്ചു. ഞാനവിടെ നിന്ന് മതിവരു വോളം തണുത്ത ജലം പാനം ചെയ്തു. അതോടെ എന്റെ എല്ലാ ദാഹവും ശമിച്ചു. എന്റെ എല്ലാ ക്ഷീണവും അകന്ന് ഇല്ലാതായി. ഞാൻ കുറെ കൂടി അല്ലാഹുവിനരികിൽ എത്തിയതുപോലെ എനിക്ക് തോന്നി.

ഇത് സ്വപ്നമായിരുന്നോ അല്ലെങ്കിൽ യാഥാർത്ഥ്യമായിരുന്നോ? അല്ലെങ്കിൽ ചാട്ടവാ റടി കൊണ്ട് പുളഞ്ഞ് സ്വബോധം നഷ്ടപ്പെട്ടത് കൊണ്ടുള്ള പേക്കിനാവായിരുന്നോ? എനിക്കറിയില്ല. ചാട്ടവാർ അടികൊണ്ട് പുളഞ്ഞിരുന്ന എടൊ ബിലാൽ, അന്ന് നീ അനുഗ്രഹീതരായ ആത്മാക്കളുടെ വാസസ്ഥലം ദർശിച്ചിരുന്നുവോ, സ്വർഗ്ഗവാസികൾക്കുള്ള നീരുറവയിൽ നിന്നും നീയും പാനം ചെയ്തിരുന്നുവോ എന്ന് ഞാൻ എന്നോട് തന്നെ ചോദിക്കാറുണ്ട്. ഉത്തരം കിട്ടാത്ത ചോദ്യം. (തുടരും)

www.alislam.org

# വിവാഹ മോചനവും ഇസ്‌ലാമും

വിവാഹ മോചനം വേദനാജനകമാണ്. നിരവധി ഉപാധികളുള്ള സമയ ബന്ധിത പ്രക്രിയയാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമങ്ങൾ. ആ നിയമങ്ങൾ തന്നെ വിവാഹ മോചനത്തെ സ്വയം ദുർബലപ്പെടുത്തി അനുരഞ്ജനത്തിന്റെ മാർഗത്തിലേക്ക് വരാൻ നിർബന്ധിക്കുന്നവയാണ്. മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യബന്ധത്തിന് ഏറ്റവും കുറഞ്ഞ ആഘാത മേൽപ്പിക്കുന്ന രീതിയിലാണ് ഇസ്‌ലാം വിവാഹ മോചന നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

**എ. എം. മുഹമ്മദ് സലീം**

വിവാഹമോചനം നിയമപരമായി അനുവദിച്ചതിന്റെ പേരിൽ വളരെയേറെ വിമർശനങ്ങൾക്ക് വിധേയമായ മതമാണ് ഇസ്‌ലാം. മറ്റു മതങ്ങളിലുള്ളത് പോലെ യാതൊരു നിലക്കും വിച്ഛേദിക്കാൻ കഴിയാത്ത ഒരു വിശുദ്ധ ബന്ധമാണ് (Sacrament) വിവാഹം എന്ന് ഇസ്‌ലാം കരുതുന്നില്ല. അതൊരു കരാറാണ്. വിവാഹപങ്കാളികൾ വിജയിപ്പിക്കാൻ ബാധ്യസ്ഥമായ ബലവത്തും വിശുദ്ധവുമായ ഒരു കരാർ. ദൈവം കൂട്ടിചേർത്തതിനെ മനുഷ്യന് വേർപ്പെടുത്താൻ പാടില്ല എന്ന് പറഞ്ഞ് വിവാഹ മോചനത്തിന് അനുവാദം നൽകാത്ത ക്രൈസ്തവ സമൂഹത്തിലാണ് ഇന്ന് വിവാഹ മോചനം വളരെ കൂടുതൽ കാണപ്പെടുന്നത് എന്നത് ഒരു വിരോധാഭാസമാണ്. ക്രൈസ്തവ യൂറോപ്പിൽ മാത്രമല്ല എല്ലാ ആധുനിക പരിഷ്കൃത സമൂഹങ്ങളിലും വിവാഹമോചനം സാർവത്രികമായ ഒരു പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുകയാണ്. ആധുനിക മനുഷ്യന്റെ വ്യക്തി ജീവിതത്തിലെ പ്രശ്നങ്ങളുടെയും സംഘർഷങ്ങളുടേയും ആധിക്യമാണ് വർധിച്ചു വരുന്ന ഈ വിവാഹമോചന നിരക്ക് സൂചിപ്പിക്കുന്നത്. അതോടൊപ്പം ജീവിത യാഥാർഥ്യങ്ങൾ അഭിമുഖീകരിക്കുന്നതിലും ധാർമിക ശക്തിയുടെ പിൻബലത്തോടെ പൊരുത്തക്കേടുകളും അപസ്വരങ്ങളും തരണം ചെയ്യുന്നതിലും മനുഷ്യൻ നേരിടുന്ന പരാജയത്തേയും ഇത് സൂചിപ്പിക്കുന്നു.

മനുഷ്യ വർഗത്തിൽപ്പെട്ട സ്ത്രീക്കും പുരുഷനും അവർ ഏത് ജാതിയിലോ വർഗത്തിലോ വംശത്തിലോ പെട്ടവരായിരുന്നാലും ഭാര്യാഭർത്താക്കന്മാരായി പരസ്പരം ശാന്തി പകർന്ന് കൊണ്ട് ഇണക്കത്തോടെ ജീവിക്കാൻ കഴിയും എന്നത് ദൈവത്തിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമായി ഖുർആൻ പറയുന്നു: ***' നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചു എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. നിങ്ങൾ അവരോട് കൂടി ചേർന്ന് മനസ്സമാധാനം കൈവരുത്തുവാൻ വേണ്ടിയാണത്. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്). ചിന്തിക്കുന്ന ജനതക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.'*** *(30:22)*

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ച ദൈവം അവരെ കാണാചരടുകൊണ്ട് ബന്ധിച്ച് ആ ഇണക്കത്തെ ദൃഢപ്പെടുത്തിയിരിക്കുന്നു എന്ന് അല്ലാഹു അഭിമാനപൂർവം പ്രസ്താവിക്കുന്നു. ഭൂമിയിൽ നടക്കുന്ന വിവാഹങ്ങളിൽ ബഹുഭൂരിപക്ഷവും സ്നേഹവാത്സല്യങ്ങളുടെ ദൈവിക അനുഗ്രഹത്താൽ സമ്പന്നമാണ് എന്നത് ഈ ഖുർആൻ വചനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നിർഭാഗ്യവാനായ മനുഷ്യനാണ് തന്റെ പിഴവുകൾ കൊണ്ട് വിവാഹബന്ധത്തെ വിച്ഛേദിക്കുന്നത്. ഒരു ധർമസംഹിതയുടേയോ മതാധ്യാപനങ്ങളുടെയും സഹായമില്ലാതെ തന്നെ മനുഷ്യന് അല്ലാഹു നൽകിയ പ്രകൃത്യായുള്ള ഇണകളുടെ പരസ്പര സ്നേഹത്തിന്റെ ബലത്തിൽ വിജയകരമായ വൈവാഹിക ജീവിതം നയിക്കാനാ

വും. വൈവാഹിക ജീവിതത്തെ ശാന്തിപൂർണമാക്കാൻ ഇസ്‌ലാം നൽകുന്ന അധ്യാപനങ്ങൾ നിസ്തുലമാണ്. വധൂ വരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവർക്കുള്ള യോഗ്യതയെ പറ്റിയുള്ള അധ്യാപനങ്ങൾ ഇസ്‌ലാം നൽകുന്നു. ദാമ്പത്യ ജീവിതത്തിന്റെ നാനാ വശങ്ങളിലേക്കും വെളിച്ചം വീശുന്ന ഉപദേശങ്ങൾ റസൂൽ തിരുമേനി (സ)യുടെ ചര്യയെന്ന നിലക്ക് നൽകി കൊണ്ടാണ് മിക്ക മുസ്‌ലിം വിവാഹങ്ങളും നടക്കുന്നത്. അതുകൊണ്ട് മുസ്‌ലിം സമൂഹത്തിൽ വിവാഹ മോചനം അനുവദിക്കപ്പെട്ടിട്ടും പൊതുവേ ദാമ്പത്യ ജീവിതം സംഘർഷരഹിതമാണ്. എന്നാലും വിവാഹ മോചന നിരക്ക് മുസ്‌ലിം സമുദായത്തിലും ആധുനിക കാലത്ത് താരതമ്യേന വർധിച്ചു വരുന്നത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അഭിലഷണീയമല്ല.

വിഭിന്നങ്ങളായ വ്യക്തിത്വങ്ങൾ ദാമ്പത്യചരടിൽ ബന്ധിക്കപ്പെടുമ്പോൾ ഐക്യത്തോടൊപ്പം തന്നെ ജീവിത വീക്ഷണങ്ങളിൽ ഭിന്നതകളും വൈരുദ്ധ്യങ്ങളും സ്വാഭാവികമാണ്. പൊരുത്തക്കേടുകളും അസ്വാരസ്യങ്ങളും ഏകോപിപ്പിച്ച് ഇണക്കത്തോടും പരസ്പര സ്നേഹത്തോടും കൂടി മുന്നോട്ടു പോകലാണ് വൈവാഹിക ജീവിതം. വിവാഹ മോചനത്തിന്റെ കാരണങ്ങൾ നിരവധിയാണ്. വ്യക്തികളുടെ മാനസികാവസ്ഥകളും അഭിരുചിയും സമീപനങ്ങളും വ്യത്യസ്തമായിരിക്കുന്നത് പോലെ വിവാഹ മോചനത്തിന്റെ കാരണങ്ങളും വ്യത്യസ്തമാണ്. വിവാഹ മോചനം ഇസ്‌ലാമിൽ അങ്ങേയറ്റം നിർഭാഗ്യകരമായ ഒരു വ്യക്തി ദുരന്തമാണ്. ***'അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമായ കാര്യമാണ് വിവാഹ മോചനം.' (അബൂദാവൂദ്)*** എന്ന് റസൂൽ തിരുമേനി (സ) പറയുന്നു. മറ്റൊരിക്കൽ അവിടുന്ന് അരുളി: ***'നിങ്ങൾ വിവാഹം കഴിക്കുക. ആസ്വാദനത്തിന് വേണ്ടി രുചി നോക്കി നടക്കുന്ന സ്ത്രീ പുരുഷന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.' (ദാറുഖുത്നി)***

***'വിവാഹമോചനവേളയിൽ അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളും എന്ന് റസൂൽ തിരുമേനി (സ) പറയുകയുണ്ടായി.***

***(ഖുർതൂബി)***

മനുഷ്യ പ്രകൃതിക്കും യാഥാർഥ്യങ്ങൾക്കും യോജിച്ച വിധത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. വൈവാഹിക ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത വിധം അകൽച്ചയും വെറുപ്പും വിദ്വേഷവുമാണ് ദമ്പതിമാർക്കിടയിൽ വർധിച്ചു വരുന്നതെങ്കിൽ ഇസ്‌ലാം വിവാഹ മോചനം അനുവദിച്ചു കൊണ്ട് അവർക്ക് ആശ്വാസം നൽകുന്നു. അവരുടെ ജീവിതം ഭൂമിയിലെ നരകമാക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഇത് മറ്റുമതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനെ ഏറ്റവും പുരോഗമനപരവും യാഥാർഥ്യ ബോധവുമുള്ള ഒരു മതമാക്കി മാറ്റിതീർക്കുന്നു. യാതൊരു നിലക്കും വിഛേദിക്കാൻ കഴിയാത്ത ഒരു വിശുദ്ധ ബന്ധമാണ് (Sacrament ) വിവാഹം എന്ന് ഇസ്‌ലാം കരുതുന്നില്ല. അതൊരു കരാറാണ്. തത്വത്തിൽ നാം സിവിൽ വ്യവഹാരങ്ങളിൽ ഏർപ്പെടുമ്പോൾ ഉണ്ടാക്കുന്നത് പോലുള്ള ഒരു കരാർ. കരാർ പാലിക്കാൻ അതിലേർപ്പെടുന്ന ഇരു കക്ഷികളും ബാധ്യസ്ഥരാണ്. കരാറിലെ നിബന്ധനകൾ പങ്കാളികൾ ലംഘിക്കുമ്പോൾ കരാർ ദുർബലപ്പെടുകയും കരാർ റദ്ദാക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാമിൽ വിവാഹം ഒരു സാധാരണ കരാറല്ല. അതിന്റെ ദൃഢതയെ സംബന്ധിച്ചും അവിഛിന്നതയെ സംബന്ധിച്ചും ഉണർത്തിക്കൊണ്ട് ഖുർആൻ ഇങ്ങനെ പറയുന്നു. ***'നിങ്ങൾ പരസ്പരം ഒട്ടിചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഉറച്ച കരാർ (വിവാഹകരാർ) വാങ്ങുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങിനെ തിരിച്ചു വാങ്ങും?' (4:22)*** ഭാര്യയോട് ഇഷ്ടക്കേടുള്ളത് കൊണ്ട് ഭർത്താവിന് വിവാഹ മോചനം ചെയ്യാം എന്നത് ഇസ്‌ലാമിൽ വിവാഹ മോചനത്തിനുള്ള ന്യായീകരണമല്ല. ആ ഇഷ്ടക്കേടിനെ ഒരൊറ്റ ദൃഷ്ടിയിൽ നോക്കാതെ അവളിലെ നന്മകൾ കണ്ടുകൊണ്ട് തന്നെ പരമാവധി വിട്ടുവീഴ്ച്ചയോടെ ജീവിച്ച് ദാമ്പത്യം സ്നേഹ സമ്പൂർണമാക്കാൻ ശ്രമിക്കണമെന്നാണ് ഖുർആന്റെ ഉപദേശം. ***'നിങ്ങൾ ജീവിത പങ്കാളിയോട് ഉത്തമ രൂപത്തിൽ വർത്തിക്കുക. നിങ്ങൾക്ക് അവരുടെ നേരെ അനിഷ്ടം തോന്നിയേക്കാം. എന്നാൽ നിങ്ങൾക്ക് അനിഷ്ടകരമായി തോന്നുന്ന ഒന്നിന് അല്ലാഹു സമൃദ്ധമായ നന്മകൾ ഒരുക്കി വെച്ചിട്ടുണ്ടാകാം.*** (4:19)

വിവാഹ മോചനം ഇസ്‌ലാമിൽ നിരവധി വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായ ഒരു സുദീർഘ പ്രക്രിയയാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അതിന്റെ ഓരോ ഘട്ടത്തിലും ദമ്പതിമാർ തമ്മിൽ അനുരഞ്ജനത്തിന് ആവർത്തിച്ചാവർത്തിച്ചുള്ള ശ്രമങ്ങളുണ്ടാവണമെന്ന് നിഷ്ക്കർശിക്കുന്നു.

## ഗുരുതരമായ കലഹങ്ങളും മദ്ധ്യസ്ഥരും

അനുസരണ ശീലവും വിശ്വാസം കൊണ്ടും സ്ത്രീ പുരുഷന്മാർക്ക് നൽകപ്പെട്ട സ്ഥാനങ്ങൾ പരസ്പരം അംഗീകരിച്ചും വിവാഹ ജീവിതം വിജയിപ്പിക്കാനാണ് ഇസ്‌ലാമിന്റെ ആഹ്വാനം. ***'സ്ത്രീകൾക്ക് ചില ബാദ്ധ്യതകൾ ഉള്ളത് പോലെ ന്യായമായ അവകാശങ്ങളുമുണ്ട്.' (2:23) 'പുരുഷന്മാർ സ്ത്രീകളുടെ മേൽ രക്ഷാധികാരമുള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് അവരെക്കാൾ ചില മേന്മകൾ നൽകിയത് കൊണ്ടും അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചിലവ് ചെയ്യുന്നു എന്നുള്ളത് കൊണ്ടുമാണിത്. അതിനാൽ***

***അനുസരണ ശീലമുള്ളവരും അല്ലാഹു സംരക്ഷിക്കും വിധം തങ്ങളുടെ ഭർത്താക്കന്മാരുടെ രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ് സച്ചരിതരായ സ്ത്രീകൾ' (4:35)***

ഭർത്താവിനെ അനുസരിക്കാൻ ബാദ്ധ്യസ്ഥയായ സ്ത്രീ അനുസരണത്തോടെ പരസ്പരം വിശ്വാസവും രഹസ്യവും കാത്തുസൂക്ഷിച്ച് ജീവിക്കുമ്പോൾ വിവാഹ ജീവിതം സ്വർഗീയമാകുന്നു. ഇതിന് വിപരീതമായാൽ ഗുരുതരമായ കലഹങ്ങളും പിണക്കങ്ങളും ഉടലെടുക്കുന്നു. അങ്ങനെ വിവാഹ ബന്ധം വിഛേദിക്കപ്പെട്ടുപോകുമെന്ന് ബന്ധുക്കളോ ബന്ധപ്പെട്ട അധികാരികളോ അറിയുന്ന പക്ഷം അവർ അനുരഞ്ജിപ്പിക്കാനാണ് ശ്രമിക്കേണ്ടത്.

***'എന്നിട്ട് അവർ രണ്ട് പേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (ബന്ധപ്പെട്ട അധികാരികൾ) ഭയപ്പെടുന്ന പക്ഷം അവന്റെ ബന്ധുക്കളിൽ നിന്ന് ഒരു മദ്ധ്യസ്ഥനേയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മദ്ധ്യസ്ഥനേയും നിശ്ചയിക്കുക. അവർ രണ്ടു പേരും (മദ്ധ്യസ്ഥന്മാർ) രഞ്ജിപ്പുണ്ടാക്കണമെന്ന് ഉദ്ദേശിക്കുന്നതായാൽ രണ്ട് പേർക്കുമിടയിൽ യോജിപ്പുണ്ടാക്കുന്നതുമാണ്.തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ്'(4:36)***

ഇവിടെ മദ്ധ്യസ്ഥന്മാരുടെ പങ്ക് വളരെ നിർണായകമാണ്. മദ്ധ്യസ്ഥന്മാർ അവരുടെ കക്ഷികളുടെ പക്ഷം പിടിച്ച്കൊണ്ടുള്ള സമർഥനങ്ങളിലേക്കും വിവാദങ്ങളിലേക്കും ഒരിക്കലും വഴിമാറിപ്പോകരുത്. അനുരഞ്ജനമായിരിക്കണം മധ്യസ്ഥന്മാരുടെ ലക്ഷ്യം. ഇതിനായി വിട്ടുവീഴ്ച ചെയ്തും പൊറുത്തുകൊടുത്തും വിവാഹ പങ്കാളികളുടെ തെറ്റുകൾ തിരുത്തിയും അവരെ അനുനയിപ്പിച്ചും യോജിപ്പിനായി മാറ്റിതീർക്കാൻ സ്വന്തം കക്ഷിയെ മധ്യസ്ഥന്മാർ ആദ്യം ഒരുക്കണം. അതിന് ശേഷം പരസ്പരം യോജിപ്പിനായുള്ള മധ്യസ്ഥശ്രമം വിജയിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇസ്‌ലാമിൽ വിവാഹ മോചനം മൂന്നു വിധമാണ്. ഒന്ന് ത്വലാഖ്, രണ്ട് ഖുൽഅ്, മൂന്ന് ഫസ്ക്ക്

## ത്വലാഖ്

ഭർത്താവിന് നൽകപ്പെട്ട അധികാരം ഉപയോഗപ്പെടുത്തി വിവാഹ ബന്ധം വേർപ്പെടുത്തുന്നതിനെയാണ് ത്വലാഖ് എന്ന് പറയുന്നത്. ത്വലാഖ് പുരുഷനുള്ള (ഭർത്താവിനുള്ള) അധികാരമാണ്. ***'അല്ലദീ ബിയദീഹി ഉക്ദത്തു നിക്കാഹി' വിവാഹ ബന്ധം ആരുടെ അധികാരത്തിലാണോ ആ ആൾ (2:238)*** എന്ന ഖുർആന്റെ പരാമർശമനുസരിച്ച് വിവാഹ മോചനത്തിന് സാധാരണ ഗതിയിലുള്ള അധികാരം ഭർത്താവിനാണ്. ത്വലാഖ് രണ്ട് വിധത്തിലുണ്ട്. ഒന്ന് ***ത്വലാഖ് രജ്ഈ*** (തിരിച്ചെടുക്കാവുന്ന ത്വലാഖ് - Revocable Divorce) രണ്ടാമത്തേത് ***ത്വലാഖ് ബാഇൗൻ*** (തിരിച്ചെടുക്കാനാകാത്ത ത്വലാഖ് - Irrevocable Divorce )

അറബികൾക്കിടയിൽ അജ്ഞാന കാലത്തുണ്ടായിരുന്ന സമ്പ്രദായമായിരുന്നു ***ഈലാഅ്.*** ഭർത്താവ്, ഞാൻ ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന് ശപഥം ചെയ്ത് മാറി നിൽക്കുന്ന സമ്പ്രദായമാണിത്. ചിലപ്പോൾ വർഷങ്ങളോളം ഭാര്യയുമായി ബന്ധപ്പെടാതെ മാറി നിൽക്കും. അറബികൾക്കിടയിലുണ്ടായിരുന്ന ത്വലാഖിന്റെ ഒരു പ്രാകൃത രൂപമാണിത്. അങ്ങനെ പ്രതിജ്ഞ ചെയ്തവർ പരമാവധി നാല് മാസം മാത്രമേ വിട്ടു നിൽക്കാൻ പാടുള്ള എന്ന് താഴെ പറയുന്ന ഖുർആൻ വാക്യം അവതരിച്ചതോടെ ഇസ്‌ലാമിൽ വിധിവന്നു. ബോധപൂർവ്വം നടത്തുന്ന ഇത്തരം ശപഥങ്ങളെ അപലപിച്ചു കൊണ്ട് ഖുർആൻ പറയുന്നു:

***'തങ്ങളുടെ ഭാര്യമാരുമായി സംസർഗം ചെയ്യുകയില്ലെന്ന് ശപഥം ചെയ്യുന്നവർക്ക് (ലില്ലദീന യുഅ്ലൂന മിൻ നിസാഇക്കും) നാല് മാസം പ്രതീക്ഷിക്കാവുന്നതാണ്. പിന്നെ അവർ ഈ കാലയളവിൽ (രഞ്ജിപ്പ് ഉദ്ദേശിച്ച്) മടങ്ങുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു വളരെ പൊറുത്തു കൊടുക്കുന്നവനും വളരെ കൃപചെയ്യുന്നവനുമത്രെ' (2:227)***

ഭാര്യാഭർത്താക്കന്മാർ പിണങ്ങിക്കൊണ്ട് ബന്ധപ്പെടാതെ നാലു മാസമേ നിൽക്കാൻ പാടുള്ളൂ എന്നതിന് ഖുർആനിക പ്രമാണം ഈ വചനമാണ്. നാലാം മാസം കഴിഞ്ഞാൽ മധ്യസ്ഥന്മാർ ഇടപെട്ട് പ്രശ്നം പരിഹരിച്ച് രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കണം.

ഇനി മധ്യസ്ഥ ശ്രമങ്ങൾക്കെല്ലാം ശേഷം ഭർത്താവ് ത്വലാഖിലേക്ക് പ്രവേശിക്കുകയാണെങ്കിൽ അത് ഉടനടി പ്രാബല്യത്തിൽ വരുത്താവുന്ന വിധം ക്ഷിപ്രസാദ്ധ്യമല്ല. നിശ്ചിത കാല ദൈർഘ്യത്തോടു കൂടിയതും ഉപാധികളോടെ വ്യവസ്ഥ ചെയ്യപ്പെട്ടതുമായ ഒരു പ്രക്രിയയാണിത്. ത്വലാഖ് പ്രഖ്യാപനത്തിന് ശേഷം വിവാഹ മുക്ത പുനർവിവാഹം കഴിക്കാതെ നിൽക്കുന്ന നിശ്ചിത കാലദൈർഘ്യമാണ് ഇദ്ദഃ എന്ന് അറിയപ്പെടുന്നത്. ഇദ്ദഃ കാലത്തും ഭാര്യാഭർത്താക്കന്മാർ തമ്മിൽ അനുരഞ്ജനത്തിന്റെ തീവ്രശ്രമങ്ങൾ നടത്താനാണ് വിശുദ്ധ ഖുർആനിലെ ഉപാധികളുടെ താൽപര്യം.

## ഇദ്ദഃ കാലം

ഇദ്ദഃ എന്നാൽ വിവാഹ മോചിതയും ഭർത്താവ് മരിച്ച വിധവകളും പുനർ വിവാഹം കഴിയുന്നത് വരെ പാലിക്കേണ്ട നിശ്ചിതമായ ദീക്ഷാ കാലം അഥവാ കാത്തിരിപ്പിന്റെ കാലമാണ്. ഭർത്താവ് മരിച്ച വിധവകളുടെ ഇദ്ദഃ നാലു മാസവും പത്ത് ദിവസവുമാണ്. വിവാഹ മോചിതയുടെ ഇദ്ദഃ കാലം മൂന്ന് ആർത്തവ കാലമാണ്. (ഥലാസ ഖുറൂഇൻ) എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നന്നത്. വിവാഹ മുക്ത ഭർത്താവുമായി വേർപെട്ട്

പുനർ വിവാഹത്തിൽ ഏർപ്പെടാതെ കാത്തിരിക്കേണ്ട കാലമാണിത്. ഖുർആൻ പറയുന്നു: ***'ഇനി അവർ വിവാഹ മോചനത്തിനാണ് തീരുമാനിക്കുന്നതെങ്കിൽ നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനുമാകുന്നു. വിവാഹ മോചിതയായ സ്ത്രീകൾ മൂന്ന് ആർത്തവ കാലംവരെ സ്വയം നിയന്ത്രിച്ച് കാത്തിരിക്കണ്ടതാണ്. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ (ആ കാലയളവിൽ) അവരെ (ത്വലാഖ് ചൊല്ലിയവളെ) തിരിച്ചെടുക്കുന്നതിൽ കുടുതൽ അവകാശമുള്ളത് അവർക്കാണ്. (ഭർത്താക്കന്മാർക്ക്)' (2:229)*** ത്വലാഖ് ചൊല്ലിയാലും ഉടൻ തന്നെ വിവാഹ വിഛേദനത്തിന്റെ പൂർണ രൂപത്തിലേക്ക് വരുന്നില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു. അവൾ മൂന്ന് ആർത്തവ കാലം (ഥലാസത: ഖുറൂഇൻ) ഭർത്താവിന്റെ വീട്ടിൽ കാത്തിരിക്കണം. **'ഖുർഇ'** (ആർത്തവം)ന്റെ ബഹുവചനമാണ് **'ഖുറൂഅ്'** ഇവിടെ ഖുറൂഅ എന്നതിന് ആർത്തവകാലം എന്നും നേർവിപരീതമായ ശുദ്ധി കാലങ്ങൾ എന്നും അർത്ഥം പറയുന്നു. ഖുലഫാഉർ റാശിദയും (റഹ്), ഇമാം ഹമ്പൽ (റഹ്) ഉം ഖുർഅ് എന്ന പദത്തിന്ന് **'ആർത്തവകാലങ്ങൾ'** എന്ന് അർഥം പറയുമ്പോൾ അയിശാ (റ), ഇബ്നു ഉമർ (റ), ഇമാം മാലിക് (റഹ്), എന്നിവർ **'ശുദ്ധി കാലങ്ങൾ'** എന്നും അർഥം പറയുന്നു. മൂന്ന് ആർത്തവങ്ങൾ എന്ന് പറഞ്ഞാൽ രണ്ട് മാസവും മൂന്ന് ശുദ്ധി കാലങ്ങൾ എന്ന് പറഞ്ഞാൽ മൂന്ന് മാസവും എന്ന് അർഥം ലഭിക്കും. മദ്ഹബിന്റെ ഇമാമുകൾ വ്യത്യസ്ത വീക്ഷണം പുലർത്തുന്ന ഈ വിഷയം ഔചിത്യത്തിന് വിടാവുന്നതാണ്

### മതാഅ് (ജീവനാംശം)

വിവാഹ മുക്തയായ മുസ്‌ലിം സ്ത്രീക്ക് ഭർത്താവ് ജീവനാംശം നൽകണമെന്ന 1985 ലെ ഇന്ത്യയിലെ സുപ്രീം കോടതി വിധി കോളിളക്കം സൃഷ്ടിച്ചതാണല്ലോ? ആധുനിക കാലത്ത് വിവാഹ മുക്തയായ മുസ്‌ലിം സ്ത്രീയുടെ അവകാശ സംരക്ഷണത്തിനായി നമ്മുടെ പരമോന്നത കോടതി വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ ഉദ്ധരിച്ച് ഇക്കാര്യത്തിലുള്ള യാഥാസ്ഥിതിക നിലപാടിനെ തിരുത്തിയത് തന്നെ വിശുദ്ധ ഖുർആന്റെ അജയ്യതക്കുള്ള തെളിവാണ്. ആ വചനം ഇപ്രകാരമാണ്.

***'വിവാഹ മോചിതരായ സ്ത്രീകൾക്കും ന്യായാനുസരണം ജീവനാംശം നൽകേണ്ടതാണ്. (ഇക്കാര്യം) സൂക്ഷ്മത പാലിക്കുന്നവർക്ക് (നാം) ഒരു ബാദ്ധ്യത യാക്കിയിരിക്കുന്നു.' (2:242)***

നികാഹ് കഴിഞ്ഞു പക്ഷെ സഹശയനം നടന്നില്ല. അതിന് മുമ്പ് ത്വലാഖ് ചെയ്യപ്പെട്ടു. എന്നാൽ ഇദ്ദ: ആചരിക്കേണ്ടതില്ല. അവൾക്കും മതാഅ് ( ജീവനാംശം) നൽകി സ്നേഹ പൂർവം പറഞ്ഞയക്കാനാണ് ഖുർആൻ പറയുന്നത്. ***' നിങ്ങൾ സ്ത്രീകളെ (വിവാഹം ചെയ്തിട്ട് അവരെ) സ്പർശിച്ചിട്ടില്ലാത്ത അവസ്ഥയിലോ അല്ലെങ്കിൽ വിവാഹ മൂല്യമായി ഒന്നും നിശ്ചയിച്ചിട്ടില്ലാത്ത അവസ്ഥയിലോ അവരെ വിവാഹ മോചനം ചെയ്തുവെങ്കിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. (എന്നാൽ ഈ സ്ഥിതിയിൽ) നിങ്ങൾ അവർക്ക് ജീവിത വിഭവം നൽകേണ്ടതാണ്. - സമ്പന്നൻ അവന്റെ കഴിവനുസരിച്ചും ദരിദ്രൻ അവന്റെ കഴിവനുസരിച്ചും - മര്യാദ പ്രകാരമുള്ള ജീവിത വിഭവം. സദ്‌വൃത്തന്മാർക്ക് അതൊരു ബാദ്ധ്യതയാകുന്നു. (2:237)***

### ഇദ്ദ: കാലത്തെ തിരിച്ചെടുക്കൽ

വിവാഹ മുക്തയുടെ ഇദ്ദ: എന്നത് വിവാഹമുക്ത ഗർഭിണിയാണോ എന്ന് പരി ശോധിക്കാനുള്ള ഒരു ഉപാധി മാത്രമല്ല. വിച്ഛേദിക്കപ്പെട്ട വിവാഹ ബന്ധം പുനസ്ഥാപിക്കാനുള്ള കാല പരിധി കൂടിയാണ്. വിവാഹ മോചനത്തിന്റെ ആദ്യപടി എന്ന നിലയിൽ ത്വലാഖ് ചെയ്യപ്പെട്ടെങ്കിലും ഇദ്ദ: കാലത്ത് പുരുഷന് സ്ത്രീ അന്യയാകുന്നില്ല. അതേ സമയം ഭാര്യയുമല്ല. ഈ സമയം ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീ ഭർത്താവിന്റെ വീട്ടിൽ തന്നെ താമസിക്കണമെന്നാണ് ഖുർആന്റെ കൽപ്പന. ഇദ്ദ: കാലത്ത് സ്ത്രീയെ വീണ്ടും ഭാര്യാപദവിയിലേക്ക് നിരുപാധികം ഭർത്താവിന് തിരിച്ചെടുക്കാം. വാസ്തവത്തിൽ ഒരു വീട്ടിൽ താമസിക്കുമ്പോൾ വീണ്ടും അവർ അടുക്കാനും രഞ്ജിപ്പുണ്ടാക്കാനുമാണ് ഇസ് ലാം അങ്ങനെ നിഷ്ക്കർശിച്ചത്. ഇങ്ങനെ ത്വലാഖ് ചൊല്ലിയതിന് ശേഷവും ഒരു പ്രഖ്യാപനം വഴി അവളെ ഭാര്യാപദത്തിലേക്ക് തിരിച്ചെടുക്കാം. ഈ ത്വലാഖിനെ യാണ് **'ത്വലാഖ് റജ്ഈ'** മൊഴി ചൊല്ലിയ ഭാര്യയെ മൊഴി റദ്ദാക്കി തിരിച്ചെടുക്കാവുന്ന ആനുകൂല്യമുള്ള ത്വലാഖ് എന്നു പറയുന്നത്. ഇപ്രകാരം രണ്ട് തവണ ഇസ്‌ലാമിൽ അനുവദനീയമാണ്. ഖുർആൻ പറയുന്നു:

***'(റദ്ദാക്കാവുന്ന അഥവാ തിരിച്ചെടുക്കാവുന്ന വിവാഹ മോചനം) രണ്ടു പ്രാവശ്യമാണ്. പിന്നീട് ന്യായമായ നിലയിൽ (ഭാര്യയെ) കൂടെ നിറുത്തുകയോ ഔദാര്യ പൂർവം വിട്ടയക്കുകയോ ചെയ്യാം. നിങ്ങൾ അവർക്ക് (ഭാര്യമാർക്ക്) നൽകിയിട്ടുള്ളവയിൽ നിന്നും യാതൊന്നും (തിരികെ) വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. രണ്ടുപേരും അല്ലാഹുവിന്റെ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്ന് ഭയപ്പെടുന്നെങ്കിലല്ലാതെ. എന്നാൽ അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്തു നൽകി കൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അതിലവർക്ക് ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമ പരിധികളാണിവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്. ആരെങ്കിലും***

***അല്ലാഹുവിന്റെ നിയമ പരിധികളെ അതിലംഘിക്കുന്നുവെങ്കിൽ (അറിയുക) അവർ തന്നെയാണ് അധർമകാരികൾ (2:230)***

അതായത് ഇദ്ദ: കാലത്ത് പുരുഷന് അവളെ ഒരു പ്രഖ്യാപനം വഴി നികാഹ് കൂടാതെ തിരിച്ചെടുക്കാം. എന്നാൽ ഇദ്ദ: കാലം കഴിഞ്ഞതിന്ന് ശേഷമാണെങ്കിൽ അവളുടെ സമ്മതം വാങ്ങി വീണ്ടും നികാഹ് ചെയ്യേണ്ടതുണ്ട്. അങ്ങനെ ഒന്നാമത്തെ നികാഹ് കഴിഞ്ഞ് തിരിച്ചെടുത്ത് വിവാഹ ജീവിതം നയിക്കവെ വീണ്ടും പ്രശ്നങ്ങളുണ്ടായി ത്വലാഖ് ചൊല്ലി എന്നിരിക്കട്ടെ. എന്നാലും ഇദ്ദ കാലത്തിനുള്ളിൽ വീണ്ടും ആദ്യത്തേത് പോലെ തിരിച്ചെടുക്കാം. അത്പോലെ ഇദ്ദക്ക് ശേഷമാണെങ്കിൽ നികാഹ് ചെയ്തും തിരിച്ചെടുക്കാം. ഇങ്ങനെ രണ്ട് തവണ തിരിച്ചെടുക്കാവുന്ന (ത്വലാഖ് റജ്ഈ) ആനുകൂല്യം ഇസ്ലാം അനുവദിക്കുന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് ത്വലാഖിന് ശേഷം വേർപിരിയുന്ന ബന്ധങ്ങൾ അനുരഞ്ജനത്തിലൂടെ പുനസ്ഥാപിച്ചു കൊണ്ട് മുന്നോട്ടു പോകാൻ ഇസ്ലാം എളുപ്പ വഴികൾ നിർദേശിച്ചിരിക്കുന്നു എന്നതാണ്.

## ത്വലാഖിന് ശേഷവും അവൾ ഭർതൃഗൃഹത്തിൽ താമസിക്കണം

***'ഓ നബി, നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്യുമ്പോൾ അവരുടെ ഇദ്ദയുടെ സമയമനുസരിച്ച് വിവാഹ മോചനം ചെയ്യുക. ഇദ്ദ കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്ന് നിങ്ങളവരെ പുറത്താക്കുകയുമരുത്. അവർ സ്വയം പുറത്തുപോകുകയുമരുത്. അവർ പ്രത്യക്ഷമായൊരു ദുർവൃത്തി ചെയ്താലല്ലാതെ. അല്ലാഹുവിന്റെ (നിയമ) പരിധികളാണിവ. അല്ലാഹുവിന്റെ നിയമ പരിധികളെ വല്ലവനും ലംഘിക്കുന്നതായാൽ അവൻ തന്റെ സ്വന്തം ആത്മാവിനോട് തന്നെയാണ് ദ്രോഹം ചെയ്യുന്നത്. അതിന് ശേഷം അല്ലാഹു ഏതെങ്കിലും ഒരു പുതിയ കാര്യം നടപ്പിൽ വരുത്തിയേക്കുമെന്ന് നീ അറിയുന്നില്ല.' (65:2)*** ഖുർആന്റെ ഈ കൽപ്പന നബി (സ) തിരുമേനിയോടല്ല എന്ന് വ്യക്തമാണ്. റസൂൽ തിരുമേനി (സ) ക്ക് വിവാഹ മോചനം പാടില്ല എന്ന് അല്ലാഹു കൽപ്പിച്ചതാണ് (33: 53) അത്കൊണ്ട് ഇത് മുസ്ലിംകളോടുള്ള പൊതു കൽപ്പനയാണ്.

ഈ ഖുർആൻ വചനത്തിൽ വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീയെ ഇദ്ദ കാലം വരെ മൊഴി ചൊല്ലിയ ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് പാർപ്പിക്കേണ്ടത് എന്ന് വ്യക്തമായും അല്ലാഹു നിഷ്ക്കർശിച്ചു പറയുന്നു. അതോടൊപ്പം സ്ത്രീകളോട് സ്വയം പുറത്ത് പോവരുതെന്നും കൽപ്പിക്കുന്നു. ഇവിടെ വ്യക്തമായ ദുർവൃത്തി ചെയ്ത സ്ത്രീകൾ എന്നത് കൊണ്ട് വ്യഭിചാരമാണ് ഉദ്ദേശിക്കപ്പെട്ടത്. വിവാഹ മോചനങ്ങളിൽ ബഹുഭൂരി പക്ഷവും സ്ത്രീയുടെ വ്യഭിചാര കുറ്റം കൊണ്ടല്ല എന്ന് വ്യക്തമാണല്ലോ.

മൊഴിചൊല്ലപ്പെട്ട ഗർഭിണികളായ സ്ത്രീയുടെ ഇദ്ദ: അവൾ പ്രസവിക്കുന്നത് വരെയാണ്. പ്രസവ ശുശ്രൂഷയടക്കം എല്ലാ ചെലവുകളും ഭർത്താവ് തന്നെ വഹിക്കണം. ശിശുവിന് മുലകൊടുക്കുകയാണെങ്കിൽ അതിന്റെ ചെലവും ഭർത്താവാണ് വഹിക്കേണ്ടത്. ഇദ്ദകാലത്ത് വിവാഹ മുക്ത പുരുഷന്റെ ഭാര്യയല്ല. ത്വലാഖ് ചെയ്യപ്പെട്ടവളാണ്. ആകയാൽ (മുൻ)ഭർത്താവിന്റെ വീട്ടിൽ താമസിക്കുമ്പോൾ അവൾക്ക് യാതൊരുവിധ പീഢനമോ വിഷമമോ ഉണ്ടാവാൻ പാടില്ല എന്ന് ഖുർആൻ പ്രത്യേകം നിശ്കർഷിക്കുന്നുണ്ട്. ഖുർആൻ പറയുന്നു. ***'അവരെ (വിവാഹ മുക്തയായ സ്ത്രീകളെ അവരുടെ ഇദ്ദയുടെ സമയത്ത്) നിങ്ങളവരുടെ കഴിവിനനുസരിച്ച് നിങ്ങളുടെ വാസസ്ഥലത്ത് താമസിപ്പിക്കുക. അവർക്ക് വിഷമമുണ്ടാക്കാൻ വേണ്ടി നിങ്ങളവരെ ബുദ്ധിമുട്ടിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നത് വരെ നിങ്ങളവർക്ക് ചിലവ് നൽകുക. പിന്നീട് നിങ്ങക്കൾക്ക് വേണ്ടി അവർ (ശിശുവിന്) മുല കൊടുക്കുകയാണെങ്കിൽ നിങ്ങൾ അവർക്ക് അവരുടെ പ്രതിഫലങ്ങൾ നൽകുക. ഉചിതമായ നിലയിൽ നിങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുക. നിങ്ങൾക്ക് പരസ്പരം വിഷമം അനുഭവപ്പെടുന്നതായാൽ അവനു (പിതാവിനു) വേണ്ടി മറ്റൊരു സ്ത്രീ മുലപ്പാൽ കൊടുക്കട്ടെ.' (അത്തലാഖ്. 65:7)***

വാസ്തവത്തിൽ മുറിഞ്ഞ് പോയ ബന്ധം പുനസ്ഥാപിക്കാൻ ഇദ്ദ കാലത്ത് ഒരേ വീട്ടിൽ താമസിക്കണം എന്നാണ് അല്ലാഹു കൽപ്പിച്ചത്. പക്ഷേ ഈ നിബന്ധന സാർവത്രികമായി മുസ്ലിം സമുദായത്തിൽ ലംഘിക്കപ്പെട്ടു കാണുന്നു. ഒരേ വീട്ടിൽ തന്നെ ത്വലാഖ് ചെയ്യപ്പെട്ടവർ ജീവിക്കുമ്പോൾ അത് തീർച്ചയായും അനുരഞ്ജനത്തിനുള്ള ഏറ്റവും അനുയോജ്യമായ ഒരു സാഹചര്യമാണ് സംജാതമാകുന്നത്. ഇദ്ദ കാലയളവിൽ മറ്റൊരുപാധിയും കൂടാതെ അവർക്ക് ആ ബന്ധം പുനസ്ഥാപിക്കാൻ ഇത്മൂലം കഴിയുന്നു. ഇവരുടെ തീരുമാനം അയഥാർഥമായ കാരണം കൊണ്ടോ പെട്ടെന്നുള്ള കോപാവേശം കൊണ്ടോ ആണെങ്കിൽ ഒരേ വീട്ടിലുള്ള അവരുടെ ഇദ്ദകാലത്തെ താമസം വീണ്ടും യോജിപ്പ് സാദ്ധ്യമാക്കുന്നു. പക്ഷേ ഇവിടെ സാർവത്രികമായി സംഭവിക്കുന്നത് നേരെ മറിച്ചാണ്. വഴക്കും വക്കാണവുമായി ഭർത്താവി ന്റെ വീട്ടിൽ നിന്ന് തെറ്റിപ്പിരിഞ്ഞ് സ്വന്തം വീട്ടിൽ എത്തിയതിന് ശേഷമോ ഭർത്താവിൽ നിന്ന് അവൾ അകന്നു കഴിയുന്ന വേളയിലോ ആണ് ഭർത്താവ് ത്വലാഖ് ചൊല്ലുന്നത്.

ഇങ്ങനെ വേർപെട്ട് കഴിയുന്ന അവസ്ഥയിൽ തന്നെ ഇദ്ദയുടെ കാലാവധി കഴിയുന്നു. അങ്ങനെ അല്ലാഹുവിന്റെ പവിത്രമായ ഒരു നിയമം ഇവിടെ ലംഘിക്കപ്പെടുകയോ പ്രാവർത്തികമാക്കാൻ കഴിയാതെ പോവുകയോ ചെയ്യുന്നു. ഈ വിധി കർശനമായി സമൂഹം നടപ്പിൽ വരുത്തുകയാണെങ്കിൽ ഒരുപാട് വിവാഹ മോചനങ്ങൾ ഒഴിവാക്കപ്പെടുമായിരുന്നു.

## ഇദ്ദയുടെ യുക്തി

ത്വലാഖിന് ശേഷമുള്ള ഇദ്ദ എന്നത് ചുരുങ്ങിയത് മൂന്ന് ആർത്തവങ്ങൾക്കിടയി ലുള്ള രണ്ട് ശുദ്ധികാലം ഉൾപ്പെടുന്നതാണ്. ത്വലാഖ് പ്രഖ്യാപിക്കുന്ന അവസരം ശുദ്ധി കാല മായിരിക്കണമെന്ന് നിർബന്ധമാണ്. ആർത്തവ സമയത്ത് ത്വലാഖ് പാടില്ല. ഇതിന്റെ താൽപര്യം ആർത്തവ വേളയിൽ ഭര്യാഭർത്താക്കന്മാർ തമ്മിൽ സമ്പർക്കമില്ലാത്ത കാലമാണ്. ഈ ഘട്ടത്തിൽ സ്ത്രീകളോടുള്ള ആഭിമുഖ്യം കുറയുന്നു. ആർത്തവ കാലമായതിനാൽ അവരുടെ സംഘർഷങ്ങളും പിണക്കവും ലൈംഗിക വേഴ്ച്ചയിലൂടെ ലഘൂകരിക്കാനും മയപ്പെടുത്താനുമുള്ള സന്ദർഭം ഉണ്ടാവുന്നില്ല. ശാരീരികമായി കൂടുതൽ അടുപ്പമുണ്ടാകുന്ന ശുദ്ധികാലത്ത് ത്വലാഖിനോടുള്ള പ്രവണത കുറയുന്നതു കൊണ്ടാണ് ആ സമയത്ത് ത്വലാഖ് ചൊല്ലാൻ നിർദേശിച്ചിട്ടുള്ളത്.

അങ്ങനെ ത്വലാഖ് പ്രഖ്യാപനത്തിന് ശേഷം മൂന്ന് ആർത്തവ കാലങ്ങളോ അല്ലെങ്കിൽ ശുദ്ധികാലങ്ങളോ ത്വലാഖിനും മറ്റൊരു വിവാഹത്തിനുമിടയിലുള്ള കാത്തിരിപ്പിന്റെ ഘട്ടമാണ് (ഇദ്ദ: കാലം). ഈ ഘട്ടത്തിൽ ഭർത്താവിനോടൊപ്പം താമസിക്കുന്ന ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയെ അദ്ദേഹത്തിന് ഞാൻ ഇവളെ തിരിച്ചെടുക്കുന്നു എന്ന പ്രഖ്യാപനം നടത്തി തിരിച്ചെടുക്കാം. ഇദ്ദ: കാലത്ത് ഭർത്താവിന്റെ വീട്ടിൽ കഴിയുന്നത് കൊണ്ട് വിവാഹ ജീവിതം പുനസ്ഥാപിക്കാനുള്ള ഉചിതമായ സന്ദർഭവും സമയവും ലഭിക്കുന്നു. വിവാഹമുക്ത ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെയാണ് അവളുടെ ഇദ്ദ: ഈ സന്ദർഭത്തിൽ അവൾ ഭർത്താവിന്റെ വീട്ടിലും ചെലവിലുമാണ് കഴിയേണ്ടത്. ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയോടുള്ള വിരോധവും വിപ്രതിപത്തിയും ഇല്ലാതാവുന്ന ഏറ്റവും അനുകൂലമായ സാഹചര്യമായി ആ സന്ദർഭം മാറുന്നു. ഈ കാലയളവിൽ അവളെ തിരിച്ചെടുക്കാനുള്ള സാധ്യത ഒരുക്കുകയാണ് ഈ നിബന്ധന വഴി ഇസ്‌ലാം ഉദ്ദേശിക്കുന്നത്.

## മൂന്നാമത്തെ ത്വലാഖ് അഥവാ തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ്

***'പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹ ബന്ധം വേർപെടുത്തിയെങ്കിൽ അതിന് ശേഷം അവനല്ലാതെ മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപെടുത്തുകയും ചെയ്യുന്നതു വരെ അവൾ അവന് അനുവദനീയമാവുകയില്ല. പിന്നെ ആ (രണ്ടാമത്തെ) ആൾ അവളെ വിവാഹ മോചനം ചെയ്തു കഴിഞ്ഞാൽ (വിവാഹ ബന്ധത്തിലേക്ക്) അവർ അന്യോന്യം തിരിച്ചു വരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല.' (2:232)***

പുരാതന കാലത്ത് അറബികൾ നിരവധി തവണ ഇഷ്ടമുള്ളപ്പോഴെല്ലാം ത്വലാഖ് ചൊല്ലുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്യുമായിരുന്നു. **'ഈലാഅ്'** എന്ന ഈ സമ്പ്രദായത്തെ കുറിച്ച് നേരത്തെ പ്രതിപാദിച്ചിരുന്നുവല്ലോ? ഹ: ആയിശ റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇങ്ങനെ നൂറു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുക്കുകയും സ്ത്രീകൾക്ക് ബന്ധം വിഛേദിച്ച് മറ്റൊരു ഭർത്താവിനെ തിരഞ്ഞെടുക്കാൻ അവസരം നിഷേധിച്ച് അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്ന സംഭവം വിവരിക്കുന്നു. ഇസ്‌ലാം അങ്ങനെ തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടായി ചുരുക്കി. മൂന്നാമത് തിരിച്ചെടുക്കണമെങ്കിൽ ആ സ്ത്രീ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധന വെച്ചു. വിവാഹം കുട്ടിക്കളിയല്ലെന്നും അത് ഗൗരവമേറിയ ഉറച്ച ബന്ധമാണെന്നും ഇസ്‌ലാം ഈ ഉപാധി മുഖേന പ്രഖ്യാപിക്കുന്നു.

തിരിച്ചെടുക്കാവുന്ന റദ്ദാക്കാവുന്ന വിവാഹ മോചനം രണ്ട് പ്രാവശ്യമാണെന്നും (അത്വലാഖു മർറത്താൻ) പറഞ്ഞതിന് ശേഷം അതായത് ഒരു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുത്തു. വിവാഹ ജീവിതം തുടരവേ മറ്റൊരവസരത്തിൽ വീണ്ടും ത്വലാഖ് ചൊല്ലി പിന്നെയും തിരിച്ചെടുത്തു അതിന് ശേഷം മൂന്നാമതും ത്വലാഖ് ചൊല്ലുകയാണെങ്കിൽ രണ്ട് തവണ ചൊല്ലി തിരിച്ചെടുത്തത് പോലെ അവളെ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. അവൾ മ റ്റൊരാളെ വിവാഹം ചെയ്ത് സ്വാഭാവികമായ രീതിയിൽ അതും പ്രശ്നവശാൽ ത്വലാഖ് ചൊല്ലി ബന്ധവിഛേദം നടത്തിയാലോ അല്ലെങ്കിൽ ഭർത്താവ് മരണപ്പെട്ടാലോ മാത്രമേ മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ഭർത്താവിന് വീണ്ടും അവളെ വിവാഹം ചെയ്യാൻ പാടുള്ളൂ.

## മുത്ത്വലാഖും ഹലാലയും

സാധാരണ മുസ്‌ലിംകൾ റസൂൽ തിരുമേനി (സ) യുടെ സുന്നത്തിന് വിരുദ്ധമായി മൂന്ന് ത്വലാഖും ഒരുമിച്ചു ചൊല്ലി മൊഴി ചൊല്ലാറുണ്ട്. ഇത് പാടില്ലാത്തതും കുറ്റകരവുമാണെന്ന് റസൂൽ തിരുമേനി (സ) യുടെ സുന്നത്തിൽ നിന്നും വളരെ വ്യക്തമാണ്. മൂന്നോ അതിലധികമോ ത്വലാഖ് ഒരേ ശ്വാസത്തിൽ ചൊലിയാൽ തന്നെ അവ ഒന്നായി മാത്രമേ പരിഗണിക്കൂ. ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: ***'റുകാനത്തിന്റെ ഭാര്യയെ ഒറ്റയിരുപ്പിൽ മൂന്ന്***

***തവണ ത്വലാഖ് ഒന്നിച്ചു ചൊല്ലി. അക്കാരണത്താൽ ഭാര്യ കഠിന മായി ദുഃഖിച്ചു. പരാതിയുമായി നബി (സ) യുടെ അടുത്തെത്തി. എങ്ങനെയാണ് ത്വലാഖ് ചൊല്ലിയ തെന്ന് നബി (സ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഒറ്റയിരുപ്പിൽ മൂന്നും ചൊല്ലി. അപ്പോൾ നബി (സ) അരുളി: അത് ഒന്ന് മാത്രമാണ് ആകയാൽ നീ ഉദ്ദേശിക്കുന്നുവെ ങ്കിൽ അവളെ തിരിച്ചെടുക്കുക.' (അബൂദാവൂദ്)***

കോപാവേശത്താൽ മൂന്ന് തവണ ഒറ്റയടിക്ക് ത്വലാഖ് ചൊല്ലി (മുത്ത്വലാഖ്) പിന്നീട് വീണ്ടു വിചാരമുണ്ടായി അവളെ തന്നെ വിവാഹം കഴിക്കുന്ന സംഭവ മുണ്ടാകാറുണ്ട്. വാസ്തവത്തിൽ അത് ഒരു ത്വലാഖാണ്. അങ്ങനെ വീണ്ടും അവളെ നികാഹ് ചെയ്യണമെങ്കിൽ അവൾ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധ നയുള്ള പ്രസ്തുത ഖുർആൻ ആയത്ത് തടസ്സമായി നിൽക്കുന്നു. അതിനെ മറിക്കടക്കാൻ അവളെ കൂലി കൊടുത്തേൽപ്പിക്കുന്ന മറ്റൊരാളെ ക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഒരു ദിവസം സഹവസി പ്പിച്ച് നിർബന്ധപൂർവം ത്വലാഖ് ചൊല്ലുന്നു. ഖുർആന്റെ ചൈതന്യ ത്തിന് വിരുദ്ധമായ ഈ കടുത്ത ദുരാചാരത്തെയാണ് ***'ഹലാല'*** അഥവാ ചടങ്ങിനിരിക്കൽ എന്ന് പറയുന്നത്. ഇത് തികച്ചും അനിസ്ലാമികമായ ദുരാചാരമാണ്. മുത്ത്വലാഖും ഹലാലയും ദുരാചാര ത്തിന്റെ ഇരട്ട സന്താന ങ്ങളാണ്. ചടങ്ങിനിരിക്കുന്നവനെയും അതി ന് ശ്രമിക്കുന്നവനെയും ശപിച്ചിരി ക്കുന്നു എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിട്ടുണ്ട്.

## ഖുൽഅ്

ത്വലാഖ് പുരുഷൻ മുൻ കയ്യെടുത്ത് നടത്തുന്ന വിവാഹ മോചനമാണെങ്കിൽ സ്ത്രീയുടെ അപേക്ഷ പ്രകാരം നടത്തപ്പെടുന്ന വിവാഹ മോചനമാണ് ഖുൽഅ്. ഖുർആൻ പറയുന്നു: ***'അല്ലാഹു വിന്റെ നിയമ പരിധികളെ പാലി ക്കാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നു വെങ്കിൽ അപ്പോൾ എന്ത് നൽകി ക്കൊണ്ട് അവൾ (ഭാര്യ) വിവാഹ മോചനം നേടുന്നുവോ അതിലവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹു വിന്റെ നിയമ പരിധികളാണവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്.' (2:230)***

സ്ത്രീകൾ തങ്ങളുടെ ആവശ്യ പ്രകാരം പുരുഷനിൽ നിന്ന് വിവാഹ മോചനം നേടുമ്പോൾ ആ കാര്യത്തിൽ മൂന്നാമതൊരു അധി കാര സ്ഥാപനത്തിന്റേയോ ഖാളി യുടെയോ ഇടപെടൽ ഉണ്ടാവണ മെന്ന് ഈ വചനം വ്യക്തമാക്കുന്നു. ഭാര്യ, ഭർത്താവിന്റെ കൂടെ ജീവിക്കാൻ ഇഷ്ടപ്പെടാതിരിക്കു കയും ഭർത്താവ് ത്വലാഖ് നൽകാ തിരിക്കുകയും ചെയ്യുന്ന അവസര ത്തിൽ ഭാര്യ മുൻ കയ്യെടുത്ത് നടത്തുന്ന വിവാഹ മോചനമാണ് ഖുൽഅ്. ഇതിന് ഒരു മൂന്നാം കക്ഷിയുടെ ഇടപെടൽ ആവശ്യ മായി വരുന്നു. അതായത് സ്ത്രീ ഈയൊരപേക്ഷ പ്രസ്തുത അധി കാര സ്ഥാപനത്തിനാണ് സമർപ്പി ക്കേണ്ടത്. സ്ത്രീയുടെ ആവശ്യ പ്രകാരമാണ് വിവാഹ മോചനം നടക്കുന്നത് എന്നതിനാൽ അവർ പുരുഷനിൽ നിന്ന് സ്വീകരിച്ച മഹറും മറ്റ് സമ്മാനങ്ങളും പുരുഷ ന് തിരിച്ചു വാങ്ങാവുന്നതാണ്. ഒരിക്കലും അതിലധികമാകാൻ പാടില്ല. റസൂൽ തിരുമേനി (സ) ഖുൽഅ് ചെയ്യാൻ സ്ത്രീകളെ തടസ്സമില്ലാതെ അനുവദിച്ചതായി കാണാം. സൽസ്വഭാവിയായിരുന്നെ ങ്കിലും വിരൂപനായ സാബിത്ത്ബ് നു ഖൈസ് (റ) യിൽനിന്നും വിവാഹ മോചനം നേടിയ ജമീല ബിൻത് സുനൂലി(റ)ന്റെ ചരിത്രം ഹദീസുകളിൽ രേഖപ്പെട്ടു കിടക്കു ന്നു. റസൂൽ തിരുമേനി (സ) ജമീല (റ) നോട് ചോദിച്ചു: നിങ്ങൾ അദ്ദേഹത്തിൽ നിന്ന് എന്താണ് വാങ്ങിയത്? ഒരു തോട്ടമാണെന്ന് അവർ പറഞ്ഞു. എന്നാൽ അത് മടക്കിക്കൊടുത്തുകൂടെ? എന്ന് നബി തിരുമേനി (സ) അന്വേഷിച്ചു. അതെയെന്ന് അവർ ഉത്തരം നൽകി. റസൂൽ തിരുമേനി(സ) ഖൈസിനോട് പറഞ്ഞു: തോട്ടം സ്വീകരിച്ചു കൊള്ളുക. അവളെ ഒരു തവണ വിവാഹ മോചനം നടത്തുകയും ചെയ്യുക. (ബുഖാരി)

ഇവിടെ ഭർത്താവിന്റെ വൈരൂ പ്യം കാരണം അദ്ദേഹത്തോട് അതൃപ്തി യുണ്ടാവുകയും ആ അതൃപ്തി ഭർത്താവിനോടുള്ള കടമകൾ നിർവഹിക്കാൻ പറ്റുമോ എന്ന ഭയത്തിൽ നിന്നുമാണ് ജമീല ബിൻത് സുലൂൽ, ഖുൽഅ് ആവശ്യപ്പെടുന്നത്. നേരത്തെ ഹദീസിൽ പറഞ്ഞത് പോലെ രുചിനോക്കി നടക്കുന്ന ശീലമുള്ള സ്ത്രീ ആയത് കൊണ്ടല്ല. റസൂൽ തിരുമേനി (സ) സൗന്ദര്യത്തിന്റെ തത്ത്വശാസ്ത്രമോ, വൈരൂപ്യത്തെ ഇഷ്ടപ്പെടാത്തത് ശരിയല്ല എന്ന രീതിയിലുള്ള ഗുണദോഷങ്ങളൊ ന്നും ഈ അവസരത്തിൽ അവരോട് പറഞ്ഞിട്ടില്ല എന്ന കാര്യവും പ്രത്യേകം ഓർക്കേണ്ടതാണ്. ഖുൽഅ്, ത്വലാഖ് പോലെ വെറുക്കപ്പെട്ട ഒന്നാണെന്ന് റസൂൽ തിരുമേനി (സ) ഉപദേശിച്ചിരുന്നു.

## ഫസ്ഖ്

ഭാര്യയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതേസമയം വിവാഹ മോചനം നൽകാതിരിക്കു കയും ചെയ്യുന്ന ഭർത്താക്കന്മാരിൽ നിന്നുമുള്ള വിവാഹ മോചനമാണ് ഫസ്ക്. ഇവിടെ സ്ത്രീയാണ് പീഢിത.

ദാമ്പത്യജീവിതത്തിൽ ലൈംഗി ക ബന്ധം ഇല്ലാതിരിക്കുക, ദീർഘകാലം ഭാര്യയിൽ നിന്നും വിട്ടുനിൽക്കുക, ഭർത്താവിന് സന്താനോൽപ്പാദന ശേഷിയില്ലെന്ന് തെളിയുക, നിരന്തരം ക്രൂരത കാട്ടുക എന്നീ കാരണങ്ങളാൽ ഭാര്യയുടെ ജീവിതം ക്ലേശപൂർണമാ ക്കുന്ന ഭർത്താവിൽ നിന്നുമുള്ള വിടുതലാണ് ഫസ്ഖ് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഖലീഫ ഉമർ (റ) ഭർത്താവിൽ

ശേഷം പേജ് 36 ൽ

# തീവ്രവാദം: ഇസ്‌ലാമിക പാഠങ്ങൾ

മതരാഷ്ട്രവാദം ഉയർത്തുന്നവരാണ് തീവ്രവാദവും ഭീകരവാദവും കൊണ്ട് ലോകത്തെ നടുക്കുന്നത്. അവരുടെ പിഴച്ച സിദ്ധാന്തങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കൾ ആയുധമാക്കി മുസ്‌ലിങ്ങൾക്കെതിരെ ആഞ്ഞടിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഇസ്‌ലാമിനെ അതിന്റെ തനത് ശാന്തി മാർഗത്തിലേക്ക് പ്രത്യാനയിക്കാനാണ് അല്ലാഹു വാഗ്ദത്ത മസീഹിനെ നിയോഗിച്ചത്.

അഷ്റഫ് പത്തപ്പിരിയം

നമ്മുടെ ലോകം നേരിടുന്ന സജീവ പ്രശ്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് തീവ്രവാദവും ഭീകരവാദവും. പല രാജ്യങ്ങളും ഇന്ന് എരിഞ്ഞു തീർന്നുകൊണ്ടിരിക്കുന്നതും ഇതിന്റെ പേരിലാണ്. എന്താണ് ഭീകരവാദവും തീവ്രവാദവും? നിരപരാധികൾക്കെതിരെ ഉപയോഗിക്കുന്ന ഹിംസയാണ് ഭീകരത. ഈ ഭീകരതയെ ന്യായീകരിക്കാൻ തയ്യാറാവുമ്പോൾ അവിടെ ഭീകരവാദം ഉടലെടുക്കുന്നു. അലക്ഷ്യമായി ഹിംസ ഉപയോഗിക്കുന്നവരെയാണ് നാം ഭീകരവാദികളെന്ന് വിളിക്കുന്നത്. മിതത്വം വിട്ടുകൊണ്ട് ഏതു കാര്യത്തിലും സ്വീകരിക്കുന്ന നിലപാടും തീവ്രവാദമാണ്. ദൈവനിയോഗിതനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മുസ്‌ലിങ്ങൾക്കിടയിൽ കാണുന്ന ഈ തീവ്ര നിലപാടിനെയും സായുധ സമരോത്സുകതയേയും കഠിനമായി അപലപിക്കുകയും അതിന്റെ വിപാടനത്തിനായി അദ്ധ്യാപനങ്ങൾ നൽകുകയും ഇസ്‌ലാമിന്റെ ശാന്തി മാർഗം വീണ്ടെടുക്കാൻ അഹ്മദിയ്യാ ഖിലാഫത്ത് എന്ന ആത്മീയ സ്ഥാപനം ഇസ്‌ലാമിൽ പുനസ്ഥാപിക്കുകയുമുണ്ടായി.

ഇന്ന് ലോകത്ത് സജീവ ചർച്ചയാണ് മുസ്‌ലിം തീവ്രവാദം. വാസ്തവത്തിൽ തീവ്രവാദത്തിന്റെ അടിസ്ഥാന കാരണമെന്താണ്? ഇസ്‌ലാമിക പ്രമാണങ്ങളെ പറ്റിയുള്ള പ്രത്യേകിച്ച് ജിഹാദിനെയും യുദ്ധത്തിനെയും ഭരണത്തിനെയും സംബന്ധിച്ച മതരാഷ്ട്രവാദികളായ ഇസ്‌ലാമിക പണ്ഡിതന്മാരുടെ പിഴച്ച വ്യാഖ്യാനങ്ങളാണ് മുസ്‌ലിം തീവ്രവാദത്തിന്റെയും ഭീകര വാദത്തിന്റെയും അടിസ്ഥാന കാരണം. മിക്ക മുസ്‌ലിം പണ്ഡിതന്മാരുടെയും ഈ വീക്ഷണ വികൽപ്പം നിഷ്ക്കളങ്കരായ മുസ്‌ലിം ജനസാമാന്യത്തെ അറിഞ്ഞോ അറിയാതെയോ സ്വാധീനിക്കുന്നു. ഈ വികല സിദ്ധാന്തങ്ങളെ ഇസ്‌ലാമിന്റെതായി സാമാന്യവത്ക്കരിച്ചുകൊണ്ടാണ് ഇസ്‌ലാമിന്റെ ബാഹ്യശത്രുക്കൾ ഇസ്‌ലാമിനെ ആക്രമിക്കുന്നത്.

*'ലോക മുസ്‌ലിംകൾ മുഴുവനും തീവ്രവാദികളല്ല. എന്നാൽ തീവ്രവാദികളായി ആരൊക്കെയുണ്ടോ അവർ മുസ്‌ലിംകളാണ്.'* കുറച്ച് നാളുകൾക്ക് മുമ്പ് സോഷ്യൽ മീഡിയായിൽ വൈറലായി പ്രചരിച്ച ഒരു ഒരു പോസ്റ്റാണിത്. മതരാഷ്ട്രവാദത്തിന്റെ ഈ പശ്ചാത്തലം ലോക സമൂഹത്തിന് മുമ്പിൽ ഇസ്‌ലാമിനെ തീവ്രവാദവുമായി കുട്ടികെട്ടാൻ ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ട് എന്നതിന്റെ വ്യക്തമായ തെളിവായി നമുക്കതിനെ മനസ്സിലാക്കാം

ജീവിതത്തിന്റെ എല്ലാ മേഖലകളിലും താത്വികമായി വെളിച്ചം വീശുന്ന മതമാണ് ഇസ്‌ലാം. ഭൗതിക ജീവിതത്തിലെ ലാഭനഷ്ടങ്ങൾക്കുപരി മരണാനന്തര ജീവിതത്തിന്റെ ഗതി വിഗതികളാണ് പരിഗണിക്കേണ്ടത് എന്ന് ഇസ്‌ലാം ശക്തമായി നിഷ്ക്കർശിക്കുന്നു. ശാന്തി സമാധാനം എന്നർഥം വരുന്ന സ ല മ എന്ന ത്രൈയാക്ഷര ധാതുവിൽ നിന്നാണ് ഇസ്‌ലാം എന്ന പദം നിഷ്പന്നമായിട്ടുള്ളത്. ഒരാൾ തന്റെ ജീവിതത്തെ സർവശക്തന്റെ മുന്നിൽ സമർപ്പിക്കുമ്പോഴാണ് പൂർണാർഥത്തിൽ അയാൾ ഒരു മുസ്‌ലിമായി തീരുന്നത്. സമാധാനത്തെ പ്രതിനിധീകരിച്ചുകൊണ്ടുള്ള കർമങ്ങളാണ് ഓരോ മുസ്‌ലിമും നിർവഹിക്കാനു

ള്ളത് എന്നത് കൊണ്ട് തന്നെ തീവ്രവാദത്തിന്റെ കിരണമേൽക്കാതെ ജീവിക്കൽ അവന്റെ ബാദ്ധ്യത കൂടിയാണ്. ഇസ്‌ലാം നിർബന്ധമാക്കിയ ആരാധനാ കർമങ്ങൾ നിർവഹിക്കുന്നതിൽ പരിധിവിടുകയും സ്വന്തം ശരീരത്തെ ഉപദ്രവിക്കുകയും ചെയ്യുമ്പോൾ അത് നിഷിദ്ധമാക്കുകയും അതിലൂടെ ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്നതാണ് എന്ന് പഠിപ്പിക്കുകയും ചെയ്യുക വഴി തീവ്രവാദത്തോടുള്ള തന്റെ സമീപനം വ്യക്തമാക്കുകയാണ് പ്രവാചകൻ ചെയ്തത്.

ഏത് സാഹചര്യത്തിലും ജീവിക്കാൻ കഴിയുന്ന നിയമങ്ങളാണ് ഇസ്‌ലാമിലുള്ളത്. ദൈവിക ഭരണമുണ്ടെങ്കിൽ മാത്രമേ മുസ്‌ലിമായി ജീവിക്കാൻ കഴിയുകയുള്ളൂവെന്നും ഭരണമില്ലാത്ത മതം ഭാവനയിലെ വീടാണെന്നു മുള്ള വാദം ഇസ്‌ലാമിന് വിരുദ്ധമാണ്. അത് കൊണ്ട് തന്നെ ഇസ്‌ലാമിനെ അവതരിപ്പിച്ച ഹദ്റ ത്ത് മുഹമ്മദ് (സ) പരമപ്രധാന മായും പഠിപ്പിച്ചത് ഭരണസമര മാർഗത്തിനു പകരം ഏകദൈവ വിശ്വാസമായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: ***'ഞാനല്ലാതെ ഒരാരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കു വിൻ എന്ന് ദിവ്യ ബോധനം നൽകികൊണ്ടല്ലാതെ ഒരു ദൂതനേയും നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല.' (വി.ഖു: 21:26)*** ദൈവിക ഭരണം സ്ഥാപിക്കുന്നതിനായി ആയുധമെടുക്കുന്ന സ്വയം സ്ഥാപക അപ്പോസ്തലന്മാർ പക്ഷേ വിസ്മരിക്കുന്നത് ഇസ്‌ലാമിക കാരുണ്യത്തെയാണ്. സ്ത്രീകളെയും കുട്ടികളെയും കൊലപ്പെടുത്തി മൃതശരീരങ്ങളെപ്പോലും വികൃതമാക്കി മതഭരണം സ്ഥാപിക്കാൻ ശ്രമിക്കുന്നവർ യഥാർഥത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളെ സഹായിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമെന്ന ഈ മഹത്തായ ആദർശം പ്രബോധനം ചെയ്യുകയും അതു വഴി ആളുകൾക്ക് ഏകദൈവ വിശ്വാസം ഉൾക്കൊള്ളാൻ സാധിക്കുകയും ചെയ്താൽ മനുഷ്യന് ആത്മീയ മോക്ഷവും നല്ല മനുഷ്യരുടെ സമൂഹവും സാധ്യമാവുമെന്നാണ് ഇസ്‌ലാമിന്റെ പാഠം. ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ് അതിനുള്ള ദൃഷ്ടാന്തം. ഖുർആൻ പറയുന്നു: ***'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരോട് അവർക്ക് മുമ്പുള്ള വരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെമാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയുമില്ല. അതിന് ശേഷം ആരെങ്കിലും നിഷേധിക്കുന്നുവെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.'(വി.ഖു 24:56)***

സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും മതമായ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് തീവ്രവാദത്തിന്റെ മതമായി ഇസ്‌ലാമിന്റെ ശത്രുക്കൾ അവതരിപ്പിക്കാൻ ഉപയോഗിക്കുന്നത് മാധ്യമങ്ങളെയാണ്. അഹങ്കാരത്തിന്റെ ആവരണമില്ലാത്ത ഹൃദയങ്ങൾ നേർമാർഗത്തിന്റെ തെളിനീരിനായി ദാഹിക്കുമ്പോൾ അവർക്ക് ഇസ്‌ലാമിന്റെ നീരുറവ എത്താതിരിക്കുവാനാണ് ഈ പ്രചരണങ്ങൾ നടത്തുന്നത്. തീവ്രവാദത്തിന് ഏതെങ്കിലും മതത്തിന്റേയോ വേദഗ്രന്ഥത്തിന്റെയോ പിന്തുണയില്ല എന്നതാണ് സത്യം. മതങ്ങളുടെയും വേദ ഗ്രന്ഥങ്ങളെയും ദുർവ്യാഖ്യാനിച്ചു കൊണ്ട് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന അവർ തീവ്രവാദത്തെ മതത്തിന്റെ കുപ്പായമണിയിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാംമതത്തിന്റെ പേരിൽ ശബ്ദിക്കുന്ന മത രാഷ്ട്രവാദികളായ മതതീവ്രവാദികളെ ഉദ്ധരിച്ചാണ് ഇസ്‌ലാമിന്റെ പ്രഖ്യാപിത ശത്രുക്കൾ അവരുടെ പ്രചരണവും ആക്രമണവും നടത്തുന്നത്.

2006 ആഗസ്റ്റ് മാസത്തിൽ ദക്ഷിണാഫ്രിക്കയിൽ ക്രിക്കറ്റ് താരം ഹാഷിം ആല ശ്രീലങ്ക ക്കെതിരെ വിക്കറ്റ് നേടിയപ്പോൾ മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റ് കളിക്കാരനും പിന്നീട് കമന്റേറ്ററു മായ ഡീൻ ജോൺസ് **'**The terrorist has got another wicket **'** എന്ന് വിളിച്ച് പറഞ്ഞത് ഏറെ വിവാദമായിരുന്നു. ഹാഷിം ആല യെ ഭീകരവാദിയെന്ന് വിളിക്കാനുള്ള അദ്ദേഹത്തിന്റെ പ്രചോദനം മുസ്‌ലിം പേരും നീണ്ട താടിയുമായിരുന്നു. ഒരു രാജ്യത്തെ പ്രതിനിധീകരിച്ചു കൊണ്ടു കളിക്കുമ്പോൾ പോലും ഒരാളുടെ പേരും മുഖത്തെ രോമവും മാത്രം നോക്കി വിലയിരുത്തിയ തീവ്രവാദത്തിന്റെ മുദ്ര കുത്താൻ പ്രബുദ്ധരെന്ന് നാം വിശ്വസിക്കുന്നവർക്കെങ്ങനെയാണ് സാധിക്കുന്നത്? 2006 സെപ്തംബർ മാസത്തിലാണ് കേരളത്തിൽ തപാൽ ബോംബ് വിവാദം കത്തിയുയർന്നത്. അതിന്റെ പേരിൽ ഒരു മുസ്‌ലിം വിദ്യാർഥി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ മാധ്യമ ലോകം ആഹ്ലാദ തിമിർപ്പിലായിരുന്നു. ആക്രമണത്തിനുള്ള മുസ്‌ലിം ആയുധമാണ് തപാൽ ബോംബ് എന്നും മുസ്‌ലിംകൾ ഇനി അക്രമിക്കുന്നത് ഈ പുതിയ രീതിയിലായിരിക്കുമെന്നും വരെ ചില മാധ്യമങ്ങൾ പ്രചരിപ്പിച്ചു. ബോംബുണ്ടാക്കിയ വിദ്യാർഥിയുടെ വീട്ടിൽ ബെൽജിയം നിർമിത വെടിയുണ്ടകൾ ഉണ്ടെന്ന വിശദീകരണം കൂടി വന്നതോടെ അത് വിവാദത്തിന് ആക്കം കൂട്ടി. അന്വേഷണം പുരോഗമിക്കുന്നതിനിടയിൽ തപാൽ ബോംബിന്റെ നിർമാതാവ് മുസ്‌ലിമല്ലെന്ന സ്ഥിരീകരണം

വന്നപ്പോൾ അദ്ദേഹം ഒരു മാനസിക രോഗിയാണെന്ന വിശദീകരണമാണ് മാധ്യങ്ങൾ നൽകിയത്. നോക്കുക മുസ്‌ലിമല്ലെങ്കിൽ ഏതു മതക്കാരനായാലും മാനസിക രോഗി. മുസ്‌ലിമാണെങ്കിൽ തീവ്രവാദി. ഇസ്‌ലാമിനോടുള്ള മുൻ വിധിയും എതിർപ്പും മാധ്യമങ്ങൾക്കിടയിൽ എത്രമാത്രം രൂഢമൂലമാണെന്ന് ഈ നിലപാട് വ്യക്തമാക്കുന്നു.

ഇസ്‌ലാം ഒരു തീവ്രവാദ പ്രവർത്തനത്തേയും അംഗീകരിക്കാത്ത മതമാണ്. ഭീകരതക്കും അതിരുവിട്ട ഒരു പ്രവർത്തനത്തിനും അംഗീകാരം നൽകാത്ത മതമാണ് ഇസ്‌ലാം. ഒരു മനുഷ്യനെ എങ്ങനെ നശിപ്പിക്കാം എന്നത് ഇസ്‌ലാമിന്റെ ചർച്ചയല്ല. ഒരു ജനതയെ എങ്ങനെ നന്മയിലേക്ക് നയിക്കാം എന്നതാണ് ഇസ്‌ലാമിന്റെ ചിന്താവിഷയം. എത്ര വലിയ ശത്രുവാണെങ്കിലും അവനെ എങ്ങനെ നന്മയിലേക്ക് കൊണ്ടുവരാമെന്ന് ആലോചിക്കുന്നവനാണ് യഥാർഥ മുസ്‌ലിം. ഇസ്‌ലാമിന്റെ അടിസ്ഥാന ആശയങ്ങളെ വിശദീകരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നത് ***'മനുഷ്യകുലത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉത്കൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദേശിക്കുകയും ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.'(വി. ഖു 3: 111)*** മുസ്‌ലിം സമുദായം മുഴുലോകത്തിന്റെയും നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളത് കൊണ്ടാണ് അവർ ഉത്തമ സമുദായമാകുവാൻ കാരണം. മുസ്‌ലിംകൾക്ക് ഈ തത്ത്വം മനസ്സിലാക്കി വേണം ജീവിതം നയിക്കുവാൻ. അതിനാൽ തന്നെ ലോകത്ത് നടക്കുന്ന ഏതെങ്കിലും ഭീകരപ്രവർത്തനത്തിലോ കലാപത്തിലോ പങ്കെടുക്കാൻ ഒരു മുസ്‌ലിമിന് കഴിയുമോ? ഇസ്‌ലാമിക ദർശനത്തിന്റെ പ്രായോഗികതയും സത്യശുദ്ധ പ്രണവമായ പ്രകൃതവും കണ്ട ജർമൻ കവി ഗോയ്ഥെ ഖുർആൻ വായിച്ചപ്പോൾ ഇതാണ് ഇസ്‌ലാമെങ്കിൽ ചിന്തിക്കുന്ന ഓരോ മനുഷ്യനും ഒരു മുസ്‌ലിമാണെന്നാണ് പ്രഖ്യാപിച്ചത്

ഇന്ന് ഇസ്‌ലാമിക സംസ്കാരത്തേയും അതിന്റെ പ്രയോക്താക്കളെയും നശിപ്പിക്കാൻ ഹൈഡ്രജൻ ബോംബോ, ന്യൂക്ലിയർ ബോംബോ ഹിരോഷിമയിൽ വർഷിച്ച യുറേനിയം ബോംബോ നാഗസാക്കിയിൽ പതിച്ച പ്ലൂട്ടോണിയം ബോംബോ വേണ്ട. നമ്മുടെ വീടിനുള്ളിലേക്ക് കടന്നു വരുന്ന സംപ്രേഷണ സ്വീകരണികൾ തന്നെ ധാരാളം. സമൂഹ മാധ്യമങ്ങളിലൂടെ ഇസ്‌ലാമിന്റെ സുന്ദരവദനത്തിൽ കരി ഓയിൽ പ്രയോഗം നടത്തു മ്പോൾ അതിന് ഉചിതമായ മറുപടി നൽകാൻ അതേ മാധ്യമങ്ങൾ ഉപയോഗിച്ച് തന്നെ ഒരോ മുസ്‌ലിമിനും കഴിയണം. കറ കളഞ്ഞ മനുഷ്യ സ്നേഹം, അന്യനെ സഹായിക്കാനുള്ള ആത്മാർഥമായ അഭിലാഷം തുടങ്ങിയ സദ്ഗുണങ്ങൾ സമ്മേളിച്ച ഒരു സമൂഹത്തെയാണ് ഇസ്‌ലാം വിഭാവനം ചെയ്തത് എന്ന് സ്വജീവിതത്തിലൂടെ ലോകത്തിന് മുന്നിൽ കാണിച്ചുകൊടുക്കൽ ഓരോ മുസ്‌ലിമിന്റേയും ബാധ്യതയാണ്. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു ജീവിത വീക്ഷണമാണ് ഇസ്‌ലാം. ദേശ ഭാഷാ വിവേചനങ്ങൾക്കും സാമൂഹിക ഭേദങ്ങൾക്കുമതീതമായ ഒരു വിശ്വദർശനം കൂടിയാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. മനുഷ്യരെ ഒന്നായി കാണുന്ന വിവേചനങ്ങളില്ലാത്ത തട്ടുകളില്ലാത്ത അസ്പൃശ്യതകളില്ലാത്ത ദർശനം. ഇന്ന് ലോകത്ത് കാണുന്ന മുസ്‌ലിം സമൂഹത്തെയാണ് ഇസ്‌ലാം വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇവരുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും സ്വഭാവ മര്യാദകൾക്കുമുള്ള പേരാണ് ഇസ്‌ലാം എന്നും തെറ്റിദ്ധരിച്ചവരാണ് പൊതുസമൂഹം. യഥാർഥത്തിൽ ജീവിതത്തിന്റെ സകല മേഖലകളിലും ലോകത്തിന് മാതൃകയായി ജീവിക്കുന്ന ഒരു ഉത്കൃഷ്ട സമൂഹമാകണം മുസ്‌ലിംകൾ എന്നതത്രെ വിശുദ്ധ ഖുർആന്റെ ലക്ഷ്യം. ജനങ്ങൾ സത്യത്തിന്റെ ആഖ്യാതാക്കളോ ഉപദേശികളോ ആവാനല്ല ഇസ്‌ലാം ആഗ്രഹിക്കുന്നത് പ്രത്യുതാ സത്യത്തിന്റെ കർമ സാക്ഷികളാകാനാണ് ഇസ്‌ലാമിന്റെ ആഹ്വാനം.

കുലമഹിമയിൽ ഏറ്റവുമധികം അഹങ്കരിച്ചിരുന്ന അറബികളുടെ നാട്ടിൽ 14 നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം ജന്മം നൽകിയ മാനവ സമത്വത്തിന്റെ സുന്ദരാദർശം അതുല്യമാണ്. ***'മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല'*** (വി. ഖു.) എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാം മതം സ്വീകരിച്ചില്ല എന്ന കാരണത്താൽ മനുഷ്യരെ കൊല്ലാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. മതഭിന്നതയുടെ പേരിൽ അന്യമതസ്ഥരോട് കലഹിക്കാൻ അത് മുസ്‌ലിംകളെ ഉപദേശിക്കുന്നില്ല. മറിച്ച് വിമതരോട് സഹകരണത്തോടുകൂടിയും സൗഹാർദത്തോടെയും വർത്തിക്കാനാണ് ഇസ്‌ലാം കൽപ്പിക്കുന്നത്. ലോകത്ത് ഒരു സാമൂഹിക സമാധാനം പുലരാൻ മറ്റാരും കാണിക്കാത്ത താൽപര്യമാണ് ഇസ്‌ലാം കാണിച്ചിട്ടുള്ളത് എന്നതിന്റെ ശ്രദ്ധേയമായ തെളിവാണ് ഇസ്‌ലാമിന്റെ അഭിവാദനമായ ***അസ്സലാമു അലൈക്കും*** (നിങ്ങൾക്ക് സമാധാന മുണ്ടാകട്ടെ) എന്ന വചനം. ഈ സമാധാന വചസ്സുകൾ ദിവസത്തിൽ പലവുരു കൈമാറി കൊണ്ടിരിക്കുന്ന മുസ്‌ലിമിന് എങ്ങനെ അപരനെ അക്രമിക്കാൻ കഴിയും? ഇസ്‌ലാംമതം സ്വീകരിക്കൻ യാതൊരു ബല പ്രയോഗവും പാടില്ല. ഇത് ഇസ്‌ലാമിന്റെ മൗലികാദ്ധ്യാപനമണ്. വിശുദ്ധ ഖുർആൻ വളരെ ശക്തമായി തന്നെ അതിനെ പറ്റി താക്കീതായി ഇക്കാര്യം ഉണർത്തിയിട്ടുണ്ട്. അർഥമറിയാതെ

ശബ്ദ വ്യാപാരം നടത്തുന്നതും , വിശ്വാസത്തെ കർമ്മരഥ്യയിലേക്ക് ആവിഷ്ക്കരിക്കാത്തതും പരിഹാസ്യമാണെന്ന് പഠിപ്പിക്കപ്പെട്ട വരാണ് മുസ്‌ലിംകൾ. പ്രകടന പരതയും വചന സ്ഫുടതയു മില്ലാതെ സൽക്കർമാനുഷ്ഠാനമാണ് ഇസ്‌ലാം പ്രതീക്ഷിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ സന്ദിഗ്ദതകളി ല്ലാത്ത ഭാഷയിൽ അടയാളപ്പെടു ത്തിയിട്ടുണ്ട്.

ഇസ്‌ലാമിക സമൂഹത്തിൽ ജീവിക്കുന്ന ഒരാൾക്ക് മതം നൽകുന്ന വിശാലത അനുഭവിക്കാ നാകുക നിരപരാപധികളുടെ രക്തം ചിന്താത്തയത്രകാലമായിരി ക്കുമെന്ന് തിരുനബി (സ) വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നു ഉമറിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി (സ) പറഞ്ഞു: ***'ആദരണീയരക്തം ചിന്താതിരിക്കുന്നേടത്തോളം സത്യവിശ്വാസിക്ക് ദീനിന്റെ വിശാലത ലഭിച്ചുകൊണ്ടിരിക്കും '***

സത്യവിശ്വാസിയുടെ കര ങ്ങളിൽ നിന്ന് നിരപരാധികൾ എപ്പോഴും സുരക്ഷിതരായി രിക്കുമെന്ന് ഖുർആൻ വ്യക്തമാക്കു ന്നു. സത്യവിശ്വാസികളുടെ സ്വഭാവ വിശേഷങ്ങളെ ക്കുറിച്ച് പരാമർശിക്കവേ വിശുദ്ധ ഖുർആൻ പറഞ്ഞു: ***'അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു നിരോധിച്ച ഒരു ജീവനെ ന്യായമായ ഒരു കാരണവും കൂടാതെ വധിക്കാത്തവരും വ്യഭിചരിക്കാത്ത വരുമാണവർ. വല്ലവനും അത് ചെയ്താൽ അവൻ പാപത്തിന്റെ ശിക്ഷ കണ്ടെത്തുന്നതാണ്. '(വി. ഖു)*** നിഷിദ്ധമാക്കപ്പെട്ട കാര്യ ങ്ങളെക്കുറിച്ച് എണ്ണിപ്പറഞ്ഞപ്പോഴും കൊലപാതകത്തെ പ്രത്യേകമായി ഖുർആൻ എടുത്തു പറഞ്ഞതായി കാണാൻ കഴിയും. ***'പറയുക വരുവിൻ, നിങ്ങളുടെ നാഥൻ നിങ്ങൾ ക്ക് നിഷിദ്ധമാക്കിയതിനെ നിങ്ങൾക്ക് ഞാൻ പറഞ്ഞു തരാം. (അവൻ കൽപ്പിക്കുന്നു) അവ നോട് യാതൊന്നിനേയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്ക ളോട് നന്മ പ്രവർത്തിക്കുക. ദാരിദ്ര്യം ഭയന്ന് കൊണ്ട് നിങ്ങൾ നിങ്ങളുടെ സന്തതികളെ വധിക്കു കയുമരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. പ്രത്യക്ഷവും ഗോപ്യവുമായ നീചകൃത്യങ്ങളെ സമീപിക്കരുത്. അല്ലാഹു നിങ്ങളോട് ഇതിനെ സംബന്ധിച്ച് താക്കീതായി അനു ശാസിക്കുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നതിന് വേണ്ടി ' (വിശു ഖുർആൻ 6:15*** 2) മാതാവിന്റെ ഗർഭത്തിൽ ഉരുവം പ്രാപിച്ചു കഴിഞ്ഞാൽ എല്ലാവർക്കും ജനി ക്കാനും ജീവിക്കാനും അവകാശ മുണ്ടെന്നാണ് ഇസ്‌ലാമിന്റെ നിലപട്. പട്ടിണി കിടന്ന് ഭയന്ന് മക്കളെ കൊല്ലുവാൻ ധൃഷ്ടരായിരുന്ന ജാഹിലിയ്യാ അറബികളുടെ സമ്പ്ര ദായത്തെ വിമർശിക്കുന്ന ഖുർആൻ വചനങ്ങൾ ഇന്ന് യോജിക്കുക ജനസംഖ്യാ വർധനവിനെക്കുറിച്ച് ഭീതി പരത്തി ഭ്രൂണ ഹത്യക്ക് പ്രേരിപ്പിക്കുന്നവരുടെ ചെയ്തികൾക്കാണ് . ഖുർആൻ നിഷ്ക്കർശിക്കുന്നത് കാണുക ***'ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരു ത്. അവർക്കും നിങ്ങൾക്കും നാമാണ് ആഹാരം നൽകുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാണ്.' ( 17: 32)***

കൊലപാതകങ്ങളും കുഴപ്പ ങ്ങളുമില്ലാത്ത ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ് ഇസ് ലാം വിഭാവനം ചെയ്യുന്നത്. കൊലയാളികളെയും കുഴപ്പക്കാരെയും കലാപകാരി കളേയും സ്വൈരമായ സാമുഹിക ജീവിതത്തെ തകർക്കുന്നവരെയും മാതൃകാപരമായി ശിക്ഷിക്കണ മെന്ന് പറയുമ്പോൾ അതുവഴി ഇത്തരം പ്രശ്നങ്ങളൊന്നുമില്ലാത്ത സമാധാന പൂർണമായ സാമൂഹി കാന്തരീക്ഷം സൃഷ്ടിക്കണമെന്ന ലക്ഷ്യമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ഇസ്‌ലാമിനെതിരെ യുദ്ധം ചെയ്യുകയും നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യു ന്നവർ പിടിക്കപ്പെടുന്നതിന് മുമ്പ് പശ്ചാത്തപിക്കുകയും തങ്ങളുടെ നിലപാട് നന്നാക്കി തീർക്കുകയും ചെയ്താൽ അവർ ശിക്ഷയിൽ നിന്ന് ഒഴിവാണെന്ന് പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത് അതുകൊണ്ടാ ണ്. ശിക്ഷിക്കുകയല്ല മറിച്ച് സമാധാന പൂർണമായ സാമൂഹി കാന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയും നിയമങ്ങളുടെയും ലക്ഷ്യം. കുഴപ്പങ്ങളും കലാപങ്ങളും കൊല പാതകങ്ങളും അധാർമ്മികതയും ഇല്ലാത്തതും എല്ലാവർക്കും ശാന്തിയോടെ ജീവിക്കാനാവശ്യ മായ ഒരു സാമുഹിക സൃഷ്ടി. ഇസ്‌ലാമിലെ യുദ്ധ നിയമങ്ങളുടെ യും സ്ഥിതി ഇത് തന്നെയാണ്. പ്രതിരോധത്തിന് വേണ്ടി മാത്രമാണ് ഇസ്‌ലാമിക യുദ്ധം. എതിരാളികളെ ഉന്മൂലനം ചെയ്യുകയോ ലോക ത്തിന്റേ മേൽ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭരണം സ്ഥാപിക്കാനോ അല്ല എന്ന് വിശുദ്ധ ഖുർആനിലെ നിരവധി സൂക്തങ്ങൾ സാക്ഷ്യം വഹിക്കുന്നു. സാമ്രാജ്യത്വ സ്ഥാപന ത്തിനോ എതിരാളികളെ കൊന്നെ ടുക്കുന്നതിനോ അധിനിവേശം സ്ഥാപിച്ച് അന്യരെ ചൂഷണം ചെയ്യുന്നതിനോ വേണ്ടിയല്ല ഇസ്‌ലാം യുദ്ധം ചെയ്തത്. പീഢനത്തിൽ നിന്ന് രക്ഷപ്പെടാൻ പലായനം ചെയ്ത് വിദൂര ദേശത്ത് ജീവിച്ച് മുസ്‌ലിംകളെ ആ സ്ഥലത്ത് പോയി അക്രമിക്കുന്നത് പ്രതി രോധിക്കാനാണ് ഇസ്‌ലാമിൽ ആദ്യമായി യുദ്ധത്തിന് അനുവാദം നൽകപ്പെട്ടത്. അക്രമത്തെ പ്രതി രോധിക്കാനുള്ള ഈ യുദ്ധങ്ങളിൽ പോലും അതിരുകൾ ലംഘിച്ചു കൂടായെന്ന് കർശന മായ നിർദേശം നൽകപ്പെടുകയുണ്ടായി. ഇസ്‌ലാം എല്ലാവർക്കുമായി നൽകു ന്ന യുദ്ധപാഠം ഇതാണ്. തങ്ങളുടെ സ്വാർഥതക്ക് വേണ്ടി മറ്റുള്ളവരെ ജീവിക്കാനനുവദിക്കാത്ത സാഹചര്യങ്ങളുണ്ടാവുമ്പോൾ അത്തരക്കാരെ പ്രതിരോധിക്കാനു

ള്ള യുദ്ധത്തിന് മാത്രമാണ് ഇസ്‌ലാമിൽ അനുമതിയുണ്ടായത്. ഇങ്ങനെയുള്ള ഇസ്‌ലാമിൽ എവിടെയാണ് തീവ്രവാദത്തിന്റെ അടിസ്ഥാനത്തിലുള്ള ഭീകരയുദ്ധ മുള്ളത്.?

നന്മകൾക്ക് സാക്ഷികളാവണമെങ്കിൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയണമെങ്കിൽ ഖുർആൻ പഠിക്കേണ്ടതുണ്ട്. മതത്തെ അറിയേണ്ടതുണ്ട്. പഠിക്കാതെ ചിന്തിക്കാതെ മനനം നടത്താതെ ത്യാജ്യഗ്രാഹ്യ വിവേചനമില്ലാതെ കണ്ണുമടച്ച് ആരെയെങ്കിലും അന്ധമായി അനുകരിക്കുന്ന മനുഷ്യരെ പലയിടങ്ങളിലും വിശുദ്ധ ഖുർആൻ ശക്തമായി ആക്ഷേപിക്കുന്നുണ്ട്. ചിലർ മതത്തെ തീവ്രതക്കുള്ള ഉത്തേജകമായി അന്യഥാ വ്യാഖ്യാനിച്ചു. തീവ്രവാദം വ്യക്തി തലത്തിൽ നിന്ന് സംഘടനാ തലത്തിലേക്കും അവസാനം അന്താരാഷ്ട്ര തലത്തിലേക്കും സംക്രമിച്ചിരിക്കയാണ്. ഇന്ന് യുവാക്കളെ വിദൂരമായ ലക്ഷ്യങ്ങൾ കാണിച്ച് ആകർഷിക്കുക അവരിൽ സംഘബോധം ഊട്ടിയുറപ്പിക്കുക ഏകാധിപതിയായ നേതാവി ന്റെ ശാസനകൾ അന്തിമമെന്ന് അംഗീകരിപ്പിക്കുക. ലഹരി മരുന്നുകളോടൊപ്പം ജീവാർപ്പണ പ്രതിജ്ഞയെടുപ്പിക്കുക, തീവ്രവാദി സംഘങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും ചെയ്തു കൊണ്ടിരിക്കുന്നത് അതാണ്. ദേശീയതയും വംശീയതയും പോലെ ഒരു മതവികാരം. ഇസ്‌ലാമി ന്റെ പേരിൽ രൂപം കൊള്ളുന്ന ഈ ജിഹാദീ സംഘങ്ങളും ഗറില്ലാ കൂട്ടങ്ങളും ചില്ലറ വിനകളല്ല ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വരുത്തിവെക്കുന്നത്. ശത്രുവിന്റെ ലക്ഷ്യം നേടിക്കൊടുക്കാനല്ല, മറിച്ച് ലക്ഷ്യം നേടുന്നതിൽ നിന്ന് ശത്രുവിനെ പരാജയപ്പെടുത്താനാണ് മുസ്‌ലിംകൾ ശ്രമിക്കേണ്ടത്. മതതീവ്ര വാദവും മതരാഷ്ട്ര വാദവും ഇസ്‌ലാമിക രാഷ്ട്രങ്ങൾക്കും ഇസ്‌ലാമേതര രാഷ്ട്രങ്ങൾക്കും ഒരു പോലെ ഭീഷണിയാണ്. അവർ യുവാക്കളെ ജിഹാദിന്റെ പേരിൽ ജാഗരം കൊള്ളിച്ച് മതമെന്നാൽ മരിക്കാനുള്ള കുറുക്ക് വഴിയാണെന്ന അപകടകരമായ വാദത്തി ലേക്ക് ആളെ ക്കൂട്ടുന്നു. മതവൈകാരികതയുടെ മറവിൽ വിശ്വാസികളെ ചൂഷണം ചെയ്യുന്ന ആയുധ മാഫിയാ സംഘങ്ങൾ ശക്തി പ്രാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഓരോ മുസ്‌ലിമും ജാഗരൂകനായിരിക്കേണ്ടതാണ്. ഇസ്‌ലാം മതത്തിന്റെ മൗലിക പ്രമാണങ്ങൾ പഠിച്ചറിഞ്ഞ് ഇസ്‌ലാമിന്റെ ശാന്തി സന്ദേശവും അതിന്റെ ജ്ഞാനഗരിമയും ആധുനിക വാർത്താ മാധ്യമങ്ങളിലൂടെ ലോകത്തെ അറിയിക്കുകയും ലോകത്തോട് സംവദിക്കുകയുമാണ് ഇസ്‌ലാമിന്റെ രക്ഷകർ ചെയ്യേണ്ടത്.

ഇപ്പോൾ ലോകമാകമാനം ചർച്ചചെയ്യുന്ന പുതിയ ഭീകരതയാണല്ലോ ഐ എസ് ( IS ) അഥവാ ഇസ്‌ലാമിക് സ്റ്റേറ്റ്. വാസ്തവത്തിൽ ഈ ഭീകര സംഘം ചില മുസ്‌ലിം ഉലമാക്കൾ വിത്തിട്ട ഇസ്‌ലാമിക രാഷ്ട്ര വാദത്തിന്റെ അടിസ്ഥാനത്തിൽ അവരിൽ ചിലരുടെ സഹായത്തോടെ അമേരിക്കയടക്കമുള്ള സാമ്രാജ്യത്വ ശക്തികളാണ് ഉസാമാ ബിൻ ലാദനെ യും IS നേതാവ് അബൂബക്കർ ബാഗ്ദാദിയേയും വളർത്തിയത്. അതിന് പിന്നിൽ അമേരിക്കയും ഇസ്റായേൽ രാഷ്ട്രവുമുണ്ടെന്ന കാര്യം വ്യക്തമാണ്. IS ന്ന് ഇസ്‌ലാമുമായി യാതൊരുവിധ ബന്ധവുമില്ല. കാരണം ഇസ്‌ലാമിന്റെയും അതുയർത്തുന്ന മഹിത മൂല്യങ്ങളുടേയും പ്രതിയോഗിയായ ഭീകരതയുടെ വക്താവാണ് IS. കാരുണ്യക്കടലായ പ്രവാചകൻ മുഹമ്മദ് (സ) ന്റെ പേരിലാണ് IS പ്രവർത്തിക്കുന്നത് എന്നതാണ് ഏറ്റവും സങ്കടകരം. വർഗീയതയിലേക്ക് ക്ഷണിക്കുന്നവനും വർഗീയതയുടെ പേരിൽ പോരടിക്കുന്നവനും വർഗീയതയുടെ പേരിൽ മൃത്യു വരിക്കുന്നവനും നമ്മിൽ പ്പെട്ടവനല്ല എന്നാണ് ആ മഹാത്മാവ് പ്രബോധിപ്പിച്ചത്. ലക്ഷ്യ പ്രാപ്തിക്ക് വേണ്ടി നടത്തുന്ന ക്രൂരമായ ഭീകര പ്രവർത്തനങ്ങളും നശീകരണ പ്രവണതകളുമാണ് തീവ്രവാദം കൊണ്ട് അർഥമാക്കുന്നത്. മാർഗമേതായാലും ലക്ഷ്യം നന്നായാൽ മതി എന്ന ചിന്ത തന്നെ തീവ്ര വാദമാണ്. സാമൂഹിക തലത്തിൽ വിദൂര ദോഷഫലങ്ങൾ ഉളവാക്കുന്ന നൂറ്റാണ്ടുകൾ പിന്നിട്ടാലും മുറിവുകൾ ഉണങ്ങാത്ത ഭീകരത ഇത്കൊണ്ട് ഉണ്ടായി തീരുന്നു.

മുസ്‌ലിം സമൂഹം തീവ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും ചുഴിയിൽപ്പെട്ട് മുങ്ങിതാഴ്ന്നു കൊണ്ടിരിക്കുന്ന ഒരു വിപദ്സന്ധിയിലൂടെയാണ് കടന്നു പോകുന്നത്. റസൂൽ തിരുമേനി (സ) യാൽ പ്രവചിതമയ കുഴപ്പങ്ങളുടെ ഒരു കാലഘട്ടം കൂടിയാണിത്. മുസ്‌ലിം സമൂഹത്തെ ജിഹാദിന്റെയും തീവ്രവാദത്തിയും ഭീകരവാദത്തിന്റെയും പിടിയിൽ നിന്ന് രക്ഷിച്ച് ഇസ്‌ലാമിന്റെ തനത് രൂപം വീണ്ടെടുക്കാനാണ് അല്ലാഹു യഥാകാലത്ത് വാഗ്ദത്ത മസീഹിനെ നിയോഗിച്ചയച്ചു കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് എന്ന ശാന്തിയുടെ സൗധം ലോകത്ത് സ്ഥാപിച്ചിരിക്കുന്നത്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു: ***'ഈ ലോകത്ത് ജീവിച്ച ഒരറ്റ യഥാർഥ മുസ്‌ലിമും ഇസ്‌ലാമിന്റെ പ്രചാരണത്തിന് വേണ്ടി ശക്തി പ്രയോഗിക്കേണ്ടതുണ്ടെന്ന വിശ്വാസം പുലർത്തിയിട്ടില്ല. നേരെ മറിച്ച് ഇസ്‌ലാം അതിന്റെ സ്വതസിദ്ധമായ മഹത്വത്തിന്റെ ബലത്തിലാണ് എല്ലാകാലത്തും വിജയിച്ചുയർന്നത്. മുസ്‌ലിം കളെന്ന് അഭിമാനിച്ചു കൊണ്ടു തന്നെ ഇസ്‌ലാമിനെ വാൾ ബലത്തിൽ പ്രചരിപ്പിക്കണമെന്ന് പറയുന്നവർ ഇസ്‌ലാമിന്റെ തനതായ മഹത്വത്തെക്കുറിച്ച് അറിവില്ലാത്തവരാകുന്നു.' (തിരിയാഖുൽ ഖുലൂബ്)*** ●

# വാഗ്ദത്ത മസീഹും സ്വലാത്തും

**റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടാണ് ഹദ്റത്ത് അഹ്മദ് (അ) ആത്മീയലോകത്തെ കൊടുമുടികളെല്ലാം കീഴടക്കിയത്.**

**സിദ്ധീഖ് അശ്റഫ് അലി മോഗ്രാൽ**

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു

**അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർഥിക്കുക** (33:57)

മുസ്‌ലിം സമുദായത്തിലെ ഓരോ വ്യക്തിയും ഈ കൽപനയുടെ അഭിസംബോധിതർ ആണെങ്കിലും ഈ ഉമ്മത്തിൽ ഈ കൽപനയുടെ ഉത്തമ സംബോധിതനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്ന അനുഗൃഹീത വ്യക്തിത്വമാണ് ആ കർത്തവ്യത്തെ പൂർണമായി നിർവഹിക്കേണ്ടിയിരുന്നത്. അനുഗ്രഹങ്ങൾ സ്വലാത്തിലൂടെ ലഭിക്കണമെന്ന് ഉൽക്കടമായി ആഗ്രഹിക്കുകയും തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ലിഖിതങ്ങളിലൂടെയും സ്വലാത്തിന്റെ അനുഗ്രഹങ്ങൾ ലോകമാകമാനം വ്യാപിപ്പിക്കുകയും ചെയ്ത ദിവ്യാത്മാവാണ് ഹദ്റത്ത് അഹ്മദ് (അ).

**റസൂൽ തിരുമേനി(സ)യോടുള്ള ബന്ധം**

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) വാഗ്ദത്ത മസീഹിനെക്കുറിച്ച് 1400 സംവത്സരങ്ങൾക്ക് മുമ്പ് തന്നെ പ്രവചിക്കുകയും അദ്ദേഹത്തിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും തന്റെ പേരിൽ ഏറ്റ വും കൂടുതൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്ന ആ പ്രേമഭാജനത്തിന്റെ ആഗമനം സുനിശ്ചിതമാണെന്നറിയിക്കുകയും ചെയ്തു. താൻ മുഹമ്മദെങ്കിൽ അദ്ദേഹം അഹ്മദും താൻ സൂര്യനെങ്കിൽ അദ്ദേഹം ചന്ദ്രനും താൻ ആദ്യമെങ്കിൽ അദ്ദേഹം അവസാനത്തിലായിരിക്കുമെന്നും താൻ സന്മാർഗത്തിലേക്ക് നയിക്കുന്നയാളെങ്കിൽ അദ്ദേഹം സന്മാർഗ്ഗം പ്രാപിച്ചയാളും താൻ മൂസയെങ്കിൽ അദ്ദേഹം ഈസയും താൻ യഥാർഥമെങ്കിൽ അദ്ദേഹം തന്റെ പ്രതിബിംബവുമായിരിക്കും എന്ന് ഈ സമുദായത്തെ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണമെന്നും അറിയിക്കുകയും കൂടാതെ അദ്ദേഹവുമായി തനിക്കുള്ള യോജിപ്പിനെയും സ്നേഹത്തെയും ഇപ്രകാരം വെളിപ്പെടുത്തുകയും ചെയ്തു. അതായത് അദ്ദേഹം എന്റെ കൂടെ എന്റെ ഖബറിൽ മറയടക്കപ്പെടുകയും പുനരുത്ഥാന നാളിൽ ഞങ്ങൾ ഒരേ ഖബറിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യജമാനനോടുള്ള സ്നേഹത്തിൽ തന്നെ ലയിപ്പിക്കുകയും അതിനായി തന്റെ വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്തു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യോടുള്ള സ്നേഹത്തിന്റെ എല്ലാ ഘട്ടങ്ങളെയും ഉത്തമമായ രീതിയിൽ പൂർത്തിയാക്കിയെന്ന് മാത്രമല്ല, അത് കൂടുതൽ സമുജ്ജ്വലമാക്കുകയും ചെയ്തു. അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയും റസൂൽ തിരുമേനി(സ)യോടുള്ള അനുരക്തിയുമാണ് എന്റെ കുഫ്റിനുള്ള കാരണമെങ്കിൽ ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുകയാണ്, ഞാൻ കടുത്ത കാഫിറാകുന്നു.

**സ്വലാത്തിനോടുള്ള ബന്ധം**

**'പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുന്നതാണ്.'** (വിശുദ്ധ ഖുർആൻ 3:32) എന്ന കൽപനയ്ക്കനുസരിച്ച് വാഗ്ദത്ത മഹ്ദി അവിടുത്തെ കാൽപാടുകളെ പിന്തുടർന്ന് പോന്നു. അതിനുള്ള അത്യുത്തമമായ മാർഗം റസൂൽ തിരുമേനി(സ)യുടെ പേരിൽ അധികമായി സ്വലാത്ത് ചൊല്ലുകയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അദ്ദേഹം സ്വലാത്തിൽ ലയിക്കുമായിരുന്നു. മുഹമ്മദ് (സ) എന്ന ആ അനുഗൃഹീത നാമത്തെ അദ്ദേഹം തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി.

ഹദ്റത്ത് അഹ്മദ് (അ)ന്റെ പ്രിയ പുത്രി ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബ പറയുന്നു. ഉറക്കത്തിൽ വശം മാറി കിടക്കുമ്പോൾ സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ

അളീം' എന്ന് ഉച്ചരിക്കുമായിരുന്നു. എന്നോടും അപ്രകാരം ചെയ്യാനായി ഉപദേശിക്കുകയും ചെയ്തു.

*റബ്ത്ത് ഹെ ജാനെ മുഹമ്മദ് സെ മെരീ ജാ(ൻ) കൊ മുദാം ദിൽ കൊ വോ ജാം ലബാലബ് ഹെ പിലായാ ഹംനെ*

എന്റെ ജീവന്ന് മുഹമ്മദ് നബി (സ)ന്റെ ജീവനുമായി അഭേദ്യമായൊരു ബന്ധവും സമ്പർക്കവുമുണ്ട്. ഞങ്ങൾ ഹൃദയത്തിന് മതിയാവോളം ആ മധുര പാനീയം നൽകിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് സ്വലാത്തുമായി അഗാധമായ ബന്ധവും സമ്പർക്കവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതീകവുമായ ജീവിതം സ്വലാത്തുമായി ഇഴുകിച്ചേർന്നതായിരുന്നു.

## രോഗത്തിൽ നിന്ന് ശമനം

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: "ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപെടുകയും എന്റെ അനന്തരാവകാശികൾ എന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് കരുതുകയും സുന്നത്തനുസരിച്ച് മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിക്കുകയും ചെയ്തു. എനിക്കേറ്റവും പ്രിയപ്പെട്ടവർ ചുമരിന് പിന്നിൽ അനിയന്ത്രിതമായി കരയുകയാണ്. എന്നാൽ അവരിൽ പലരും ഇന്ന് ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു. രോഗശയ്യയിൽ 16-ാം ദിവസവും വന്നു. തീർത്തും നിരാശാജനകമായിരുന്നു ആ ദിവസം. മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിച്ചു. ആ ദിവസം വൈകുന്നേരമാകുമ്പോഴേക്കും മരണമടയും എന്നാണ് എന്റെ ബന്ധുക്കളെല്ലാവരും ദൃഢമായും വിശ്വസിച്ചത്. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. അല്ലാഹു തന്റെ നബിമാർക്ക് വിപത്തുകളിൽ നിന്നുള്ള മോക്ഷത്തിനായി ദുആകൾ പഠിപ്പിച്ച് കൊടുക്കുന്നത് പോലെ എനിക്കും ദിവ്യവെളിപാടിലൂടെ ദുആ പഠിപ്പിക്കപ്പെട്ടു. അത് 'സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ്' എന്നതായിരുന്നു.

അല്ലാഹു എന്നെ ഇൽഹാമിലൂടെ അറിയിച്ചു: 'മണൽതരിയോട് കൂടിയ നദീജലത്തിൽ കൈ ഇടുകയും ഈ പരിശുദ്ധ വചനങ്ങൾ ഉരുവിട്ട് കൊണ്ട് നെഞ്ചിലും നെഞ്ചിന് ചുറ്റും കൈകളിലും മുഖത്തും തടവുകയും ചെയ്യുക. നിനക്ക് ശമനം ലഭിക്കുന്നതാണ്'. ഉടനെ മണലിനോട് കൂടിയ നദീജലം കൊണ്ടുവരപ്പെട്ടു. എന്നെ അറിയിച്ചത് പോലെ തന്നെ ഞാൻ ചെയ്യാൻ തുടങ്ങി. എന്റെ അപ്പോഴത്തെ അവസ്ഥയെ കുറിച്ച് പറയുകയാണെങ്കിൽ എന്റെ ഓരോ രോമകൂപങ്ങളിൽ നിന്നും തീ പുറത്ത് വരുന്നത് പോലെ എനിക്ക് തോന്നി. ശരീരം മുഴുവൻ വളരെ വേദനയോടെ ജ്വലിക്കുകയായിരുന്നു. ഈ അവസ്ഥയിൽ മരണം സംഭവിച്ചെങ്കിൽ എത്ര നന്നായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. എന്നാൽ ആ പ്രവൃത്തി തുടങ്ങിയ ശേഷം എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം ആ പരിശുദ്ധ വചനം ഉരുവിട്ട് കൊണ്ട് ഓരോ പ്രാവശ്യവും ജലം ശരീരത്തിൽ തടവുമ്പോൾ എന്റെ ശരീരതാപം പുറത്തേക്ക് പോകുന്നതായും പകരമായി തണുപ്പും സുഖവും ലഭിക്കുന്നതായും എനിക്ക് തോന്നി. ആ പാത്രത്തിലെ ജലം തീരുന്നതിന് മുമ്പ് തന്നെ രോഗത്തിൽ നിന്ന് പൂർണമായും എനിക്ക് ശമനം ലഭിച്ചിരുന്നു. അങ്ങനെ 16 ദിവസങ്ങൾക്ക് ശേഷം സുഖമായി ഞാൻ ഉറങ്ങി." (തർയാഖുൽ ഖുലൂബ്, ഒന്നാം പതിപ്പ്, പേജ് 37, 38)

സ്വലാത്തിന്റെ അനുഗ്രഹത്താൽ അല്ലാഹു വാഗ്ദത്ത മസീഹ് (അ)ന് പുതുജീവൻ പ്രദാനം ചെയ്യുകയും പ്രസ്തുത സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിൽ മഹത്തായ പരിവർത്തനം വരുത്തിത്തീർക്കുകയും ചെയ്തു. പറയുന്നു.

എന്തൊരു അത്ഭുതകരമായ രീതിയിലാണ് എനിക്ക് ജീവൻ നൽകപ്പെട്ടിരിക്കുന്നത്. എന്തൊരു ആശ്ചര്യജനകമായ ജീവിതമാണ് അങ്ങ് എനിക്ക് നൽകിയിരിക്കുന്നത്.

## സ്വലാത്ത് ചൊല്ലാനുള്ള കൽപന

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ദിവ്യവെളിപാടുകളിലൂടെ പല പ്രാവശ്യം അറിയിച്ചുകൊണ്ട് പറഞ്ഞു: നബി(സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അദ്ദേഹം ആദ്യമേ തന്നെ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു കാര്യമായിരുന്നു അത്. ആ കൽപനയ്ക്ക് അനുസൃതമായി പ്രവർത്തിച്ചത് കൊണ്ടുതന്നെ വളരെയധികം പ്രതിഫലങ്ങളും പദവികളും ലഭിച്ചു. ഇപ്രകാരം വെളിപാടുണ്ടായി. *'സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദിൻ സയ്യിദു വുലിദ ആദമ വ ഖാത്തമന്നബിയ്യീൻ.'*

അതായത് മുഹമ്മദിനും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലുക. അദ്ദേഹം ആദം സന്തതികളുടെ നേതാവും പ്രവാചകശ്രേഷ്ഠനുമാകുന്നു. (ബറാഹീനെ അഹ്മദിയ്യാ പേജ് 507)

പിന്നീട് സ്വലാത്ത് അദ്ദേഹത്തിന്റെ ശരീരത്തിനും ആത്മാവിനുമുള്ള ഭക്ഷണമായി മാറി. ഇക്കാര്യത്തെക്കുറിച്ച് വളരെ ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്.

*'ഞാൻ സത്യമായും പറയുന്നു, എന്റെ അനുഭവങ്ങളിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് നബി (സ)യെ പരിപൂർണമായി പിൻപറ്റാത്തത് വരെ ഏറ്റവും കൂടുതൽ ഹൃദയശുദ്ധി കൈവരിച്ച ഒരു വ്യക്തിക്കും യഥാർഥമായ രീതിയിൽ നന്മ കരഗതമാക്കാനോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനോ ദൈവികാനുഗ്രഹങ്ങൾ*

*കരസ്ഥമാക്കാനോ ദൈവികജ്ഞാനങ്ങളും യാഥാർഥ്യങ്ങളും മനസ്സിലാക്കാനോ സാദ്ധ്യമല്ല. അതിന്റെ തെളിവുകൾ വിശുദ്ധ ഖുർആൻ തന്നെ നമുക്ക് നൽകുന്നു. 'ഖുൽ ഇൻകുൻ ത്തും തുഹിബ്ബുനല്ലാഹ ഫത്തബിഊനീ യുഹ് ബിബ്ക്കുമുള്ളാഹ്. ഈ വാദത്തിന്റെ പ്രാവർത്തികവും ജീവസുറ്റതുമായ രൂപം ഞാൻ തന്നെയാകുന്നു.' (അൽ ഹക്കം 17 സെപ്റ്റംബർ 1901, പേജ് 1, 2)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു സഹാബിയെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. ''താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ കാര്യമായി ശ്രദ്ധിക്കുക. നബിതിരുമേനി (സ)യോടുള്ള സത്യസന്ധമായ ബന്ധവും സ്നേഹവും ആത്മീയ പവിത്രതയും ഉൾകൊണ്ട് കൊണ്ട് അവിടുത്തെയും കുടുംബത്തിന്റെയും മേൽ സ്വലാത്തിന്റെ വരികളിൽ പറയപ്പെട്ടത് പോലെ അനുഗ്രഹാശിസ്സുകൾ അർപ്പിക്കുക. നബി (സ)ക്ക് മറ്റാരുടെയും ദുആകൾ ആവശ്യമില്ല എങ്കിലും ഇതിൽ ഗഹനമായ ഒരു രഹസ്യം അടങ്ങിയിട്ടുണ്ട്. ഒരു വ്യക്തിയോടുള്ള സ്നേഹാതിരേകത്താൽ ആ വ്യക്തിയിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്ന ആഗ്രഹമുണ്ടാകുന്നു. തൽഫലമായി ആ സ്നേഹം ആ വ്യക്തിയു ടെ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. താൻ ഇഷ്ടപ്പെടുന്ന യാളിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്നാഗ്രഹിക്കുമ്പോൾ ആ അനുഗ്രഹവർഷം ആ വ്യക്തിയിലുമുണ്ടാകുന്നു.' (മക്ക്ത്തൂബാത്തെ അഹ്മദിയ്യാ വാല്യം 24, 25) ഇതുമായി ബന്ധപ്പെട്ട് ഹദീസിൽ ഇപ്രകാരം കാണാം.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു: 'പുനരുത്ഥാനാളിന്റെ ഭീതിയിൽ നിന്നും ഭയാശങ്കകളിൽ നിന്നും ഏറ്റവും കൂടുതൽ സുരക്ഷിതനായിരിക്കുന്നവൻ ഇഹലോകത്ത് എന്റെ പേരിൽ കൂടുതൽ സ്വലാത്ത് ചൊല്ലിയവനായിരിക്കും. അല്ലാഹുവിന്റെയും മലക്കുകളുടെയും അനുഗ്രഹാശിസ്സുകൾ തന്നെ എനിക്ക് മതിയായതാണ്. എന്നാൽ ഇത് നിങ്ങൾക്ക് പ്രതിഫലം കരസ്ഥമാക്കാനുള്ള ഒരവസരമാണ്.' (ദുർരെമൻസൂർ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. 'നബിതിരുമേനി (സ)യുടെ പേരിൽ സ്വലാത്ത് ചെല്ലുന്നതിൽ ദീർഘകാലമായി ഞാൻ വളരെയധികം നിമഗ്നനായിരുന്നു. കാരണം അല്ലാഹുവിലേക്കുള്ള വഴികൾ വളരെ ഇടുങ്ങിയതാണെന്നും ആ മാർഗം നബി(സ)യോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാവുകയുള്ളൂ എന്നും എനിക്ക് ബോധ്യമുണ്ടായിരുന്നു. അല്ലാഹുവും അപ്രകാരം തന്നെയാണ് പറയുന്നത് 'വബ്ത്തഊ ഇലൈഹിൽ വസീല മസീഹ്' (ഹഖീഖത്തുൽ വഹീ)

ഹദ്റത്ത് മസാഹ് മൗഊദ് (അ) തുടരുന്നു:

'ഒരു രാത്രി ഈ വിനീതന്റെ ആത്മാവും ഹൃദയവും പരിമളനിർഭരിതമായിത്തീരുമാറ് നബിതിരുമേനി (സ)യുടെ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുകയുണ്ടായി. അന്നുരാത്രി ഞാൻ കണ്ട ഒരു ദർശനത്തിൽ മലക്കുകൾ സ്വച്ഛജലം നിറച്ച കുടങ്ങൾ ഏന്തി എന്റെ വീട്ടിൽ പ്രവേശിച്ചിരിക്കുന്നതായി കാണുകയുണ്ടായി. അവരിൽ ഒരാൾ എന്നോട് നീ മുഹമ്മദ് നബി (സ)യുടെ പേരിലയച്ച അനുഗ്രഹങ്ങളാണിവ എന്ന് പറയുകയുണ്ടായി.' (ബറാഹീനെ അഹ്മദിയ്യ നാലാം ഭാഗം അവലംബം ശറഹ് അൽഖസീദ പേജ് 169 ഗ്രന്ഥകർത്താവ് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ്)

## അനുഗ്രഹങ്ങളുടെ നീരുറവ

അതെ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ചതെല്ലാം തന്റെ പ്രിയ യജമാനൻ ഹദ്റത്ത് മുഹമ്മദ് നബി(സ)യിൽ നിന്നാണ്. എല്ലാം കരസ്ഥമാക്കിയത് സ്വലാത്ത് മുഖേനയായിരുന്നു.

'ഞാൻ എല്ലാം തന്നെ അദ്ദേഹത്തിൽ നിന്നാണ് കരസ്ഥമാക്കിയിരിക്കുന്നത്. അല്ലാഹുവേ, നീ അതിന് സാക്ഷിയുമാണ്. ഞങ്ങൾക്ക് സത്യപാതയെ കാണിച്ചു തന്ന പൂർണചന്ദ്രനാണദ്ദേഹം. ദീനുമായി ബന്ധപ്പെട്ട രഹസ്യങ്ങളത്രയും പറഞ്ഞ് തന്നത് അദ്ദേഹമാണ്. സമ്പത്ത് നൽകുന്ന അനുസരണശീലനാണദ്ദേഹം. ആ പ്രകാശധാരയിൽ ഞാനിതാ അർപ്പിതനായിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യഥാർഥത്തിൽ എല്ലാം അങ്ങ് തന്നെയാണ്. എനിക്കെന്തു പ്രസക്തിയാണുള്ളത്. ഇതു തന്നെയാണ് സാരം.'

## സ്വലാത്ത് ഏറ്റവും മഹത്തായ യോഗ്യത

ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി എഴുന്നേൽപ്പിക്കപ്പെടുന്ന വ്യക്തി തന്റെ നാഡീഞരമ്പുകളിൽ നബിതിരുമേനി(സ)യോടുള്ള സ്നേഹത്തെ പ്രവഹിപ്പിച്ചയാളും തന്റെ ഓരോ അവയവങ്ങളിലും ആ സ്നേഹത്തെ പ്രതിഫലിപ്പിച്ചയാളും തന്റെ ശ്വാസം പോലും സ്വലാത്തെന്ന അച്ചിൽ വാർക്കപ്പെടേണ്ടയാളുമായിരുന്നു. അപ്രകാരമുള്ള സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടാണ് അല്ലാ ഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ദീനിന്റെ പുനരുജ്ജീവനത്തിനായി നിയോഗിച്ചത്. അദ്ദേഹം അരുൾ ചെയ്യുന്നു.

'ഒരിക്കൽ എനിക്ക് ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇപ്രകാരമാണ്. അതായത് വാനലോകത്തുള്ളവർ കലഹിക്കുകയാണ്. അല്ലാഹു തന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന കാര്യത്തിൽ ഉത്സുകനാണ്. എന്നാൽ അതിന് പറ്റിയ ആൾ ആരാണെന്ന കാര്യത്തിലാണ് അഭിപ്രായവ്യത്യാസമുള്ളത്. തദവസരത്തിൽ ഞാൻ ഒരു ദർശനത്തിൽ ജനങ്ങൾ ഒരു സമുദായോദ്ധാരകനെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കുന്നത് കാണുകയുണ്ടായി. അപ്പോൾ ഒരാൾ ഈ വിനീതന്റെ അടുത്തു വന്ന് ഇപ്രകാരം സൂചിപ്പിച്ചു. 'ഹാദാ റജ്ലുൻ യുഹിബ്ബു

റസൂലല്ലാഹി' അതായത് ഈ മനുഷ്യൻ റസൂൽ (സ)യെ സ്നേഹിക്കുന്ന ആളാകുന്നു. ഇതിൽ നിന്ന് സമുദായോദ്ധാരണത്തിനുള്ള ഏറ്റവും മഹത്തായ നിബന്ധനയും അർഹതയും റസൂൽ തിരുമേനിയോടുള്ള സ്നേഹാതിരേകമാണെന്ന് മനസ്സിലാവുന്നു. (ബറാഹീനെ അഹ്മദിയ്യ നാലാംഭാഗം പേജ് 502)

**സ്വലാത്ത് നബി(സ)യിലേക്കെത്തുന്നു**

അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വാസികളോട് നബി(സ) തിരുമേനിക്ക് മേൽ സ്വലാത്ത് ചൊല്ലാനായി കൽപ്പിക്കുകയുണ്ടായി. അതുപോലെ നബി(സ) തിരുമേനിയും മുസ്‌ലിംകളെ സ്വലാത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുകയുണ്ടായി.

ഹദീസിൽ ഇപ്രകാരം വരുന്നു.

ഒരു സ്വഹാബി ഇപ്രകാരം ചോദിച്ചു. യാ റസൂലല്ലാ ഞാൻ എന്റെ സ്വന്തം ആവശ്യത്തിനായി ഒരു ദുആയും ചെയ്യാറില്ല. അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലി അങ്ങേക്ക് വേണ്ടിയാണ് ഞാൻ ദുആ ചെയ്യാറുള്ളത്. അത് കേട്ട് നബി(സ) ഇപ്രകാരം പറഞ്ഞു. നിനക്ക് മറ്റൊരു ദുആയും ചെയ്യേണ്ടതായി വരില്ല. എന്തുകൊണ്ടെന്നാൽ എനിക്ക് വേണ്ടി ദുആ ചെയ്യുകയും എന്റെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നവരുടെ എല്ലാ കാര്യങ്ങളും അല്ലാഹു സ്വയം ഏറ്റെടുക്കുന്നതാണ്.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു. എന്റെ ഖബറിൽ വന്ന് കൊണ്ട് ആരാണോ എന്റെ മേൽ സ്വലാത്ത് ചൊല്ലുന്നത് ഞാനത് കേൾക്കുന്നതാണ്.

റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നവരായി തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

**(വിവ: ശഫീഖ് അഹ്മദ്, പത്തപിരിയം)**

പേജ് 27 ൽ നിന്ന്

നിന്നും അകന്നു കഴിയുന്ന വിരഹിണിയായ ഒരു ഭാര്യ തന്റെ വിധിയെ പഴിച്ച് ചൊല്ലിക്കൊണ്ടിരുന്ന ശോക നിർഭരമായ ഒരു കവിത കേൾക്കുകയുണ്ടായി. അവളുടെ വിവരങ്ങൾ അന്വേഷിച്ചു. ദീർഘകാലമായി ഭർത്താവ് തന്നിൽ നിന്നകന്നതിനാൽ അവൾ അസംതൃപ്തയായിരുന്നു. ഉമർ (റ) അവൾക്ക് ഫസ്ഖിനുള്ള അനുവാദം കൊടുത്ത സംഭവം പ്രസിദ്ധമാണ്. വിരഹിണിയായ ഭാര്യ എത്ര കാത്തിരിക്കണമെന്ന് അവളുടെ സഹനവും ക്ഷമയുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമപരമായി ചുരുങ്ങിയത് 4 മാസം മാത്രമേ വിട്ടു നിൽക്കാൻ പാടുള്ളൂ. എന്ന് ഇലാഅ് (ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന പ്രതിജ്ഞ) സംബന്ധിച്ച ഖുർആന്റെ വിധിയിൽ പറഞ്ഞിരിക്കുന്നു.

**ഉപസംഹാരം**

മനുഷ്യന്റെ ജീവിത പ്രശ്നങ്ങളെ ഏറ്റവും സത്യസന്ധമായും നീതിപൂർവകമായും കൈകാര്യം ചെയ്യുന്ന മതമാണ് ഇസ്‌ലാം. ആവശ്യമാണെങ്കിൽ പുരുഷനെ പോലെ സ്ത്രീക്കും ഇസ്‌ലാമിൽ വിവാഹ മോചനാവകാശം അനുവദിക്കുന്നു. അതുകൊണ്ടു തന്നെ ഇസ്‌ലാം പുരോഗമന പരമാണ്. എന്തായാലും വിവാഹ മോചനം വേദനാ ജനകമാണ്. മനുഷ്യ വർഗത്തിൽ നിന്ന് തന്നെ പരസ്പരപൂരകമായി സൃഷ്ടിച്ച ഇണയെന്ന് അല്ലാഹു വിശേഷിപ്പിച്ച ബന്ധമാണ് ഇവിടെ മനുഷ്യൻ പരാജയപ്പെടുത്തുന്നത്. മാനുഷിക വൈകല്യങ്ങളുടെയും ധർമ വിലോപങ്ങളുടേയും അനിവാര്യ യാഥാർഥ്യം എന്ന നിലയിൽ ആവശ്യമായി വരുമ്പോൾ ഇസ്‌ലാം അത് അംഗീകരിക്കുകയും അതിന്റെ ഓരോ ഘട്ടത്തിലും അനുരഞ്ജനത്തിനുള്ള അതി സൂക്ഷ്മായ ഉപാധികൾ വെക്കുകയും ചെയ്യുന്നു.

മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യ ബന്ധങ്ങൾക്ക് ഏറ്റവും കുറച്ച് ആഘാതമേൽപ്പിക്കുന്ന രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഇസ്‌ലാമിലെ വിവാഹ മോചനം. ഇത് സംബന്ധിച്ച ഇസ്‌ലാമിക നിയമങ്ങൾ ധാർമികതയുടെ ഉദാത്തമായ മാനങ്ങൾ കൊണ്ട് അവ അനുഗൃഹീതങ്ങളാണ്. മുസ്‌ലിംകളും പൊതു സമൂഹവും ഇസ്‌ലാമിലെ വിവാഹ മോചന നിയമങ്ങളുടെ മാനവീയതയുടെ സന്ദേശം തിരിച്ചറിയപ്പെടേണ്ടതുണ്ട്.

## അസൂയ രണ്ട് കാര്യങ്ങളിൽ

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നിവേദനം: തിരുമേനി (സ) അരുളി രണ്ട് കാര്യങ്ങളിലേ അസൂയ പാടുള്ളൂ. ഒരാൾക്ക് അല്ലാഹു ധനം നൽകുകയും ആ ധനം സത്യ മാർഗത്തിൽ ചെലവ് ചെയ്യാൻ അയാൾ നീക്കി വെക്കുകയും ചെയ്യുന്നു. (ഇയാളോട് അസൂയയാവാം). മറ്റൊരാൾക്ക് അല്ലാഹു വിജ്ഞാനം നൽകുകയും ആ വിജ്ഞാനം കൊണ്ട് അയാൾ മനുഷ്യർക്കിടയിൽ വിധികൽപ്പിക്കുകയും മനുഷ്യർക്ക് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. ( ഇയാളോടും അസൂയയാവാം). (ബുഖാരി)

കുറിപ്പുകൾ

# മുത്ത്വലാഖും ഏകീകൃത സിവിൽകോഡും

മുസാഫിർ

വിവിധ മതങ്ങളും ജാതികളും അടങ്ങിയതാണ് ഇന്ത്യൻ ജനത. ഓരോ ജാതി മതസ്ഥരും അവരുടെ മതഗ്രന്ഥങ്ങൾക്കും ആചാര വിശ്വാസങ്ങൾക്കും അനുസൃത മായി പാലിക്കുന്ന കുടുംബ നിയമങ്ങളെയാണ് വ്യക്തി നിയമങ്ങൾ (പേഴ്സണൽ ലോ) എന്ന് പറയുന്നത്. രാജ്യത്തെ നിയമങ്ങളെ ക്രിമിനൽ നിയമങ്ങൾ, സിവിൽ നിയമങ്ങൾ എന്നീ രണ്ട് തരം നിയമങ്ങളായി തിരിക്കാം. വ്യക്തി നിയമങ്ങൾ അഥവാ കുടുംബ നിയമങ്ങൾ സിവിൽ നിയമങ്ങളിലാണ് പെടുക. ക്രിമിനൽ നിയമങ്ങൾ പൂർണമായും എല്ലാവർക്കും ഒരു പോലെ ബാധകമാണ്. സിവിൽ നിയമങ്ങളിൽ 99 ശതമാനവും ഹിന്ദു മുസ്ലിം ക്രിസ്ത്യൻ ഭേദമന്യേ ഇന്ത്യയിലെ പൗരന്മാർ എല്ലാവർക്കും ഒരു പോലെ ബാധകമാണ്. തൊഴിൽ നിയമങ്ങൾ, ട്രാഫിക്ക് നിയമങ്ങൾ, കരാർ നിയമങ്ങൾ, ബാലാവകാശ നിയമങ്ങൾ, ഭൂവിനിയോഗ നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ മുതലായ നിയമങ്ങളെല്ലാം എല്ലാ മതസ്ഥരും ഒരു പോലെ പാലിക്കുന്ന സിവിൽ നിയമങ്ങളാണ്. വിവാഹം, വിവാഹ മോചനം, സ്വത്ത് പിന്തുടർച്ച, ദത്തെടുക്കൽ ജീവനാംശം എന്നീ പരിമിതമായ മേഖലയിൽ മാത്രമാണ് അതാത് ജാതി മതങ്ങളുടെ വ്യക്തി നിയമങ്ങൾ നിലനിൽക്കുന്നത്. മുസ്ലിംകളുടെ വ്യക്തി നിയമങ്ങൾ അഥവാ കുടുംബ നിയമങ്ങൾ അതിൽ ഉൾപ്പെടുന്നു. അതാകട്ടെ മുസ്ലിംകളുടെ മതകീയ ജീവിതവുമായി ബന്ധപ്പെട്ടതുമാണ്. അതിൽ തന്നെ മൂന്ന് മൊഴിയും ഒറ്റശ്വാസത്തിൽ ചൊല്ലി വിവാഹ ബന്ധം പൂർണമായി വിഛേദിക്കുന്ന മുത്ത്വലാഖ് പോലെയുള്ള അറുപിന്തിരിപ്പൻ നിയമങ്ങളും മുസ്ലിം വ്യക്തി നിയമങ്ങളായി (ശരീഅത്ത് നിയമങ്ങളായി) ദുർബല ഹദീസുകളുടെ പിന്തുണയോടെ കയറികൂടിയിട്ടുണ്ട്.

നമ്മുടെ രാഷ്ട്രത്തിന് മതമില്ല. അത് സെക്കുലറാണ് അഥവാ മതേതരമാണ്. എങ്കിലും എല്ലാ മതത്തേയും ആദരവോടെ കാണുകയും അവർക്ക് അവരുടെ മതാചാര നിയമമനുസരിച്ച് ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. മതജാതികളുടെ അടിസ്ഥാനത്തിലുള്ള വ്യത്യസ്ത വ്യക്തി നിയമങ്ങൾ പൗരസമത്വത്തിനെതിരാണെന്ന് അഭിപ്രായപ്പെട്ട ഇന്ത്യൻ ഭരണഘടനാ ശിൽപ്പികൾ എല്ലാ പൗരന്മാർക്കുമായി ഏകീകൃത സിവിൽ കോഡ് നടപ്പാക്കലാണ് രാഷ്ട്രത്തിന്റെ അഭിലാഷമെന്നും നിയമ നിർമാണ സഭകൾ ജനസമ്മതിയോടെ അതിനായി യത്നിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഈ ലക്ഷ്യസാക്ഷാത്ക്കരണത്തിനായി ***'ഇന്ത്യയിലുടനീളം പൗരന്മാർക്ക് ഏകീകൃത സിവിൽ കോഡ് ഉറപ്പ് വരുത്താൻ രാഷ്ട്രം ശ്രമിക്കുന്നതാണ്'*** എന്ന് നിർദേശക തത്ത്വമായി 44-ാം വകുപ്പ് ഭരണഘടനയിൽ എഴുതിച്ചേർക്കുകയുണ്ടായി. അതിനാൽ സുപ്രിം കോടതിയിൽ മുസ്ലിം വിവാഹ കേസുകളും സ്വത്ത് കേസുകളും വരുമ്പോഴെല്ലാം ഭരണഘടനാ ബാദ്ധ്യത എന്ന നിലക്ക് ഏകീകൃത സിവിൽ കോഡിന്റെ ആവശ്യം പറയുമായിരുന്നു. അതു പോലെ രാജ്യത്തിന്റെ പല കോണുകളിൽ നിന്നും പല സന്ദർഭങ്ങളിലും മതേതര വാദികളും ഹിന്ദുത്വ ദേശീയ വാദികളുമായവരിൽ നിന്നും ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനുള്ള മുറവിളി ഉയരാറുണ്ട്. യൂണിഫോം സിവിൽ കോഡ് നടപ്പാക്കാൻ ഇന്ത്യൻ ഭരണഘടന കോടതിയോടല്ല പറഞ്ഞത്. ജനങ്ങളുടെ അഭിപ്രായവും സമ്മതവും അറിഞ്ഞുകൊണ്ട് ജനാധിപത്യ രീതിയിൽ സ്റ്റേറ്റാണ് ഏകീകൃത

സിവിൽ കോഡിന് വേണ്ടി യത്നിക്കേണ്ടത്. വിശിഷ്യാ ആ നിയമം പാലിക്കുന്ന ന്യൂനപക്ഷങ്ങളുടെ നിലപാട് ഇക്കാര്യത്തിൽ നിർണായകവുമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ സെക്കുലരിസ്റ്റും ജനാധിപത്യ വാദിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും കോൺഗ്രസ്സ് പാർട്ടിയും മുസ്‌ലിം ജനവികാരത്തെ മാനിച്ച് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനുള്ള നിർദേശങ്ങൾ ഉയർന്നു വന്നപ്പോഴെല്ലാം അത് തള്ളിക്കളയുകയാണുണ്ടായത്.

മുസ്‌ലിം വ്യക്തി നിയമങ്ങൾക്കെതിരെയുള്ള പരാമർശങ്ങൾ നമ്മുടെ പരമോന്നത കോടതിയിൽ നിന്നും ഭരണകൂടത്തിൽനിന്നും മറ്റുള്ളവരിൽ നിന്നും നിരന്തരം തുടർന്നുകൊണ്ടിരുന്നപ്പോൾ അതിനെയെല്ലാം നേരിടാനും നിലവിലെ മുസ്‌ലിം പേഴ്സണൽ ലോ (1937 ൽ ബ്രിട്ടീഷ്കാർ ഉണ്ടാക്കിയ ഇന്ത്യൻ പേഴ്സണൽ ലോ അഥവാ ശരീഅത്ത് നിയമം) സംരക്ഷിക്കാനും അതിനായി സർക്കാരിൽ സമ്മർദം ചെലുത്താനും ശരീഅത്ത് നിയമപരമായും പണ്ഡിതോചിതമായും വിശദീകരിക്കാനും മുസ്‌ലികൾക്ക് നിയമ സഹായമെത്തിക്കാനും ശരീഅത്ത് നിയമത്തെ പറ്റി ബോധവത്ക്കരിക്കാനും വേണ്ടി 1972-ൽ ഇന്ത്യയിലെ മുസ്‌ലിം പണ്ഡിതന്മാരും മുസ്‌ലിം സംഘടനാ നേതാക്കന്മാരും മുംബൈയിൽ വെച്ച് ഒരു വൻസമ്മേളനം വിളിച്ചു കൂട്ടി. യാഥാസ്ഥിതികരായ ദാറുൽ ഉലൂം ദിയോബന്ദി മുസ്‌ലിംകളായിരുന്നു ഇതിന് മുൻകൈയെടുത്തത്. മുസ്‌ലിം വ്യക്തിനിയമം സംരക്ഷിക്കാൻ ഒരു ബോർഡ് രൂപീകരിക്കണമെന്ന് തീരുമാനിക്കുകയും 1973 ഏപ്രിൽ മാസത്തിൽ ഹൈദരാബാദിൽ വെച്ച് **'ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്'** എന്ന സംഘടന രൂപീകരിക്കുകയുമുണ്ടായി. പരമ്പരാഗതമായി കോൺഗ്രസ്സിന്റെ സഹയാത്രികരായിരുന്ന ദാറുൽ ഉലൂമിന്റെ ഈ നീക്കത്തിന് അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ആശീർവാദവും ഈ സംഘടനക്കുണ്ടായിരുന്നു. അഹ്മദികളൊഴികെ ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളിലും പെട്ട മുസ്‌ലിം സംഘടനകളുടെ പ്രതിനിധികളും അറിയപ്പെടുന്ന ഉലമാക്കന്മാരും മുസ്‌ലിം നിയമജ്ഞരും ഈ ബോർഡിൽ അംഗങ്ങളാണ്. 1978 ൽ ഇന്ത്യയിലെ ദത്തെടുക്കൽ നിയമത്തിൽ നിന്ന് മുസ്‌ലിംകളെ ഒഴിവാക്കിയതും ചില നിയമങ്ങൾ മുസ്‌ലിംകൾക്ക് അനുകൂലമായി ഭേദഗതി ചെയ്തതിലും ശ്രീ രാജീവ് ഗാന്ധിയുടെ കാലത്ത് ഷാബാനു കേസിൽ സുപ്രീം കോടതി വിധിയു ടെ പശ്ചാത്തലത്തിൽ പാർലമെന്റിൽ മുസ്‌ലിം വിവാഹ മുക്തയുടെ അവകാശ സംരക്ഷണ ബില്ലിന് രൂപം നൽകുന്നതിലും ബാബരി മസ്ജിദ് ധ്വംസനത്തിന് ശേഷം 1990-ൽ ആ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെയുള്ള ഓർഡിനൻസ് പിൻവലിച്ചതിന് പിന്നിലും പിന്നീട് കേസു നടത്തുന്നതിലും സജീവമായി പ്രവർത്തിച്ചത് ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ആണ്.

കടുത്ത യാഥാസ്ഥിതിക സുന്നികൾക്ക് മഹാ ഭൂരിപക്ഷമുള്ള മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്, വിശുദ്ധ ഖുർആനും മാനവികതക്കും എതിരായുള്ള ഇന്ത്യൻ ശരീഅത്ത് നിയമത്തിലെ ഭാഗങ്ങൾ പോലും കാലോചിതമായി പരിഷ്ക്കരിക്കാനോ വ്യാഖ്യാനം നൽകാനോ സമ്മതിക്കാറില്ല. മദ്രസാ വിഭ്യാഭ്യാസത്തെ ബാധിക്കും എന്ന് പറഞ്ഞ് ഗവൺമെന്റ് സദുദ്ദേശത്തോടെ കൊണ്ടുവന്ന നിർബന്ധ സൗജന്യ വിദ്യാഭ്യാസ ബില്ലിനെതിരെയും വിവാഹപ്രായ പരിധി നിയമത്തെയും മുത്ത്വലാഖ് എന്ന ഖുർആൻ വിരുദ്ധമായ പിന്തിരിപ്പൻ വിവാഹ മോചനത്തിനെതിരെയുള്ള ഗവൺമെന്റിന്റെയും കോടതികളുടേയും പരാമർശനങ്ങളേയും യാതൊരു വിട്ടു വീഴ്ച്ചയുമില്ലാതെ എതിർത്തു പോരുന്നവരാണ് പടുയാഥാസ്ഥിതികർക്ക് ഭൂരിപക്ഷമുള്ള മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്. അത്കൊണ്ട് പലപ്പോഴും ബോർഡിന്റെ തീരുമാനങ്ങളും പ്രസ്താവനകളും പൊതു സമൂഹത്തിന് മുന്നിൽ മുസ്‌ലിങ്ങളെ പ്രാകൃതരായി ചിത്രീകരിക്കാൻ ഇടയാക്കിയിട്ടുണ്ട്. അതിൽ പ്രധാനമാണ് മുത്ത്വലാഖിനോടുള്ള അവരുടെ സമീപനം. ദിയോബന്ദി സരണിയിൽപ്പെട്ട യാഥാസ്ഥിതിക വിഭാഗത്തിന്റെ പ്രാബല്യം കാരണം ബോർഡിൽ നിന്ന് ശിയാക്കളും ബറേൽവി വിഭാഗവും തെറ്റിപിരിഞ്ഞു സമാന്തര ബോർഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. മുസ്‌ലിം സ്ത്രീകളോട് ബോർഡ് കാണിക്കുന്ന വിവേചന പൂർണമായ സമീപനത്തെ തുടർന്ന് 2005 ൽ ആൾ ഇന്ത്യാ മുസ്‌ലിം വുമൺസ് പേഴ്സണൽ ലോ ബോർഡ് (All India Muslim Women's Personal Law Board) ഉം നിലവിൽ വന്നിട്ടുണ്ട്.

### എന്താണ് മുത്ത്വലാഖ്?

എന്താണ് മുത്ത്വലാഖ്? ഇസ്‌ലാമിൽ പ്രത്യേക ഉപാധികളോടെ മൂന്ന് ഘട്ടങ്ങളായി ചൊല്ലേണ്ട ത്വലാഖ് ഒറ്റയടിക്ക് ചൊല്ലുന്നതിനെയാണ് മുത്ത്വലാഖ് എന്ന് പറയുന്നത്. എല്ലാ അനുരഞ്ജന ശ്രമങ്ങൾക്കും ശേഷം ദാമ്പത്യം പരാജയമായി കലാശിച്ചാൽ ഭാര്യയെ ആർത്തവമില്ലാത്ത നേരത്ത് ശാരീരിക ബന്ധം നടത്താതെ ഭാര്യക്ക് മതിയായ മതാഅ് നൽകി ഞാൻ എന്റെ ഭാര്യയെ ത്വലാഖ് ചെയ്തിരിക്കുന്നു എന്ന് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഉച്ചരിക്കുകയോ എഴുതി കൊടുക്കുകയോ ചെയ്താൽ അതാണ് ത്വലാഖ്. ഇങ്ങനെ ത്വലാഖ് ചെയ്താലും മൂന്ന് ആർത്തവകാലം അല്ലെങ്കിൽ ശുദ്ധികാലം വരെ (ഇദ്ദ: കാലം) ഭാര്യ ഭർത്താവിന്റെ വസതിയിൽ താമസിക്കണം. അതിനിടയിൽ ഭർത്താവിന് അവളെ പുനർ വിവാഹം(നികാഹ്) കൂടാതെ തിരിച്ചെടുത്ത് ദാമ്പത്യം തുടരാം.

ഇദ്ദ കാലം കഴിഞ്ഞാണ് തിരിച്ചെടുക്കാൻ തോന്നുന്നതെങ്കിൽ നികാഹ് ചെയ്യണം. അങ്ങനെ ജീവിക്കവെ വീണ്ടും കലഹം ആരംഭിച്ച് രണ്ടാമതും ത്വലാഖ് ചൊല്ലി, രണ്ടാമതും ഇദ്ദ: പിരീയഡിൽ തിച്ചെടുത്ത് ദാമ്പത്യം തുടരാം. ഇങ്ങനെ രണ്ട് തവണ തിരിച്ചെടുക്കാം. മൂന്നാമത് ത്വലാഖ് ചെയ്താൽ മുമ്പ് രണ്ട് തവണ ചെയ്തത് പോലെ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. വിവാഹം കുട്ടിക്കളിയല്ലല്ലോ. മൂന്നാമതും വിവാഹം മോചനം നടത്തി ഭർത്താവിന് തിരിച്ചെടുക്കണമെങ്കിൽ മറ്റൊരാൾ ആ സ്ത്രീയെ വിവാഹം ചെയ്ത് യാതൊരു നിർബന്ധവും ആരും ചെലുത്താതെ സ്വാഭാവികമായ രീതിയിൽ ത്വലാഖ് നടന്നാൽ ആദ്യം മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ആദ്യഭർത്താവിന് അവളെ വീണ്ടും വിവാഹം ചെയ്യാം. ഇങ്ങനെ മൂന്ന് ഘട്ടങ്ങളായി നിർബന്ധിതാവസ്ഥയിൽ ചെയ്യേണ്ടുന്ന ത്വലാഖ് മൂന്നും ഒറ്റയിരുപ്പിൽ ചൊല്ലിപ്പിരിയുന്ന ദുരാചാരത്തേയാണ് മുത്ത്വലാഖ് എന്ന് പറയുന്നത്. ഇങ്ങനെ കോപാവേശത്താൽ മൂന്ന് ത്വലാഖും ഒറ്റയിരുപ്പിൽ ചൊല്ലി ഭാര്യയെ പറഞ്ഞയച്ച്, വേദിച്ച് അവളെ വീണ്ടെടുക്കാനായി റസൂൽ തിരുമേനി(സ) യെ സമീപിച്ചപ്പോൾ അത് മൂന്നും ഒന്നായി പരിഗണിച്ച് റസൂൽ തിരുമേനി (സ)അയാൾക്ക് വിവാഹം ചെയ്ത് കൊടുത്തിട്ടുണ്ട്. രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്വാബിന്റെ കാലത്ത് മുത്ത്വലാഖ് ചൊല്ലി വീണ്ടും വിവാഹാഭ്യർഥനയുമായി വരുന്നവരുടെ സംഖ്യ അധികരിച്ചപ്പോൾ അതിന് തടയിടാനും നിരുത്സാഹപ്പെടുത്താനുമാണ് അദ്ദേഹം മുത്ത്വലാഖ് മൂന്നായി തന്നെ കാണുന്ന സമ്പ്രദായം താൽക്കാലികമായി കൊണ്ടുവന്നത്. യഥാർഥ ശരീഅത്തിന്റെ ചൈതന്യത്തിന് നിരക്കുന്നതല്ല മുത്ത്വലാഖ്. അതാണ് ഇന്ത്യൻ ശരീഅത്തിൽ കാണുന്ന മുത്തലാഖ്.

## പുതിയ മുത്ത്വത്തലാഖ്

## വിവാദം

ഇപ്പോഴത്തെ ഏകീകൃത സിവിൽ കോഡ് വിവാദം തുടങ്ങുന്നതിങ്ങനെയാണ്. 2015 ഒക്ടോബർ 16 ന് സുപ്രിം കോടതി ജസ്റ്റീസുമാരായ അനിൽ ആർദവേയും, ആദർശ് കുമാർ ഗോയലും 2005 ലെ ഹിന്ദു പിന്തുടർച്ചാവകാശത്തെ അടിസ്ഥാനമാക്കിയുള്ള ഒരു കേസിന്റെ വിധിന്യായത്തിൽ നടത്തിയ പരാമർശമാണ് ഇന്ന് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന ഏകീകൃത സിവിൽ കോഡ് ചർച്ചകൾക്ക് തുടക്കമിട്ടത്. 1956 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമം പെൺ കുട്ടികൾക്ക് അനന്തരാവകാശം നിഷേധിക്കുന്നതായിരുന്നു. 2005 ൽ നിയമ ഭേദഗതികൊണ്ടു വന്നതിന് ശേഷമാണ് ഹിന്ദു പെൺ കുട്ടികൾക്ക് സ്വത്തവകാശം ലഭിച്ചത്. ഈ നിയമം ഭേദഗതി ചെയ്ത 2005 വർഷത്തിന് മുമ്പ് ജനിച്ചതും ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാ ഹിന്ദു പെൺകുട്ടികൾക്കും സ്വത്തിൽ തുല്യാവകാശത്തിന് അർഹതയുണ്ടെന്നായിരുന്നു പ്രസ്തുത സുപ്രിം കോടതി ബെഞ്ച് വിധിച്ചത്. സ്വത്തവകാശം നിഷേധിക്കപ്പെട്ട ഹിന്ദു പെൺകുട്ടികൾക്ക് സ്വത്തവകാശം അനുവദിച്ചു കൊണ്ടുള്ള ആ വിധിയിൽ ജഡ്ജിമാർ ആ വിഷയവുമായി നേരിട്ട് ബന്ധമില്ലാത്ത **'മുസ്ലിം സ്ത്രീകളുടെ സ്വാതന്ത്ര്യ ദാഹം'** എന്ന ശീർഷകം നൽകി വിധിയുടെ രണ്ടാംഭാഗമായി ഒരു വിധി കൂടി അതിൽ കൂട്ടിചേർത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. ഹിന്ദു കോഡിനെ തിരെയുള്ള വിധിയെ തുലനപ്പെടുത്താനായിരിക്കാം സുപ്രിം കോടതി ബെഞ്ച് ഈ വിധിയിൽ ബഹുഭാര്യാത്വത്തെ പരാമർശിച്ചു കൊണ്ട് മുസ്ലിം സ്ത്രീകളുടെ ലിംഗ വിവേചനത്തിനെതിരെ വിമർശിക്കാൻ കാരണം. മാത്രമല്ല എല്ലാ പൗരന്മാരും മതവിശ്വാസങ്ങൾക്കതീതമായി പൊതു സിവിൽ കോഡിനു കീഴിൽ വരണമെന്ന ഭരണ ഘടനയുടെ നിർദ്ദേശവുമാകാം. മുസ്ലിം വ്യക്തിനിയമത്തിലെ ബഹുഭാര്യാത്വം ഭരണ ഘടന നൽകിയ മൗലികാവകാശത്തിന്റെയും അന്താരാഷ്ട്ര കരാറുകളുടേയും ധാരണകളുടെയും ലംഘനമാണെന്നും സതിപോലെ വർജ്യമാണെന്നും ലിംഗ സമത്വത്തിന് എതിരാണെന്നും ആ വിധിയിൽ ബഹുമാനപ്പെട്ട ജഡ്ജിമാർ ചൂണ്ടിക്കാട്ടി. വാദവും പ്രതിവാദവുമൊന്നും നടത്താതെ ക്രേന്ദ്ര സർക്കാരിനെയും ദേശീയ നിയമ സേവന അതോറിറ്റിയേയും കക്ഷിക്കളാക്കി സുപ്രീം കോടതി ബെഞ്ച് സ്വയം തന്നെ (Suo Motu) ഈ വിധിയോടൊപ്പം നോട്ടീസയക്കുകയാണുണ്ടായത്. 1985 ൽ വിവാദപരമായ ഷാ ബാനു കേസ് കഴിഞ്ഞു 30 വർഷത്തിന് ശേഷം ഇപ്പോൾ വീണ്ടും ഏക സിവിൽ കോഡ് സജീവമായ പൊതു ചർച്ചക്ക് വിധേയമാകുന്നത് ഈ വിധിയാണ്. മാത്രമല്ല വരാനിരിക്കുന്ന ഉത്തർ പ്രദേശിലെ പൊതു തിരഞ്ഞെടുപ്പിൽ ഹിന്ദു മുസ്ലിം ധ്രുവീകരണമുണ്ടാക്കാൻ ബി ജെ പി യുടെ ഒളിയജണ്ടയാണ് ഈ വിവാദമെന്നും പറയപ്പെടുന്നു.

ആ സമയത്താണ് ഉത്തർ പ്രദേശിലെ ശായറാ ബാനു എന്ന 35 കാരിയെ ഭർത്താവ് മൂന്ന് ത്വലാഖും (മുത്ത്വലാഖ്) ഒറ്റയിരുപ്പിൽ ചൊല്ലിയ ഒരു കേസ് സുപ്രീം കോടതിലെത്തുന്നത്. നേരത്തെ സുപ്രീം കോടതി ബെഞ്ച് സ്വമേധയാ എടുത്ത കേസിലേക്ക് ശായറാ ബാനുവിന്റെ മുത്ത്വലാഖ് കേസു കൂടി സുപ്രീം കോടതി ചേർക്കുകയായിരുന്നു. അതിന് ശേഷമാണ് ബഹുഭാര്യാത്വ ചർച്ച മുത്ത്വലാഖിലേക്ക് കേന്ദ്രീകരിക്കുന്നത്. മുത്ത്വലാഖ് ചർച്ച മുറുകുന്ന അവസരത്തിലാണ് മോഡി സർക്കാർ സുപ്രീം കോടതിയുടെ നിർദേശം എന്ന നി ലക്ക് ഏക സിവിൽ കോഡിനുള്ള ചുവടുവെപ്പും നടത്തുന്നത്. അതിനായി കേന്ദ്രം ലോ കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കയാണ്. രാജ്യത്ത് നിയമ പരിഷ്ക്കാരം കൊണ്ട് വരാൻ

ഗവേഷണ പഠനങ്ങൾ നടത്താനും പൊതു ജനങ്ങളിൽ നിന്ന് അഭിപ്രായ മാരാഞ്ഞ് നിയമത്തിന് രൂപം നൽകാനും നിയോഗിക്കപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ ലോ ആന്റ് ജസ്റ്റിസ് മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ആവശ്യ പ്രകാരം ഏക സിവിൽ കോഡിന്റെ രൂപീകരണത്തിന്റെ മുന്നോടിയായി 16 ചോദ്യങ്ങളുള്ള ഒരു ചോദ്യാവലി നൽകികൊണ്ട് ലോ കമ്മീഷൻ ബന്ധപ്പെട്ട എല്ലാവരിൽ നിന്നും വിശിഷ്യാ മതസംഘടനകളിൽ നിന്നും ഇപ്പോൾ ഉത്തരം ശേഖരിച്ചു കൊണ്ടിരിക്കയാണ്. ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ഏകീകൃത സിവിൽ കോഡിനുള്ള ഉദ്യമം എന്ന് പറഞ്ഞ് ലോ കമ്മീഷനെ ബഹിഷ്ക്കരിക്കാൻ ആഹ്വാനം നൽകിയിരിക്കയാണ്.

ലോ കമ്മീഷന്റെ പ്രധാന ചോദ്യങ്ങൾ ഇതാണ്. ഇന്ത്യാ രാജ്യത്തുടനീളം ഏകീകൃത സിവിൽ കോഡ് നടപ്പാക്കി രാഷ്ട്രം പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ പരിശ്രമിക്കുമെന്ന കാര്യത്തിൽ ഭരണ ഘടനയുടെ 44 ാം ആർട്ടിക്കിൾ വിഭാവന ചെയ്ത കാര്യത്തെ സംബന്ധിച്ച് താങ്കൾ ബോധവാനാണോ? ഇന്ത്യയിലെ വിവിധ മത വിഭാഗങ്ങൾ കുടുംബ നിയമങ്ങളിൽ വിവാഹം, വിവാഹ മോചനം, ദത്ത്, കുട്ടികളുടെ രക്ഷകർത്തൃത്വം, സംരക്ഷണം, ജീവനാംശം, പിന്തുടർച്ചാവകാശം അനന്തരാവകാശം എന്നീ എല്ലാ വിഷയങ്ങളിലും ഏകീകൃത സിവിൽ കോഡ് തുടരണമോ അതല്ല മേൽ പറഞ്ഞ ചില വിഷയങ്ങളിൽ മാത്രം മതിയോ? നിലവിലുള്ള വ്യക്തി നിയമങ്ങൾ ജനോപകാര പ്രദമായ രീതിയിൽ ക്രോഡീകരിക്കണമോ? ഏകീകൃത സിവിൽ കോഡ് ലിംഗ സമത്വം ഉറപ്പ് വരുത്തുമോ? ബഹു ഭാര്യാത്വം, ബഹുഭർത്തൃത്വം എന്നിവ നിർത്തലാക്കണമോ? നിയന്ത്രിക്കണമോ? മുത്ത്വലാഖ് നിർത്തലാക്കണമോ? വിവാഹ മോചനത്തിന് ക്രിസ്ത്യാനികൾക്ക് രണ്ട് വർഷം കാത്തിരിക്കണം എന്ന നിയമം ക്രിസ്ത്യൻ സ്ത്രീകളുടെ സമത്വത്തിനുള്ള അവകാശം ലംഘിക്കുന്നതല്ലേ? എല്ലാവർക്കും ഒരേ വിവാഹ മോചന നിയമം വരുത്തിന് താങ്കൾ അനുകൂലിക്കുമോ? തുടങ്ങി 16 ചോദ്യങ്ങളാണ് ലോ കമ്മീഷൻ ചോദിച്ചിരിക്കുന്നത് (ചോദ്യങ്ങളുടെ പൂർണ രൂപം ലോ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലുണ്ട്.)

ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കാൻ ശ്രമിക്കുന്ന ബിജെപി സർക്കാറിന്റെ ഉദ്ദേശ്യ ശുദ്ധിയെയാണ് മുസ്‌ലിംകൾ ഭയപ്പെടുന്നത്. ഹിന്ദുത്വമാണ് തങ്ങളുടെ ദേശീയ സങ്കൽപ്പം എന്ന് പറയുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ഉദ്ദേശ്യ ശുദ്ധിയെ മുസ്‌ലിം ന്യൂനപക്ഷങ്ങൾ സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല. നമ്മുടെ രാജ്യം ഒരു മതേതര രാജ്യമാണെന്ന് (സെക്കുലർ) ഭരണ ഘടന പ്രഖ്യാപിച്ചിട്ടും മതവിശ്വാസങ്ങൾക്കനുസരിച്ച് ഇന്ത്യയിലെ മത ന്യൂന പക്ഷങ്ങൾക്ക് ജീവിക്കാനുള്ള സ്വാതന്ത്ര്യം മഹാന്മാരായ നമ്മുടെ ഭരണ ഘടനാ ശിൽപ്പികൾ ഈ രാജ്യത്തെ ജനങ്ങൾക്ക് ഉറപ്പു നൽകിയതാണ്. ആശയ പ്രചാരണത്തിനും സംഘടിക്കാനുള്ള അവകാശങ്ങൾക്കും നമ്മുടെ മൗലികാവകാശങ്ങൾ ഉറപ്പ് നൽകിയിട്ടുണ്ട്. അതിന്റെ വിശാലാർഥത്തിൽ മതസ്വാതന്ത്ര്യവും ഉൾപ്പെടും. എന്നിട്ടും മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച് വ്യക്തത വരുത്താൻ പ്രത്യേകമായി 25 മുതൽ 28 വരെ വകുപ്പുകൾ നമ്മുടെ ഭരണഘടനയിൽ എഴുതി ചേർത്തത് നമ്മുടെ രാഷ്ട്ര ശിൽപ്പികളുടെ മതങ്ങളോടും മതന്യൂനപക്ഷങ്ങളോടുമുള്ള അഗാധമായ ആദരവും സഹാനുഭൂതിയും വിശാല മനസ്കതയുമാണ് കാണിക്കുന്നത്. ഈ മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പ് നൽകുന്ന പൗരന്റെ അന്തസ്സിനും ലിംഗനീതിക്കും സമത്വത്തിനുമുള്ള സംരക്ഷണം ഉറപ്പ് നൽകുന്നുണ്ടോ എന്ന് നോക്കേണ്ട ചുമതലയും ഭരണ ഘടനക്കും അത് നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ട രാഷ്ട്രത്തിനുമുണ്ട്. മതാചാരങ്ങളുടെ അടിസ്ഥാനത്തിലുള്ള വ്യക്തി നിയമത്തിന്റെ പേരിൽ എന്തും ആകാമെന്ന നില ഒരിക്കലും വന്നുകൂടാ. മതത്തിന്റെ പേരിൽ ഭീകരമായി മനുഷ്യാവകാശങ്ങൾ പോലും ധ്വംസിക്കപ്പെടുന്ന ഇക്കാലത്ത് പൗരന്റെ സമത്വവും സ്വാതന്ത്ര്യവും അന്തസ്സും പുലരുന്നുണ്ടോ എന്ന് അവലോകനം ചെയ്യാനും ഉറപ്പു വരുത്താനും രാഷ്ട്രത്തിന് ബാദ്ധ്യതയുണ്ട്. അത്തരം നിയമങ്ങൾ പരിഷ്ക്കരണത്തിനായി ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് ആ നിയമങ്ങൾ പാലിക്കുന്ന മത സമൂഹങ്ങൾക്കിടയിൽ സംവാദങ്ങളും ചർച്ചകളും പൊതു ജനങ്ങൾക്കിടയിൽ നടത്തുന്നതും സ്വാഭാവികമാണ്. ആ മതനിയമങ്ങൾ അത് ആചരിക്കുന്നവർ പൊതു സമൂഹത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനും തെറ്റിദ്ധാരണങ്ങൾ നീക്കാനും ഇത്തരം വിവാദങ്ങൾക്ക് സാദ്ധ്യമാണ്. തീർച്ചയായും യഥാർഥ ഇസ്‌ലാമിക നിയമങ്ങൾ ഏതൊരു കുടുംബ നിയമങ്ങളേക്കാളും മാനവീയവും പ്രായോഗികവുമാണ്. ഇവിടെ മൂന്ന് ഘട്ടങ്ങളായി പല നിഷ്ക്കർഷകളോടെയും നടപ്പാക്കേണ്ട തലാഖ് ഒറ്റ ശ്വാസത്തിൽ മൂന്നും ചൊല്ലി നടത്തുന്ന മുത്ത്വലാഖ് സമ്പ്രദായം പ്രാഥമികമായി ഇസ്‌ലാമിന്റെ മൂല പ്രമാണമായ വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. ആ ദുരാചാരം നിർമാർജ്ജനം ചെയ്യേണ്ടത് ഗവൺമെന്റിനേക്കാൾ ആവശ്യം ഇസ്‌ലാം മതത്തിനാണ്. മുസ്‌ലിംകളിൽ തന്നെയുള്ള നിരവധി പണ്ഡിതന്മാരും സംഘടനകളും മുത്ത്വലാഖ് നിരോധിക്കണമെന്ന് ആവശ്യക്കാരാണ്. മതയാഥാസ്ഥിതികരുടെ രാവണൻ കോട്ടയായ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് യാതൊരു കാരണവശാലും മുത്ത്വലാഖിൽ കൈവ

ക്കാൻ ആരെയും അനുവദിക്കില്ല എന്ന നിലപാടാണ് എടുത്തിട്ടുള്ളത്. മുസ്‌ലിംകളുടെ മതനിയമങ്ങളോട് നീതി പുലർത്തുന്ന പല നന്മകളും ഉൾക്കൊള്ളുന്ന മുസ്‌ലിം വ്യക്തി നിയമം പരിഷ്ക്കരിക്കുന്നതിന് പകരം മുഴുവൻ നിരോധിച്ച് ഏകീകൃത സിവിൽ കോഡ് പകരം കൊണ്ടുവരാനുള്ള ബി ജെ പി സർക്കാറിന്റെ ശ്രമങ്ങൾക്ക് ആക്കം കുട്ടുകയാണ് പേഴ്സണൽ ലോ ബോർഡിന്റെ ഇത്തരം നിലപാടു കളുടെ ഫലമായി സംഭവിക്കാൻ പോവുന്നത്.

ഇസ്‌ലാമിന്റെ വിവാഹ നിയമ ങ്ങളെല്ലാം അപരിഷ്കൃതമാണെന്ന് പറയുന്ന ഏകീകൃത സിവിൽ കോഡുകാർ അവരുടെ ഇക്കാര്യ ത്തിലുള്ള അജ്ഞതയും നീതി നിയമങ്ങള പറ്റിയുള്ള വകതിരിവി ല്ലായ്മയുമാണ് വ്യക്തമാക്കുന്നത്. വിവാഹ മോചനം എല്ലാ പുരോഗ മന മതേതര സിവിൽ സമൂഹങ്ങളും ഉന്നതരായ നിയമ പണ്ഡി തന്മാരും അംഗീകരിച്ച ഒരു നീതി സങ്കൽപ്പ മാണ്. വിവാഹ മോചനം മതപര മായി അംഗീകരിച്ച മതമാണ് ഇസ്‌ലാം. ഏത് ആധുനിക സിവിൽ നിയമങ്ങളേക്കാളും യുക്തി ഭദ്രവും നീതി പൂർണവും മാനവീയവും പ്രായോഗികവുമാണ് ഇസ്‌ലാമിലെ വിവാഹ മോചന വ്യവസ്ഥയും അതിനുള്ള നിയമങ്ങളും. മറ്റു മതങ്ങളിൽ വിവാഹം എന്നത് ഒരിക്കലും വേർപെടുത്താൻ കഴിയാത്തതും അലംഘനീയവു മായ വിശുദ്ധ ബന്ധമാണ് (Sacrament). ഇസ്‌ലാമിൽ വിവാഹം എന്നത് ഒരിക്കലും വേർപെടു ത്താൻ പറ്റാത്ത ഒരു വിശുദ്ധ ബന്ധമല്ല. ഒരു സിവിൽ കരാർ പ്രകാരമുള്ള സ്ത്രീപുരുഷ സമാഗ മമാണ്. ഇതാണ് മറ്റു വിവാഹ സമ്പ്രദായങ്ങളേക്കാൾ ഇസ്‌ലാമിക വിവാഹത്തെ പുരോഗമനമാക്കുന്ന ത്. തത്വത്തിൽ വികസിത സെക്കുലർ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പറയുന്നത് പോലെ ഇഛാധിഷ്ഠിത ബന്ധം (Voluntary Union) ആണ് പക്ഷേ ഖുർആൻ ആ കരാറിനെ **'ബലവത്തായ കരാർ'** (മീസാക്കൻ ഗലീളാ) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. മാത്രമല്ല ആ ബന്ധം സ്വർഗീയ സുന്ദരമാക്കാൻ അനവദ്യ സുരഭില മായ ജീവിത മാതൃകകളും അദ്ധ്യാപനങ്ങളും മുഹമ്മദ് നബി (സ) മുസ്‌ലിംകൾക്ക് നൽകിയിട്ടു മുണ്ട്.

അനന്ത വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും അഭിരുചികളു മുള്ള രണ്ട് വ്യക്തികൾ വിവാഹി തരായി മുന്നോട്ടു പോകുമ്പോൾ ജീവിതത്തോട് പ്രതിജന ഭിന്നമായ രീതിയിലായിരിക്കും പ്രതികരിക്കു ക. പൊരുത്തമില്ലായ്മയേയും സ്വരഭംഗങ്ങളേയും ഇണക്കത്തോ ടും പൊരുത്തത്തോടും കൂടി യോജിപ്പിച്ച് സ്നേഹസാന്ദ്രമായി മുന്നോട്ടു കൊണ്ടു പോകുന്ന കലയാണ് വാസ്തവത്തിൽ ദാമ്പത്യ ജീവിതം. വിവാഹ ബന്ധം ഏതവസരത്തിലും ഉലയാതെ നില നിർത്തണമെന്നാണ് ഇസ്‌ലാമിന്റെ താൽപര്യം റസൂൽ തിരുമേനി (സ) പറഞ്ഞു: ***'വിവാഹ മോചനത്തേ ക്കാൾ അല്ലാഹുവിന് കൂടുതൽ വെറുപ്പുള്ള ഒരു കാര്യവും അനുവദനീയ മാക്കിയിട്ടില്ല.' (അബൂദാവൂദ്)***

ദമ്പതിമാർക്കിടയിൽ സ്വരചേർ ച്ചയില്ലായ്മയും പൊരുത്തക്കേടു കളും ഉടലെടുക്കുക എന്നത് ഒരു യാഥാർഥ്യമാണ്, പ്രത്യേകിച്ച് ആധുനിക കാലത്ത്. അങ്ങനെ മാനസികമായ അകൽച്ചയിൽ നീറിപ്പുകയുന്ന ദമ്പതികളുടെ ജീവിതം നരക തുല്യമായി മാറുന്നു. ഈ ഘട്ടത്തിൽ അവരെ വിവാഹ ബന്ധത്തിൽ നിന്ന് മോചിപ്പിച്ച് സ്വതന്ത്രരാക്കുകയാണ് ആ ദമ്പതിക ളോട് ചെയ്യുന്ന ദൈവിക നീതി. ഹിന്ദുമതപ്രകാരം വിവാഹം ഒരു സാക്രമെന്റ് അഥവാ വേർപെടു ത്താൻ പറ്റാത്ത വിശുദ്ധ ബന്ധ മാണ്. അഗ്നി ദേവനെ സാക്ഷിയാ ക്കി ദേവഗണങ്ങളുടെ സാന്നിദ്ധ്യ ത്തിൽ മംഗല്യസൂത്ര മണിഞ്ഞു ബന്ധിക്കപെട്ട വിവാഹം വേർപിരി യാൻ പാടില്ല എന്നാണ് ഹിന്ദു സങ്കൽപ്പം. സഹസ്രാബ്ദങ്ങൾക്ക് ശേഷം 1955 ൽ മാത്രമാണ് സെക്കുലർ ഇന്ത്യയിലെ Hindu Marriage Act, 1955 എന്ന നിയമ നിർമ്മാണത്തിലൂടെ പരാജയപ്പെട്ട ഹിന്ദു ദാമ്പത്യങ്ങൾക്ക് വിവാഹ മോചനം അനുവദിക്കപ്പെട്ടത്. ആ നിയമത്തിലെ സെക്ഷൻ 13 ലാണ് വിവാഹ മോചന വ്യവസ്ഥകളെ സംബന്ധിച്ച് പറയുന്നത്. വ്യഭി ചാരം, ക്രൂരത, രണ്ട് വർഷത്തേക്ക് ഉപേക്ഷിക്കൽ, മതപരിവർത്തനം, മാനസിക രോഗം, ലൈംഗിക രോഗങ്ങൾ, കുഷ്ഠരോഗബാധ, ഏഴ് വർഷത്തിലധികം ഇണയെ സംബ ന്ധിച്ച് യാതൊരു വിവരവും ഇല്ലാതിരിക്കുക, ഭർത്താവ് മറ്റൊരു വിവാഹം കഴിക്കുക, ഭർത്താവ് ബലാൽ സംഗം, സ്വവർഗ രതി എന്നീ കുറ്റങ്ങളിൽ പ്രതിയാവുക എന്നീ കാരണങ്ങളാൽ വിവാഹ മോചനം അനുവദിക്കപ്പെടും. പക്ഷേ ഈ കാരണങ്ങൾ തെളിയി ക്കുക എന്നത് അന്യായക്കാര നെയോ അന്യായക്കാരിയേയോ സംബന്ധിച്ചിടത്തോളം ഒരു ഭഗീരഥ നിയമ യജ്ഞവും പലപ്പോഴും അസാദ്ധ്യവുമാണ്.

ദാമ്പത്യം ഭൂമിയിലെ നരകമായി തീർന്നാലും ക്രിസ്തീയ നിയമ പ്രകാരം വിവാഹ മോചനം പാപമാണ്. അവർക്ക് വിവാഹ മോചനം ലഭിക്കാൻ ഒന്നുകിൽ ഭാര്യ വ്യഭിചാരിയാവണം അല്ലാത്ത പക്ഷം ഭാര്യ ഇല്ലാതാവണം. അത്രയും കർക്കശ സ്വരത്തിലാണ് യേശു വിവാഹ മോചനത്തെ അപലപിച്ചത്. ***'ചാരിത്ര ലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യ യെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിയാക്കുകയാണ്. അങ്ങ നെ ഉപേക്ഷിക്കപ്പെട്ടവളെ വിവാ ഹം ചെയ്യുന്നവനും വ്യഭിചരിക്കു ന്നു.' (മത്തായി 5:32)*** ബൈബിൾ മറ്റൊരു വചനത്തിൽ ഇങ്ങനെ കാണാം. ***'അതിനാൽ പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനു ഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ.'***

*(മാർകോസ് 10:9).* 1960 വരെ അമേരിക്കയിൽ ന്യൂയോർക്ക് സ്റ്റേറ്റിൽ വ്യഭിചാര കുറ്റം ചെയ്താലല്ലാതെ വിവാഹ മോചനം അനുവദിച്ചിരുന്നില്ല. 1995 ലാണ് കത്തോലിക്കർക്ക് പ്രാമുഖ്യമുള്ള അയർലണ്ടിൽ വിവാഹ മോചനം നിലവിൽ വന്നത്. അതേ സമയം വിവാഹ മോചന നിരക്ക് എറ്റവും കൂടുതലുള്ളത് പാശ്ചാത്യ സമൂഹ ത്തിലാണ്. അമേരിക്കൻ വിവാഹ മോചന നിരക്ക് നമ്മെ ഞെട്ടിക്കും. അവിടെ നടക്കുന്ന വിവാഹത്തിന്റെ 40 മുതൽ 50 ശതമാനം വരെയാണ് മോചന നിരക്ക്. ഇപ്പോഴത്തെ പാശ്ചാത്യൻ ട്രെന്റ് മറ്റൊന്നാണ്. വിവാഹം കഴിച്ചെങ്കിലല്ലേ വിവാഹ മോചനമുള്ളൂ. അതുകൊണ്ട് വിവാഹത്തിന്റെ നിയമപരമായ ഉത്തരവാദിത്വങ്ങളൊന്നുമില്ലാതെ അനുഭൂതികളുടെ ലോകത്ത് സഹജീവനം (കോ ഹെബിറ്റേഷൻ) നടത്താനാണ് അവിടുത്തെ യുവാക്കളായ സ്ത്രീ പുരുഷന്മാർ ഇഷ്ടപ്പെടുന്നത്. കുട്ടികളുണ്ടായാൽ മാത്രം വിവാഹം കഴിച്ച് രജിസ്റ്റർ ചെയ്യും.

ഇന്ത്യയിലെ ക്രിസ്ത്യൻ വിവാഹ മോചന നിയമം 1889-ൽ ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. ഏകദേശം ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ആ വിവാഹ മോചന നിയമം ഏറെക്കുറേ 1955-ലെ ഹിന്ദു വിവാഹ നിയമത്തിലെ ഡയ്‌വോഴ്സിനുള്ള കാരണങ്ങൾ തന്നെയാണ് വിവാഹ മോചനത്തിനുള്ള ഉപധികളായി പറയുന്നത്. എങ്കിലും ഹിന്ദുക്കൾ വിവാഹ മോചനത്തിനായി വേർപിരിഞ്ഞ് ഒരു വർഷമിരിക്കുമ്പോൾ ക്രിസ്ത്യാനികൾക്ക് വേർപിരിഞ്ഞിരിക്കുന്ന കാലം രണ്ട് വർഷമാണ്. ഇത് മാറ്റി ഒരു വർഷമാക്കാൻ മോഡി ഗവൺമെന്റ് നടപടി എടുക്കുന്നു എന്ന് കേൾക്കുന്നു.

ത്വലാഖ് ഒരു യാഥാർഥ്യമായി അംഗീകരിക്കുന്ന വിശുദ്ധ ഖുർആൻ അത് നടപ്പിലാക്കാൻ വ്യവസ്ഥാപിതവും വ്യക്തവുമായ മാർഗനിർദേശവും നൽകിയിട്ടുണ്ട്. ത്വലാഖിന് അനുവാദമുണ്ട് എന്ന് കരുതി വിവാഹ മോചനം ഇസ്‌ലാമിൽ ഏറ്റവും എളുപ്പത്തിൽ നടത്തിക്കളയാവുന്ന ഒരു കാര്യമല്ല. വിവാഹ മോചനം അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളുന്നതും അനുവദിക്കപ്പെട്ടതിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരവുമായ കാര്യ മാണെന്നാണ് റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനം. അതിനായുള്ള വ്യക്തമായ മാർഗ്ഗ രേഖകളും ഇസ്‌ലാമിക ശരീഅത്തിലുണ്ട്. അനുരഞ്ജനത്തിനുള്ള എല്ലാ വഴികളും ആരാഞ്ഞ ശേഷമാണ് ത്വലാഖിലേക്ക് കടക്കുക. അതിനുള്ള മധ്യസ്ഥ ശ്രമങ്ങളും അതിന് നിശ്ചിച്ച പല ഉപാധികളും ബന്ധുക്കളാണ് നിർവഹിക്കേണ്ടത്. ത്വലാഖിനോടനുബന്ധിച്ച് നിശ്ചയിച്ച സാമാന്യം സുദീർഘമായ കാല ഘട്ടമാണ് ഇദ്ദ. (ഇദ്ദ – മൂന്ന് ശുദ്ധികാലം) ത്വലാഖ് ഇല്ലാതാക്കി അനുരഞ്ജനത്തിന്റെ പാതയിൽ വരാനുള്ള ഒരു സംവിധാനം കൂടിയാണ് ഇദ്ദ. മൂന്ന് ഘട്ടങ്ങളായി സമയബന്ധിതമായി പുരോഗിക്കുന്നതും ഇടയിൽ അനുരഞ്ജന മദ്ധ്യസ്ഥ ശ്രമങ്ങൾ നടക്കുന്നതും പല നിബന്ധനകളും ഉപാധികളുമുള്ളതുമായ സാമാന്യം ദീർഘമായ പ്രക്രിയയാണിത്. ഖുർആൻ പറയുന്നു: ***'നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ അവരുടെ ഇദ്ദ (നിശ്ചിതകാലാവധി) യുടെ സമയമനുസരിച്ച് വിവാഹ മോചനം ചെയ്യുക. ഇദ്ദ (യുടെ ദിനങ്ങൾ) കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്ന് നിങ്ങളവരെ പുറത്താക്കരുത്. അവർ സ്വയം പുറത്ത് പോകുകയുമരുത്' (65:2) 'വിവാഹ മോചിതരായ സ്ത്രീകൾ മൂന്നു ആർത്തവകാലം അവരെ സ്വയം നിയന്ത്രിച്ചു കാത്തിരിക്കേണ്ടതാണ്. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ (മൂന്ന് ആർത്തവ കാലത്തെ കാലയളവിൽ അഥവാ മൂന്ന് മാസത്തിനുള്ളിൽ) അവരെ തിരിച്ചെടുക്കുന്നതിൽ കൂടുതൽ അവകാശമുള്ളത് അവരാണ് (ഭർത്താക്കന്മാർക്ക്)' (2:229)*** വിശുദ്ധ ഖുർആനിലെ മറ്റു നിരവധി സൂക്തങ്ങളിലും ത്വലാഖിനുള്ള വ്യക്തമായ മാർഗ നിർദ്ദേശങ്ങളുണ്ട്.

ചുരുക്കത്തിൽ മുസ്‌ലിംകളൊഴികെ മറ്റു മതസ്ഥർക്ക് വിവാഹ മോചനം എന്നത് മുമ്പ് പ്രസ്താവിച്ച കാരണങ്ങൾ കോടതിയിൽ ബോധിപ്പിച്ച് തെളിയിക്കേണ്ട ഒരു നിയമ പ്രശ്നമാണ്. എന്നാൽ മുസ്‌ലിം വ്യക്തിനിയമത്തിൽ വിവാഹ മോചനത്തിനുള്ള കാരണം കോടതിയിൽ തെളിയിക്കുകയോ ബോധിപ്പിക്കുകയോ വേണ്ട. സ്ത്രീക്കും പുരുഷനും വിവാഹ ബന്ധം വേർപെടുത്താനുള്ള അനുവാദം ശരീഅത്ത് നൽകുന്നു. മാനസിക പൊരുത്തമില്ലായ്മ എന്നത് പലപ്പോഴും നിയമം പറയുന്ന കാരണങ്ങൾക്കെല്ലാം അതീതമായിക്കും. ദമ്പതിമാർക്കിടയിലെ സ്വകാര്യതകൾ കോടതി മുറികളിൽ വാദപ്രതി വാദം നടത്തി തെളിയിക്കേണ്ടത് ഒരു നിർഭാഗ്യകരമായ അവസ്ഥയാണ്. വിവാഹ മോചനം മതപരമായ ഒരു പാപ കൃത്യമായി കാണുന്ന ഹിന്ദു ക്രിസ്ത്യൻ സമൂഹങ്ങളിൽ കോടതി മുഖേന വിവാഹ മോചിതരായ വിഭാര്യമാർക്കും വിധവകൾക്കും പുനർ വിവാഹവും ഒരു പ്രശ്നമാണ്. കോടതി വിവാദങ്ങളിൽ പരസ്യമാവുന്ന അവരുടെ സ്വകാര്യ ദൗർബല്യങ്ങൾ ഒരു പക്ഷേ പുനർ വിവാഹത്തിന് തടസ്സം നിൽക്കുന്നതുമായിരിക്കും. മനുഷ്യ ജീവിതത്തിന്റെ യാഥാർഥ്യങ്ങൾ കണ്ടറിഞ്ഞ ഇസ്‌ലാം പതിനാല് നൂറ്റാണ്ടുകളായി അനുവർത്തിച്ചു വരുന്ന വിവാഹ മോചന നിയമത്തിന്റെ ഗുണഭോക്താക്കളാണ് ആധുനിക ലോകത്തുള്ള വികസിത സിവിൽ സമൂഹങ്ങളും മറ്റു മതവിശ്വാസികളും. എന്നിട്ടും പഴി ഇസ്‌ലാമിനും മുസ്‌ലിം ശരീഅത്തിനും തന്നെ. വിവാഹം

വേർപ്പെടുത്തനാവാത്ത ഒരു വിശുദ്ധ ബന്ധമല്ലെന്നും അത് ബലവത്തും പാവനവുമായ ഒരു കരാർ ആണെന്നുമാണ് ഇസ്‌ലാം പറയുന്നത്. കരാർ പാലനത്തിൽ ഇരു കക്ഷികളിലൊരാൾ ഭംഗം വരുത്തുകയും പരിഹരിക്കാൻ പറ്റാത്ത വിധം അകൽച്ചയുണ്ടാക്കുകയും ചെയ്താൽ ബന്ധം വേർപെടുത്താവുന്നതാണെന്നുള്ള പുരോഗമനാത്മകമായ വീക്ഷണം പതിനാല് നൂറ്റാണ്ടുകൾക്ക് ഇസ്‌ലാം നൽകിയത്. മറ്റു സിവിൽ കരാറുകൾ പോലെ ഉപാധികൾ പാലിച്ചില്ലെങ്കിൽ വിവാഹ കരാറും ദുർബലമാകും എന്നാണ് ഇസ്‌ലാം പറയുന്നത്. ഇതാണ് ഇസ്‌ലാമിലെ വിവാഹ മോചനത്തിന്റെ ഏറ്റവും പുരോഗമന വശം. ഒരൊറ്റശ്വാസത്തിൽ മൂന്ന് തലാഖും ചൊല്ലി ബന്ധം വിഛേദിക്കുന്ന അൽപ്പന്മാരായ തലാഖ് വീരന്മാരും അതിന് ചൂട്ടു പിടിക്കുന്ന മുല്ലാ വർഗവുമാണ് ഇസ്‌ലാമിന്റെ ഈ സുന്ദരമായ സംവിധാനത്തെ വികലമാക്കുന്നത്. നിർഭാഗ്യവശാൽ ഇസ്‌ലാമിന്റെ തലാഖ് നിയമങ്ങളുടെ സ്പിരിറ്റിന് യോജിക്കാത്ത ഈ നിയമം ഇന്ത്യയിലെ മുസ്‌ലിം പേഴ്സണൽ ലോ യിൽ നിൽക്കുന്നു. അത്തരം മനുഷ്യത്വ വിരുദ്ധവും സ്ത്രീ വിരുദ്ധവുമായ നിയമങ്ങൾ ദുർബലമായ ഹദീസുകളുടെ അടിസ്ഥാനത്തിൽ പല മുസ്‌ലിം രാജ്യങ്ങളും ഉപേക്ഷിക്കുകയും തിരുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ മുത്ത്വലാഖ് ഒരിക്കലും മാറ്റില്ല എന്ന ഇന്ത്യയിലെ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിലെ പടുയാഥാസ്ഥിതകന്മാരുടെ മർക്കടമുഷ്ടിയാണ് ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ ലോക വ്യാപകമായി വിമർശനം വിളിച്ചു വരുത്തുന്നത്.

അടുത്ത് നടക്കുന്ന ഉത്തർ പ്രദേശ് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് ഏകീകൃത സിവിൽ കോഡിനായി രാഷ്ട്രീയ ലക്ഷ്യത്തോടെ ബി ജെ പി കാമ്പെയിൻ നടത്തുന്നത് എന്ന് വ്യക്തമാണ്. അതിന്റെ ഭാഗമായി മുസ്‌ലിം വ്യക്തി നിയമത്തിലെ വിവാഹ മോചനത്തിനും ബഹുഭാര്യാത്വത്തിനും എതിരെ വിമർശനം നടത്തിയാണ് ആദ്യം ബി ജെ പി പ്രചാരണം കൊഴുപ്പിച്ചത്. വിവാഹ മോചനം ആധുനിക സമൂഹത്തിന്റെ അനിവാര്യമായ ഒരാവശ്യമാണ് എന്ന് പതിയെ ബോദ്ധ്യപ്പെട്ട ബി ജെ പി മെല്ലെ ചുവടു മാറി.. അത്പോലെ ബഹുഭാര്യാത്വവും ബി ജെ പിക്ക് അത്ര സുഖമുള്ള മുസ്‌ലിം വിമർശന വിഷയമല്ല. കാരണം പുരാണേതിഹാസങ്ങളിലെ അധിക മതപുരുഷന്മാരും കഥാനായകന്മാരും ബഹു പത്നിമാരുള്ളവരാണ്. നാം ജീവിക്കുന്ന സമകാലീന ലോകത്ത് ബി ജെ പി, എം പി യായ ഹേമമാലിനിയുടെ ഭർത്താവും സിനിമാ നടനുമായ ധർമ്മേന്ദ്ര രണ്ട് ഭാര്യമാരുള്ളയാളാണ്. കേന്ദ്ര മന്ത്രി രാം വിലാസ് പസ്വാനും ഉണ്ട് രണ്ട് കളത്രങ്ങൾ. യു പി മുൻ മുഖ്യമന്ത്രി ശ്രീ മൂലായം സിംങ്ങ് യാദവും രണ്ട് ഭാര്യമാരുള്ള ആളാണ്. ഈ ജീവിച്ചിരിക്കുന്ന ബഹുപത്നീ കേസരികൾ ഉണ്ടായിരിക്കെ ഇസ്‌ലാം മതത്തെ ബഹു ഭാര്യാത്വത്തിന്റെ പേരിൽ കുറ്റപ്പെടുത്തുന്നത് അത്ര പന്തിയല്ല എന്ന് കണ്ടപ്പോഴായിരിക്കാം ബി ജെ പി മുത്ത്വലാഖിൽ കയറിപിടിച്ചത്. മാത്രമല്ല ബഹുഭാര്യാത്വത്തെ പറ്റിയുള്ള സർവേ അവസാനമായി നടന്നത് 1960 ലാണ്. ആ സർവേയിൽ മുസ്‌ലിംകളേക്കാൾ (5.78 %) അൽപ്പം കൂടുതൽ ബഹുഭാരാത്വം ആചരിക്കുന്നത് ഹിന്ദുക്കളാണ് (5.80%) ഹിന്ദുക്കളിൽ ആദിവാസികളിൽ 15.25 ശതമാനമാണ് ബഹുഭാര്യാത്വ നിരക്ക്. (End polygamy, Muslim woman pleads with SC. The Times Of India. 2001-05-12) . അതിനാൽ ബഹു ഭാര്യാത്വത്തിന്റെ കണക്കുകൾ ഉദ്ധരിച്ച് ഏകീകൃത സിവിൽ കോഡിന് വേണ്ടി പ്രചാരണം നടത്താൻ സാദ്ധ്യമല്ല. അപ്പോൾ പ്രചാരണത്തിന്ന് നല്ലത് മുത്ത്വലാഖ് തന്നെ എന്ന് തീരുമാനിച്ചതായിരിക്കാം ഇപ്പോഴത്തെ മുത്ത്വലാഖ് ഏകീകൃത സിവിൽ കോഡിന് ആധാരം. മുത്തലാഖ് തീർച്ചായും മാറ്റേണ്ട ഒരു ദുരാചാരമാണ്. പക്ഷേ മുസ്‌ലിം വ്യക്തി നിയമത്തിൽ യാതൊന്നും തൊടാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് ലോ കമ്മീഷനെ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുന്ന മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്, ഏകീകൃത സിവിൽ കോഡ് വരാനുള്ള വഴി എളുപ്പമാക്കുകയാണ് ചെയ്യുന്നത് എന്ന തിരിച്ചറിവ് മുസ്‌ലിം സമൂഹത്തിനുണ്ടാവണം. ●



എറണാകുളം മജ്‌ലിസ് അൻസാറുല്ലായുടെ നേതൃത്വത്തിൽ ഒക്ടോബർ 23-ാം തീയതി പള്ളുരുത്തി അഗതി മന്ദിരത്തിലെ അന്തേവാസികൾക്ക് വസ്ത്രങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്യുന്നു.

Published on 7.11. 2016

Pages 44

Vol: 88 Issue. 11

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2015-17

Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

The Sathyadoothan Monthly



വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com